വാല്യം 6, ലക്കം 21

# ന്യൂ ഇന്ത്യ സമാചാർ

മെയ് 1–15, 2026

സൗജന്യവിതരണത്തിന്



പകുതി ജനസംഖ്യ, പൂർണ അവകാശങ്ങൾ

## സംവരണത്തിനു ഗവണ്മെന്റ് പ്രതിജ്ഞാബദ്ധം

പാർലമെന്റിലെ അംഗബലം വനിതാശാക്തീകരണത്തിനു തടസ്സമായെങ്കിലും, 33% സംവരണം നടപ്പാക്കാനുള്ള തീരുമാനത്തിൽ കേന്ദ്രം ഉറച്ചുനിൽക്കുന്നു. പകുതി ജനസംഖ്യയുടെ അവകാശങ്ങൾക്കായുള്ള പോരാട്ടം ഇപ്പോൾ നിർണായക ഘട്ടത്തിൽ എത്തിയിരിക്കുന്നു.

ഇ-പകർപ്പിനായി

അന്താരാഷ്ട്ര കുടുംബദിനം | മെയ് 15

# കുടുംബമൂല്യങ്ങൾ പരിപാലിക്കാം

***കരുത്തുറ്റ രാഷ്ട്രം കെട്ടിപ്പടുക്കുന്നതിൽ കുടുംബം എന്ന സ്ഥാപനത്തിനു സമാനതകളില്ലാത്ത പങ്കുണ്ട്. വ്യക്തിയുടെ വളർച്ചയ്ക്കു മാത്രമല്ല, സമൂഹത്തിന്റെ പുരോഗതിക്കും ഇതു കരുത്തേകുന്നു. ഇന്ത്യയിൽ വ്യക്തിബന്ധങ്ങൾക്കും കുടുംബസംവിധാനത്തിനും ഏറ്റവും ഉയർന്ന പരിഗണനയാണു നൽകി വരുന്നത്. ലോകം മുഴുവൻ ഒരു കുടുംബമാണെന്നാണ് ഇന്ത്യ വിശ്വസിക്കുന്നത് എന്ന യാഥാർഥ്യം അന്താരാഷ്ട്ര കുടുംബദിനത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്നു. "നമ്മെ നയിക്കുന്ന ഏക തത്വം 'വസുധൈവ കുടുംബകം' എന്നതാണ്"എന്നു പ്രധാനമന്ത്രി മോദി പലപ്പോഴായി പ്രസ്താവിച്ചിട്ടുണ്ട്.***

**2026-ലെ അന്താരാഷ്ട്ര കുടുംബ ദിനത്തിന്റെ പ്രമേയം "കുടുംബങ്ങൾ, അസമത്വങ്ങൾ, കുട്ടികളുടെ ക്ഷേമം" എന്നതാണ്**

മെയ് 15-ന് ആചരിക്കുന്ന അന്താരാഷ്ട്ര കുടുംബദിനം, ലോകമെമ്പാടുമുള്ള കുടുംബങ്ങൾ, വ്യക്തികൾ, സമൂഹങ്ങൾ, സംസ്കാരങ്ങൾ എന്നിവയുടെ പ്രാധാന്യം ആഘോഷിക്കുന്നതിനുള്ള അവസരമാണ്.

ആഗോളതലത്തിൽ കുടുംബ ഐക്യം വളർത്തുന്നതിനും കുടുംബങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ചു സമൂഹത്തിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി ഐക്യരാഷ്ട്ര പൊതുസഭ പാസാക്കിയ പ്രമേയത്തെ തുടർന്നാണ് അന്താരാഷ്ട്ര കുടുംബ ദിനം ആചരിക്കുന്നത്.



**"140 കോടി ജനങ്ങൾ എന്റെ കുടുംബമാണ്. ഇന്ന്, ഈ രാജ്യത്തെ കോടിക്കണക്കിനു വരുന്ന പുത്രിമാരും അമ്മമാരും സഹോദരിമാരും 'മോദിയുടെ കുടുംബത്തിന്റെ' ഭാഗമാണ്. ഈ രാജ്യത്തെ ഓരോ പാവപ്പെട്ട വ്യക്തിയും എന്റെ കുടുംബമാണ്. മറ്റാരുമില്ലാത്തവർക്കു മോദിയുണ്ട്, അവർ മോദിയുടേതുമാണ്. 'എന്റെ ഇന്ത്യ, എന്റെ കുടുംബം' എന്ന വികാരം ഉൾക്കൊണ്ടുകൊണ്ട്, സ്വപ്നങ്ങൾ യാഥാർഥ്യമാക്കാനുള്ള ദൃഢനിശ്ചയത്തോടെ ഞാൻ നിങ്ങൾക്കായി ജീവിക്കുന്നു, നിങ്ങൾക്കായി പ്രയത്നിക്കുന്നു, അതു തുടരുകയും ചെയ്യും."**

***നരേന്ദ്ര മോദി, പ്രധാനമന്ത്രി***

## 140 കോടി ജനങ്ങൾ: പ്രധാനമന്ത്രി മോദിയുടെ കുടുംബം

- 2023 ഓഗസ്റ്റ് 15-ന് ചെങ്കോട്ടയുടെ കൊത്തളങ്ങളിൽ നിന്ന് രാജ്യത്തെ അഭിസംബോധന ചെയ്തപ്പോൾ, പതിവ് അഭിസംബോധനാരീതികളായ "സഹോദരീസഹോദരന്മാരേ" എന്നോ "നാട്ടുകാരേ" എന്നോ ഉള്ള പ്രയോഗങ്ങൾക്കു പകരം ഇതാദ്യമായി "140 കോടി കുടുംബാംഗങ്ങൾ" എന്നാണ് അദ്ദേഹം വിശേഷിപ്പിച്ചത്.
- 2024 മാർച്ചിൽ പ്രധാനമന്ത്രി മോദി ഈ 140 കോടി കുടുംബാംഗങ്ങൾക്കായി കത്തെഴുതുകയുണ്ടായി.
- സൈനികരെ സ്വന്തം കുടുംബമായി കരുതുന്ന അദ്ദേഹം, എല്ലാ വർഷവും ദീപാവലി ആഘോഷിക്കുന്നത് അവർക്കൊപ്പമാണ്.
- സ്വന്തമായി കുടുംബമില്ലാത്ത താങ്കൾ ആർക്കുവേണ്ടിയാണ് ഇത്ര കഠിനമായി അധ്വാനിക്കുന്നത് എന്ന ചോദ്യത്തിന്, "എന്റെ കുടുംബത്തിൽ 140 കോടി വ്യക്തികളുണ്ട് - അതുകൊണ്ടു തന്നെയാണു ഞാൻ കൂടുതൽ കഠിനാധ്വാനം ചെയ്യേണ്ടി വരുന്നത്" എന്നാണ് ഒരു ചടങ്ങിൽ പ്രധാനമന്ത്രി മോദി മറുപടി നൽകിയത്.

# ന്യൂ ഇന്ത്യ സമാചാർ

വാല്യം 6, ലക്കം 21 | മെയ് 1-15, 2026

എഡിറ്റർ ഇൻ ചീഫ്
**ധീരേന്ദ്ര ഓഝ**
**പ്രിൻസിപ്പൽ ഡയറക്ടർ ജനറൽ,**
**പ്രസ് ഇൻഫർമേഷൻ ബ്യൂറോ,**
**ന്യൂഡൽഹി**

സീനിയർ കൺസൽട്ടിങ് എഡിറ്റർ
**സന്തോഷ് കുമാർ**

സീനിയർ അസി. കൺസൽട്ടിങ് എഡിറ്റർ
**പവൻ കുമാർ**

അസി. കൺസൽട്ടിങ് എഡിറ്റർമാർ
**അഖിലേഷ് കുമാർ**
**ചന്ദൻ കുമാർ ചൗധരി**

ഭാഷാ എഡിറ്റർമാർ
**സുമിത് കുമാർ (ഇംഗ്ലീഷ്)**
**രജ്നീഷ് മിശ്ര (ഇംഗ്ലീഷ്)**
**നദീം അഹമ്മദ് (ഉറുദു)**

സീനിയർ ഡിസൈനർ
**ഫൂൽ ചന്ദ് തിവാരി**

ഡിസൈനർമാർ
**അഭയ് ഗുപ്ത**
**സത്യം സിങ്**




ന്യൂ ഇന്ത്യ സമാചാർ 13 ഭാഷകളിൽ വായിക്കാനായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക
https://newindiasamachar.pib.gov.in/news.aspx

ന്യൂ ഇന്ത്യ സമാചാർ പഴയ പതിപ്പുകൾക്കായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക
https://newindiasamachar.pib.gov.in.archive.aspx

*പതിവായി 'ന്യൂ ഇന്ത്യ സമാചാർ' വിവരങ്ങൾ ലഭിക്കാൻ –ൽ* **@NISPIBIndia** പിൻതുടരുക

# ഉൾപ്പേജുകളിൽ..........


## 33% വനിതാ സംവരണം
**ജനാധിപത്യ പ്രതിജ്ഞാബദ്ധതയുടെ**
## വിളംബരം...



പുതിയ ഇന്ത്യയും വനിതാ നേതൃത്വവും
കവർ സ്റ്റോറി

ജനാധിപത്യത്തിന്റെ ശ്രീകോവിലിൽ ഏപ്രിൽ 16 മുതൽ 18 വരെ നടന്ന പ്രത്യേക സമ്മേളനത്തിലൂടെ, 'നാരീശക്തി' നയിക്കുന്ന വികസന യാത്രയോടുള്ള അചഞ്ചലമായ പ്രതിജ്ഞാബദ്ധത കേന്ദ്ര ഗവണ്മെന്റ് ഒരിക്കൽ കൂടി പ്രഖ്യാപിച്ചിരിക്കുകയാണ്. ഓരോ വനിതയും സ്വപ്നം കാണുക മാത്രമല്ല, മറിച്ച് ആ സ്വപ്നങ്ങളെ യാഥാർഥ്യമാക്കുകയും, തന്റെ കരുത്ത്, ദൃഢനിശ്ചയം, സർഗാത്മകത എന്നിവയാൽ രാജ്യത്തിന്റെ ഭാവി പ്രകാശിപ്പിക്കുകയും ചെയ്യുന്ന പുതിയ പുലരിയിലേക്ക് 'പുതിയ ഇന്ത്യ' ഇപ്പോൾ ചുവടുവയ്പ് നടത്തിയിരിക്കുന്നു... |12-34

പ്രധാനമന്ത്രിയുടെ രാഷ്ട്രത്തോടുള്ള അഭിസംബോധന |35-36

**മഹാത്മാ ജ്യോതിറാവു ഫൂലെ**
**ഇന്ത്യയുടെ ദിവ്യമായ വഴിവിളക്ക്**



മഹാനായ സാമൂഹ്യപരിഷ്കർത്താവിന്റെ ഇരുനൂറാം ജന്മവാർഷികത്തോടനുബന്ധിച്ചു പ്രധാനമന്ത്രി നരേന്ദ്ര മോദി എഴുതിയ പ്രത്യേക ലേഖനം |6-7

ഓപ്പറേഷൻ സിന്ദൂർ: ഒന്നാം വാർഷികം
**സ്വയംപര്യാപ്ത പ്രതിരോധ സംവിധാനങ്ങളുടെ**
**പുതിയ യുഗപ്പിറവി**



ഇത് സൈനിക ദൗത്യത്തിന്റെ വാർഷികം മാത്രമല്ല, മറിച്ച് ഇന്ത്യയുടെ നിർണായകമായ സുരക്ഷാനയത്തിന്റെയും സായുധ സേനയുടെ അജയ്യമായ കരുത്തിന്റെയും അടയാളപ്പെടുത്തൽ കൂടിയാണ് |8-11

**വാർത്തകൾ ചുരുക്കത്തിൽ** | 4-5

**2026 ഖാരിഫ് കാലയളവിലെ രാസവളം സബ്സിഡി**
ജയ്പൂർ മെട്രോയുടെ വിപുലീകരണത്തിനു കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം | 37-39

**സുരക്ഷിത കുടുംബങ്ങൾ, ഉറപ്പുള്ള ഭാവി**
11 വർഷം പൂർത്തിയാക്കിയ മുൻനിര പദ്ധതികൾ: പി.എം.എസ്.ബി.വൈ, പി.എം.ജെ.ജെ.ബി.വൈ, എ.പി.വൈ |40-43

**പുരോഗതിയുടെയും പ്രകൃതിയുടെയും ഇടനാഴി: ഡൽഹി–ഡെറാഡൂൺ അതിവേഗപാത**
പ്രധാനമന്ത്രി മോദി ഡൽഹി-ഡെറാഡൂൺ ഇടനാഴി ഉദ്ഘാടനം ചെയ്തു |44-45

**രാജ്യസഭയിൽ ഉൽപ്പാദനക്ഷമത 110 ശതമാനത്തിലും ലോക്സഭയിൽ 93 ശതമാനത്തിലും എത്തി**
പാർലമെന്റിന്റെ ഇരുസഭകളും അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു | 50-52

**കർണാടക: തത്വചിന്തയിലും സാങ്കേതികവിദ്യയിലും സമ്പന്നം**
പ്രധാനമന്ത്രി മോദി ശ്രീഗുരു ദൈരവൈക്യ ക്ഷേത്രം ഉദ്ഘാടനം ചെയ്തു | 53

**വ്യക്തിത്വം: മേജർ ഹോഷിയാർ സിങ്**
പാകിസ്താൻ സൈന്യത്തെ തുരത്തിയോടിച്ചു | 54

മെയ് 1 പ്രത്യേക ലേഖനം: തൊഴിലാളി ദിനം
**ശ്രമേവ ജയതേ**

അന്താരാഷ്ട്ര തൊഴിലാളി ദിനത്തിൽ, തൊഴിൽ സേനയെ ശാക്തീകരിക്കുന്നതിനായുള്ള നിരന്തര ശ്രമങ്ങളെക്കുറിച്ചുള്ള പ്രത്യേക റിപ്പോർട്ട്... |46-49





**Published:** Kanchan Prasad, Director General, on behalf of Central Bureau of Communication
**Communication Address :** Room No–1077, Soochna Bhawan, CGO Complex, New Delhi -110003.
**E-Mail : response-nis@pib.gov.in, RNI No. :** DELENG/2020/78811

# പത്രാധിപക്കുറിപ്പ്...

## 33% വനിതാ സംവരണം
## യാഥാർഥ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ

നമസ്കാരം,

यत्र नार्यस्तु पूज्यन्ते रमन्ते तत्र देवताः।
यत्रैतास्तु न पूज्यन्ते सर्वास्तत्राफलाः क्रियाः॥

ഇതിന്റെ അർഥം: എവിടെയാണോ സ്ത്രീകൾ ആദരിക്കപ്പെടുന്നത്, അവിടെ ദേവതകൾ കുടികൊള്ളുന്നു; നേരെമറിച്ച്, എവിടെയാണോ അവർ ആദരിക്കപ്പെടാത്തത്, അവിടെ എല്ലാ പരിശ്രമങ്ങളും നിഷ്ഫലമാകുന്നു. ഇന്ത്യൻ പാരമ്പര്യത്തിൽ, സ്ത്രീകൾ കരുത്തിന്റെയും സൃഷ്ടിയുടെയും നേതൃത്വത്തിന്റെയും അടിസ്ഥാനമായി കരുതപ്പെടുന്നു. ഇന്ന്, ഈ ദർശനം വ്യക്തമായ നയരൂപം കൈവരിച്ചിരിക്കുകയാണ്; അതിൽ സ്ത്രീകൾ ഗുണഭോക്താക്കൾ മാത്രമല്ല, മറിച്ച് വികസനത്തിന്റെ മുൻനിര പോരാളികളായാണ് കാണപ്പെടുന്നത്. അവസരങ്ങളും വിഭവങ്ങളും തീരുമാനങ്ങൾ എടുക്കുന്നതിലുള്ള പങ്കാളിത്തവും ലഭിക്കുമ്പോൾ, സ്ത്രീകളുടെ കരുത്ത് എല്ലാ മേഖലകളിലും പുതിയ ഉയരങ്ങൾ കീഴടക്കുമെന്ന് സമീപവർഷങ്ങളിൽ വ്യക്തമായിട്ടുണ്ട്. സായുധസേന മുതൽ സ്റ്റാർട്ടപ്പുകൾ വരെയും, കായിക രംഗം മുതൽ ശാസ്ത്ര-ഗവേഷണ മേഖലകൾ വരെയും നമ്മുടെ രാജ്യത്തിന്റെ പുത്രിമാർ പ്രതിഭയിലൂടെയും കഠിനാധ്വാനത്തിലൂടെയും പുതിയ മാനങ്ങൾ തീർക്കുകയാണ്. ഈ മാറ്റം കേവലം പ്രതീകാത്മകമല്ല; മറിച്ച് സ്ത്രീകളുടെ പങ്കാളിത്തത്തിനും നേതൃത്വത്തിനും മുൻഗണന നൽകുന്ന നയപരമായ തീരുമാനങ്ങളുടെ നേരിട്ടുള്ള ഫലമാണ്.

വനിതാസംവരണം യാഥാർഥ്യമാക്കാനുള്ള പരിശ്രമവും ഈ വിപുലമായ കാഴ്ചപ്പാടിന്റെ അവിഭാജ്യ ഘടകമാണ്. പാർലമെന്റിൽ ആവശ്യമായ പിന്തുണ ലഭിച്ചിട്ടില്ലെങ്കിലും, സ്ത്രീകൾക്ക് അർഹമായ അവകാശങ്ങൾ ഉറപ്പാക്കുന്നതിനുള്ള പ്രതിജ്ഞാബദ്ധതയിൽ ഗവണ്മെന്റ് ഉറച്ചുനിൽക്കുന്നു. അമൃതകാലത്ത് 'വികസിത ഇന്ത്യ" എന്ന ദർശനം സാക്ഷാത്കരിക്കണമെങ്കിൽ നാരീശക്തിയുടെ പൂർണമായ ശാക്തീകരണവും പുനരുജ്ജീവനവും ഉറപ്പാക്കേണ്ടതുണ്ട്. ഇത് ഗവണ്മെന്റിന്റെ മാത്രം ഉത്തരവാദിത്വമല്ല, മറിച്ച് സ്ത്രീകളുടെ അന്തസ്സും തുല്യ അവസരങ്ങളും നേതൃത്വവും ഉയർത്തിപ്പിടിക്കുക എന്നത് സമൂഹത്തിലെ ഓരോ വിഭാഗത്തിന്റെയും കടമയാണ്. ഇതാണ് എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനത്തിലേക്കുള്ള പാതയും രാജ്യത്തിന്റെ യഥാർഥ പുരോഗതിയുടെ അടിസ്ഥാനവും. ഈ പശ്ചാത്തലത്തിൽ, 'സ്ത്രീ നേതൃത്വത്തിലുള്ള വികസന'ത്തിന്റെ 12 വർഷത്തെ യാത്രയാണ് ഈ ലക്കത്തിലെ കവർ സ്റ്റോറി.

കൂടാതെ, പരംവീർ ചക്ര ജേതാവ് മേജർ ഹോഷിയാർ സിങ്ങിന്റെ ലഘുചരിത്രം; കേന്ദ്രമന്ത്രിസഭാ തീരുമാനങ്ങൾ; PMSBY, PMJJBY, APY തുടങ്ങിയ പ്രധാന പദ്ധതികളുടെ 11-ാം വാർഷികത്തോടനുബന്ധിച്ചുള്ള പ്രത്യേക ഫീച്ചർ; മെയ് ദിനവുമായി (മെയ് 1) ബന്ധപ്പെട്ട വിശേഷങ്ങൾ; 'ഓപ്പറേഷൻ സിന്ദൂർ' ഒരു വർഷം പൂർത്തിയാക്കിയതിന്റെ പ്രത്യേക ഉള്ളടക്കം; മഹാത്മാ ജ്യോതിറാവു ഫുലെയെക്കുറിച്ചുള്ള ലേഖനം; കഴിഞ്ഞ രണ്ടാഴ്ചത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പരിപാടികളുടെ സമഗ്രമായ അവലോകനം എന്നിവയും ഈ ലക്കത്തിൽ ഉൾക്കൊള്ളുന്നു.

കൂടാതെ, മാസികയുടെ ഉൾക്കവറിൽ അന്താരാഷ്ട്ര കുടുംബ ദിനത്തോടനുബന്ധിച്ചുള്ള (മെയ് 15) പ്രത്യേക വിഭവങ്ങളും, പിൻകവറിൽ മെയ് 7-ന് ആഘോഷിക്കുന്ന ബോർഡർ റോഡ്സ് ഓർഗനൈസേഷന്റെ (BRO) സ്ഥാപക ദിനത്തെക്കുറിച്ചുള്ള വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

നിങ്ങളുടെ വിലയേറിയ നിർദേശങ്ങൾ തുടർന്നും ഞങ്ങളെ അറിയിക്കുമെന്നു പ്രതീക്ഷിക്കുന്നു

(ധീരേന്ദ്ര ഓഝ)

*ഹിന്ദിയിലും ഇംഗ്ലീഷിലും മറ്റ് 11 ഭാഷകളിലും ലഭ്യമാകുന്ന മാസിക വായിക്കാം/ഡൗൺലോഡ് ചെയ്യാം.*

https://newindiasamachar.pib.gov.in/

# എഴുത്തുപെട്ടി






### പരംവീർ ചക്ര ജേതാവിന്റെ കഥ പ്രചോദനമേകി

ഞാൻ ന്യൂ ഇന്ത്യ സമാചാർ മാഗസിന്റെ സ്ഥിരം വായനക്കാരനാണ്. പരംവീർ ചക്ര ജേതാവ് റൈഫിൾമാൻ സഞ്ജയ് കുമാറിന്റെ ധീരതയെക്കുറിച്ച് 2026 മാർച്ച് 1-15 ലക്കത്തിൽ പ്രസിദ്ധീകരിച്ച ലേഖനം എന്നെ വളരെയധികം സ്വാധീനിച്ചു. ആ ലേഖനവുമായി ബന്ധപ്പെട്ട് എന്റെ ജീവിതത്തിലെ അഭിമാനകരവും അവിസ്മരണീയവുമായ നിമിഷം പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. 2000 ഡിസംബർ 8-ന് ജമ്മു കന്റോൺമെന്റിൽ റൈഫിൾമാൻ സഞ്ജയ് കുമാറിനെ നേരിൽ കാണാൻ എനിക്ക് ഭാഗ്യം ലഭിച്ചു. രാജ്യത്തിന്റെ ധീരരായ പോരാളികളുടെ കഥകൾ പങ്കുവച്ചു ഞങ്ങളെ നിരന്തരം പ്രചോദിപ്പിക്കുന്നതിന് നന്ദി.

**debu.mohorrier@gmail.com**

---

### ഇന്ത്യയുടെ വികസനത്തെക്കുറിച്ചുള്ള യഥാർഥ ഉൾക്കാഴ്ചകൾ

കഴിഞ്ഞ കുറെക്കാലമായി ഞാൻ ന്യൂ ഇന്ത്യ സമാചാർ മാഗസിന്റെ സ്ഥിരം വായനക്കാരനാണ്. ഈ മാഗസിനിലൂടെ ഇന്ത്യയുടെ പുരോഗതിയെക്കുറിച്ചുള്ള വിശ്വസനീയവും കൃത്യവുമായ വിവരങ്ങൾ ഞങ്ങൾക്ക് ലഭിക്കുന്നു. നമ്മുടെ പ്രധാനമന്ത്രി മോദിജിയുടെ നേതൃത്വത്തിൽ രാജ്യത്തുടനീളം നടക്കുന്ന വികസന കുതിച്ചുചാട്ടങ്ങളെക്കുറിച്ചുള്ള അറിവുകൾ ഇതിലൂടെ ലഭ്യമാണ്. ഇത് രാജ്യത്തെ ജനങ്ങൾക്ക് വലിയ പ്രോത്സാഹനമാണ് നൽകുന്നത്. നമ്മുടെ രാജ്യത്തിന്റെ അഭിമാനവും അന്തസ്സും മഹിമയും വർധിപ്പിക്കാൻ ഇത് സഹായിക്കുന്നു. ഈ മാസികയിലൂടെ വിലയേറിയ വിവരങ്ങൾ ഞങ്ങളിലേക്ക് എത്തിക്കുന്നതിനായി പ്രവർത്തിക്കുന്ന നിങ്ങൾക്കും നിങ്ങളുടെ സംഘത്തിനും എന്റെ ആത്മാർഥമായ നന്ദി അറിയിക്കുന്നു.

**വിജയ് മോഹോറിയർ**

**vastutejomay58@gmail.com**

### സങ്കീർണ്ണമായ വിഷയങ്ങൾ ലളിതമായ ഭാഷയിൽ

ന്യൂ ഇന്ത്യ സമാചാർ മാഗസിന്റെ 2026 മാർച്ച് 1-15 ലക്കം വായിച്ചതിന് ശേഷമുള്ള എന്റെ അനുഭവം വായനക്കാരൻ എന്ന നിലയിൽ പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ലക്കം അങ്ങേയറ്റം വിവരദായകവും ലളിതവും ആകർഷകവുമായി എനിക്ക് അനുഭവപ്പെട്ടു. രാജ്യത്തിന്റെ പുരോഗതി, പുതിയ ഗവണ്മെന്റ് പദ്ധതികൾ, സമകാലിക വിഷയങ്ങൾ എന്നിവ വളരെ ലളിതവും എളുപ്പത്തിൽ മനസ്സിലാക്കാവുന്നതുമായ ഭാഷയിലാണ് മാഗസിൻ അവതരിപ്പിക്കുന്നത്. അടിസ്ഥാനസൗകര്യ വികസനം, സൈബർ സുരക്ഷ, ആരോഗ്യ സേവനങ്ങൾ, 6G സാങ്കേതികവിദ്യ, റെയിൽവേ, ബഹിരാകാശ മേഖല എന്നിവയിൽ കൈവരിച്ച മുന്നേറ്റങ്ങളെക്കുറിച്ച് വായിക്കുമ്പോൾ രാജ്യത്തിന്റെ മൊത്തത്തിലുള്ള വളർച്ചയെക്കുറിച്ച് വ്യക്തമായ ചിത്രം ലഭിക്കുന്നു. സങ്കീർണ്ണമായ വിഷയങ്ങൾ പോലും സാധാരണ വായനക്കാരന് എളുപ്പത്തിൽ മനസ്സിലാക്കാവുന്ന രീതിയിൽ ലഘൂകരിച്ച് വിശദീകരിച്ചിരിക്കുന്നു എന്നത് എടുത്തുപറയേണ്ടതാണ്. കൂടാതെ, ഇതിൽ നൽകിയിരിക്കുന്ന വിവരങ്ങൾ ആധികാരികവും അത്യന്തം ഉപകാരപ്രദവുമാണ്. മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുന്ന വിദ്യാർഥികൾക്ക് സമകാലിക കാര്യങ്ങൾ സംക്ഷിപ്തമായും വ്യക്തമായും മനസ്സിലാക്കാൻ ഈ മാഗസിൻ വലിയ രീതിയിൽ പ്രയോജനപ്പെടും. ഒരു വായനക്കാരൻ എന്ന നിലയിൽ, ഈ ലക്കം വിവരദായകവും പ്രചോദനാത്മകവുമാണെന്ന് എനിക്ക് പറയാൻ കഴിയും. ഭാവിയിലും സമാനമായ ഉപകാരപ്രദമായ ലക്കങ്ങൾ പ്രസിദ്ധീകരിക്കപ്പെടുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

**അഭിജീത് യഷ് ഭാരത**

**abhijeetyashbharti@gmail.com**

---

### നേപ്പാളി ഭാഷയിലും NIS പ്രസിദ്ധീകരിക്കാൻ അഭ്യർഥിക്കുന്നു

ഹിന്ദി ഉൾപ്പെടെ 13 ഇന്ത്യൻ ഭാഷകളിൽ പ്രസിദ്ധീകരിക്കുന്ന ന്യൂ ഇന്ത്യ സമാചാർ, രാജ്യത്തെ വിവിധ മേഖലകളിലെ വികസനങ്ങളെക്കുറിച്ചും ഗവണ്മെന്റിന്റെ ജനക്ഷേമ പദ്ധതികളെക്കുറിച്ചും അറിവ് നേടാൻ അവസരമൊരുക്കുന്നു എന്നറിഞ്ഞതിൽ എനിക്ക് വലിയ സന്തോഷമുണ്ട്. സാധ്യമാണെങ്കിൽ, ഈ മാസിക നേപ്പാളി ഭാഷയിലും പ്രസിദ്ധീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യണമെന്ന് ഞാൻ താഴ്മയായി അഭ്യർഥിക്കുന്നു. എന്റെ ഈ അഭ്യർഥന നിങ്ങൾ അർഹമായ രീതിയിൽ പരിഗണിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്.

**ബിർഖ് കഡ്ക ദുവർസെലി**

**birkhakd@gmail.com**


ആശയവിനിമയത്തിനുള്ള വിലാസം: 1077-ാം നമ്പർ മുറി, സൂചന ഭവൻ, സിജിഒ സമുച്ചയം, ന്യൂഡൽഹി - 110003

ഇ-മെയിൽ: response-nis@pib.gov.in

# വാർത്തകൾ ചുരുക്കത്തിൽ

## ഇന്ത്യയുടെ ആണവയാത്രയിൽ പുതിയ അധ്യായം

ഇന്ത്യയുടെ ആണവോർജ പദ്ധതിയിൽ നിർണായകമായ നാഴികക്കല്ല് രാജ്യം കൈവരിച്ചിരിക്കുന്നു. തമിഴ്നാട്ടിലെ കൽപ്പാക്കത്ത്, തദ്ദേശീയമായി രൂപകൽപ്പനചെയ്തു നിർമിച്ച പ്രോട്ടോടൈപ്പ് ഫാസ്റ്റ് ബ്രീഡർ റിയാക്ടർ (PFBR) വിജയകരമായി 'ഫസ്റ്റ് ക്രിട്ടിക്കാലിറ്റി', അതായത് സ്വയം നിലനിൽക്കുന്ന ആണവ ശൃംഖലാ പ്രതിപ്രവർത്തനം, കൈവരിച്ചു. ഈ നേട്ടത്തോടെ, ഇന്ത്യയുടെ ആണവപദ്ധതിയുടെ ശിൽപ്പിയായ ഡോ. ഹോമി ജഹാംഗീർ ഭാഭ വിഭാവനംചെയ്ത മൂന്നു ഘട്ടങ്ങളുള്ള ആണവോർജ പദ്ധതിയുടെ രണ്ടാം ഘട്ടത്തിലേക്ക് ഇന്ത്യ ഔദ്യോഗികമായി പ്രവേശിച്ചു. ഈ നാഴികക്കല്ലിന് ആഗോളതലത്തിൽ വലിയ പ്രാധാന്യമുണ്ട്. പ്രവർത്തനം പൂർണതോതിലാകുന്നതോടെ, റഷ്യ കഴിഞ്ഞാൽ, വാണിജ്യാടിസ്ഥാനത്തിൽ ഫാസ്റ്റ് ബ്രീഡർ റിയാക്ടർ പ്രവർത്തിപ്പിക്കുന്ന ലോകത്തെ രണ്ടാമത്തെ രാജ്യമായി ഇന്ത്യ മാറും. യുറേനിയം വിഭവങ്ങൾ കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കാൻ PFBR സഹായിക്കും, കൂടാതെ രാജ്യത്തെ വൻതോതിലുള്ള തോറിയം നിക്ഷേപം പ്രയോജനപ്പെടുത്തുന്നതിനും ഇതു വഴിയൊരുക്കും. 500 മെഗാവാട്ട് ശേഷിയുള്ള ഈ റിയാക്ടറിനു കുറഞ്ഞ അളവിൽ ഇന്ധനം ഉപയോഗിച്ച്, കൂടുതൽ ഊർജം ഉൽപ്പാദിപ്പിക്കാനുള്ള കരുത്തുണ്ട്.



## പവനോർജ മേഖലയിൽ റെക്കോർഡ് വർധന

2025-26 സാമ്പത്തിക വർഷത്തിൽ ഇന്ത്യ ഇതുവരെ നേടിയതിൽ വച്ച് ഏറ്റവും ഉയർന്ന വാർഷിക കാറ്റാടി ശേഷി 6.05 ജിഗാവാട്ട് കൈവരിച്ചു, 2016-17 സാമ്പത്തിക വർഷത്തിൽ 5.5 ജിഗാവാട്ട് ശേഷി എന്ന നാഴികക്കല്ല് മറികടന്നു. 2024-25 സാമ്പത്തിക വർഷത്തിലെ ശേഷിയേക്കാൾ ഏകദേശം 46% വർധനവാണിത്, ഇത് ഇന്ത്യയുടെ തീരദേശ കാറ്റാടി വിന്യാസ പാതയിൽ നിർണായക ത്വരിതപ്പെടുത്തലിനെ അടയാളപ്പെടുത്തുന്നു. ഈ പുതിയ നേട്ടത്തോടെ, ഇന്ത്യയുടെ ആകെ പവനോർജ ശേഷി ഇപ്പോൾ 56 ജിഗാവാട്ട് പിന്നിട്ടിരിക്കുകയാണ്. കാറ്റിൽനിന്നുള്ള ഊർജ ഉൽപ്പാദനത്തിലും പുതിയ ശേഷി വർധിപ്പിക്കുന്നതിലും ഗുജറാത്ത്, കർണാടക, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളാണ് മുൻപന്തിയിലുള്ളത്. 2030-ഓടെ 500 ജിഗാവാട്ട് ഫോസിൽ ഇതര ഊർജ ശേഷി കൈവരിക്കുക എന്ന ഇന്ത്യയുടെ ലക്ഷ്യത്തിൽ ഈ വിജയം നിർണായക പങ്കു വഹിക്കും. പുരോഗമനപരമായ നയങ്ങളിലൂടെ, ലോകത്തിലെ പവനോർജ വിപണിയിൽ മുൻനിരയിലുള്ള രാജ്യങ്ങളിലൊന്നായി ഇന്ത്യ ഇന്ന് മാറിയിരിക്കുന്നു. മറുഭാഗത്ത്, '2026-ലെ പുനരുൽപ്പാദക ഊർജ സ്ഥിതിവിവരക്കണക്കു പ്രകാരം, പുനരുൽപ്പാദക ഊർജശേഷിയുടെ കാര്യത്തിൽ ബ്രസീലിനെ മറികടന്ന് ഇന്ത്യ ആഗോളതലത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി. 2025-26 സാമ്പത്തിക വർഷത്തിൽ ഇന്ത്യ ആകെ 55.3 ജിഗാവാട്ട് ഫോസിൽ ഇതര ഊർജ ശേഷി കൂട്ടിച്ചേർത്തു. 2026 മാർച്ച് 31-ലെ കണക്കനുസരിച്ച്, രാജ്യത്ത് ആകെ 283.46 ജിഗാവാട്ട് ശേഷിയുള്ള ഫോസിൽ ഇതര ഊർജ സ്രോതസ്സുകൾ സ്ഥാപിച്ചിട്ടുണ്ട്.



## യുദ്ധക്കപ്പൽ 'ഐഎൻഎസ് താരാഗിരി' ഇന്ത്യൻ നാവികസേനയുടെ ഭാഗമായി

ഏപ്രിൽ ആദ്യവാരം ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്തു നടന്ന ചടങ്ങിൽ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങിന്റെ സാന്നിധ്യത്തിൽ പ്രോജക്ട് 17-എ വിഭാഗത്തിലെ നാലാമത്തെ കരുത്തുറ്റ യുദ്ധക്കപ്പലായ 'ഐഎൻഎസ് താരാഗിരി' ഇന്ത്യൻ നാവികസേനയിൽ ഉൾപ്പെടുത്തി. വാർഷിപ്പ് ഡിസൈൻ ബ്യൂറോ രൂപകൽപ്പനചെയ്ത ഈ യുദ്ധക്കപ്പൽ ആധുനിക കപ്പൽ നിർമാണശൈലിയുടെ ഉത്തമ ഉദാഹരണമാണ്. വളരെ കുറഞ്ഞ കാലയളവിനുള്ളിൽ നിർമിച്ച ഈ കപ്പലിൽ 75 ശതമാനത്തിലധികം ആഭ്യന്തര ഘടകങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. ഇന്ത്യയുടെ കപ്പൽ നിർമാണ നൈപുണ്യത്തിന്റെയും പൊതു-സ്വകാര്യ പങ്കാളിത്തത്തിന്റെയും മികച്ച മാതൃകയാണ് ഐഎൻഎസ് താരാഗിരി. അതിവേഗ സഞ്ചാരശേഷിയുള്ള ഈ യുദ്ധക്കപ്പലിനു ദീർഘകാലം കടലിൽ നിലയുറപ്പിക്കാൻ സാധിക്കും. ശത്രുനീക്കങ്ങൾ നിരീക്ഷിക്കുന്നതിനും സ്വന്തം സുരക്ഷ ഉറപ്പാക്കുന്നതിനും ആവശ്യമെങ്കിൽ ഉടനടി തിരിച്ചടി നൽകുന്നതിനുമുള്ള സംവിധാനങ്ങൾ ഇതിൽ സജ്ജീകരിച്ചിട്ടുണ്ട്. ആധുനിക റഡാർ, സോണാർ സംവിധാനങ്ങൾക്ക് പുറമെ ബ്രഹ്മോസ്, ഉപരിതല-വ്യോമ മിസൈലുകൾ എന്നിവയും ഇതിലുണ്ട്. ഇത് കപ്പലിന്റെ പ്രവർത്തനശക്തി വർധിപ്പിക്കുന്നു.



## GeM

### 18.4 ലക്ഷം കോടി രൂപയുടെ GMV കൈവരിച്ചു

ഗവണ്മെന്റ് ഇ-മാർക്കറ്റ് പ്ലേസ് **(GeM)** ആകെ 18.4 ലക്ഷം കോടി രൂപയുടെ മൊത്ത വ്യാപാര മൂല്യം **(GMV)** കൈവരിച്ചു. 2025-26 സാമ്പത്തിക വർഷത്തിൽ ഈ പോർട്ടൽ വഴി നടന്ന ആകെ ഓർഡറുകളിൽ 68 ശതമാനവും നേടിയത് സൂക്ഷ്മ-ചെറുകിട സംരംഭങ്ങളാണ് **(MSEs)**. ഇത് ആകെ ഇടപാട് മൂല്യത്തിന്റെ 47.1 ശതമാനം വരും. നിലവിൽ 11 ലക്ഷത്തിലധികം സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾ ഈ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ ഈ സംരംഭങ്ങൾക്ക് 2.36 ലക്ഷം കോടി രൂപ മൂല്യമുള്ള 51 ലക്ഷത്തിലധികം ഓർഡറുകൾ ലഭിച്ചു. മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 20 ശതമാനത്തിലധികം വർധനയാണിത്. കൂടാതെ, 2.1 ലക്ഷത്തിലധികം വനിതാ സംരംഭങ്ങൾ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇവർക്ക് 28,000 കോടിയിലധികം രൂപയുടെ ഓർഡറുകൾ ലഭിച്ചു.

### ലോകത്തിലെ ആദ്യത്തെ വിക്രമാദിത്യ വേദ ക്ലോക്ക് കാശിയിൽ സ്ഥാപിച്ചു




ഇന്ത്യൻ സമയനിർണയ രീതിയുടെ പെരുമ കാശിയുടെ പുണ്യഭൂമിയിൽ ഉയർന്നിരിക്കുന്നു. വാരാണസിയിലെ ശ്രീ കാശി വിശ്വനാഥ ക്ഷേത്രത്തിൽ ലോകത്തിലെ ആദ്യത്തെ "വിക്രമാദിത്യ വേദ ക്ലോക്ക്" സ്ഥാപിച്ചു. 700 കിലോഗ്രാം തൂക്കമുള്ള ഈ അത്യാധുനിക ഉപകരണം പുരാതന ഭാരതീയ പഞ്ചാംഗത്തിന്റെ അടിസ്ഥാനത്തിലാണ് സമയം പ്രദർശിപ്പിക്കുന്നത്. സൂര്യോദയം മുതൽ ദിവസം ആരംഭിക്കുന്ന ഈ രീതിയിൽ ഒരു ദിവസത്തെ 30 മുഹൂർത്തങ്ങളായി തിരിച്ചിരിക്കുന്നു. ഈ ക്ലോക്ക് തിഥി, നക്ഷത്രം, ഗ്രഹനിലകൾ എന്നിവ പ്രദർശിപ്പിക്കുന്നു. സൂര്യോദയം മുതൽ സൂര്യാസ്തമയം വരെയുള്ള സമയത്തെ 30 മുഹൂർത്തങ്ങളായി (ശുഭകരമായ സമയ യൂണിറ്റുകൾ) തിരിച്ചുള്ള ഈ രീതി നമ്മുടെ പുരാതന ഋഷിമാരുടെ അഗാധമായ ശാസ്ത്രീയ കാഴ്ചപ്പാടിനെ മാതൃകയാക്കുന്നു. 30 മുഹൂർത്തങ്ങളുടെ ഈ ചക്രത്തിലെ ഓരോ നിമിഷവും ഇതു കൃത്യമായി അടയാളപ്പെടുത്തും. ഇതു കേവലം സമയമളക്കാനുള്ള ഉപകരണം മാത്രമല്ല, നമ്മുടെ സംസ്കാരത്തിന്റെ ഉദാത്തമായ ആവിഷ്കാരം കൂടിയാണ്.

## DLC യജ്ഞം 4.0

### പെൻഷൻകാരുടെ ക്ഷേമത്തിനായി ഇതുവരെയുള്ളതിൽ ഏറ്റവും വലിയ പ്രചാരണ പരിപാടി



പെൻഷൻകാർക്ക് ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നത് ഡിജിറ്റൽ സംവിധാനത്തിലേക്ക് മാറ്റുന്നതിന്റെ പ്രയോജനങ്ങൾ എത്തിക്കുന്നതിനായി, പെൻഷനും പെൻഷൻകാരുടെ ക്ഷേമവും വകുപ്പ് (DoPPW) 2022 നവംബർ മുതൽ ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് യജ്ഞം നടത്തിവരുന്നു. പദ്ധതിയുടെ ഭാഗമായി എല്ലാ വർഷവും നവംബർ 1 മുതൽ 30 വരെ രാജ്യത്തെ തെരഞ്ഞെടുത്ത നഗരങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിക്കാറുണ്ട്. ഈ സംരംഭത്തിന്റെ ഭാഗമായി രാജ്യത്തുടനീളമുള്ള 2,000 നഗരങ്ങളിലും ജില്ലകളിലുമായി 75,000 ക്യാമ്പുകൾ സംഘടിപ്പിച്ചു. ഈ കാലയളവിൽ 1.91 കോടിയിലധികം ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റുകൾ (DLC) തയ്യാറാക്കി. ഇതിൽ 1.16 കോടിയിലധികം (60%) സർട്ടിഫിക്കറ്റുകൾ 'മുഖം തിരിച്ചറിയൽ' സാങ്കേതികവിദ്യ ഉപയോഗിച്ചാണ് നിർമിച്ചത്. പെൻഷൻകാർക്ക് സ്മാർട്ട്ഫോണിലൂടെ 'മുഖം തിരിച്ചറിയൽ' വഴി വീട്ടിലിരുന്നു ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കാൻ സഹായിക്കുന്ന ആധാർ അധിഷ്ഠിത ഡിജിറ്റൽ സേവനമാണ് ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് (DLC).

# മഹാത്മാ ജ്യോതിറാവു ഫുലെ ഇന്ത്യയുടെ മാർഗദീപം

***മഹാനായ സാമൂഹ്യപരിഷ്കർത്താവ് മഹാത്മാ ജ്യോതിറാവു ഫുലെയുടെ 200-ാം ജന്മവാർഷികാഘോഷങ്ങൾക്ക് ഈ വർഷം ഏപ്രിൽ 11-നു തുടക്കമായി. ഈ സവിശേഷ വേളയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഒരു ലേഖനം എഴുതി. മഹാത്മാ ഫുലെ ഇന്നും അസംഖ്യം പേർക്ക് എങ്ങനെ പ്രചോദനമായി തുടരുന്നുവെന്നും, വിദ്യാഭ്യാസം, അറിവ്, ജനക്ഷേമം എന്നിവയിൽ അദ്ദേഹം നൽകിയ ഊന്നൽ നമ്മുടെ ഇന്നത്തെ കാലഘട്ടത്തിൽ എത്രത്തോളം പ്രസക്തമാണെന്നും അദ്ദേഹം ലേഖനത്തിലൂടെ വ്യക്തമാക്കി.***



**നരേന്ദ്ര മോദി**
*പ്രധാനമന്ത്രി*

മഹാത്മാ ഫുലെ മഹാനായ പരിഷ്കർത്താവായിരുന്നു. അതിലുപരി, ധാർമികമായ കരുത്തും വിശ്രമമില്ലാത്ത അന്വേഷണത്വരയും സാമൂഹ്യനന്മയ്ക്കായുള്ള അചഞ്ചലമായ പ്രതിജ്ഞാബദ്ധതയും നിറഞ്ഞതായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. പടുത്തുയർത്തിയ സ്ഥാപനങ്ങളുടെയും നേതൃത്വം നൽകിയ പ്രസ്ഥാനങ്ങളുടെയും പേരിലാണു മഹാത്മാ ഫുലെ സ്മരിക്കപ്പെടുന്നത്. അതേസമയം, നമ്മുടെ നാഗരികയാത്രയ്ക്ക് അദ്ദേഹം നൽകിയ സംഭാവനകൾ, അദ്ദേഹം ഉണർത്തിയ പ്രതീക്ഷകളിലും ജനങ്ങളിൽ പകർന്ന ആത്മവിശ്വാസത്തിലുമാണു നിലകൊള്ളുന്നത്. അദ്ദേഹത്തിന്റെ ചിന്തകൾ രാജ്യത്തുടനീളമുള്ള ദശലക്ഷക്കണക്കിനുപേർക്ക് ഇന്നും കരുത്തു പകരുന്നു.

1827-ൽ മഹാരാഷ്ട്ര എന്ന മഹത്തായ സംസ്ഥാനത്തു ജനിച്ച മഹാത്മാ ഫുലെ എളിയ സാഹചര്യങ്ങളിൽ നിന്നാണു വളർന്നുവന്നത്. എന്നാൽ അദ്ദേഹത്തിന്റെ പ്രാരംഭകാലത്തെ കഷ്ടപ്പാടുകൾ പഠനത്തിനോ ദൃഢനിശ്ചയത്തിനോ സമൂഹത്തോടുള്ള പ്രതിജ്ഞാബദ്ധതയ്ക്കോ ഒരിക്കലും തടസ്സമായില്ല. എന്തു വെല്ലുവിളിയുണ്ടായാലും വെറുതെയിരിക്കാതെ കഠിനാധ്വാനം ചെയ്യണമെന്നും അറിവു നേടിയെടുത്ത് ആ വെല്ലുവിളികളെ ലഘൂകരിക്കണമെന്നുമുള്ള ചിന്ത എന്നും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. സ്കൂൾ പഠനകാലം മുതൽക്കേ അതീവ ജിജ്ഞാസുവായിരുന്ന ജ്യോതിറാവു, വായനാശീലമുള്ള ചെറുപ്പക്കാരനായിരുന്നു. തന്റെ പ്രായത്തിലുള്ള കുട്ടികൾ വായിക്കുന്നതിനേക്കാൾ വളരെ ഉയർന്ന തലത്തിലുള്ള പുസ്തകങ്ങൾ അദ്ദേഹം വായിച്ചിരുന്നു. വർഷങ്ങൾക്കു ശേഷം അദ്ദേഹം പറഞ്ഞതിങ്ങനെയാണ്: "നാം എത്രത്തോളം ചോദ്യങ്ങൾ ഉന്നയിക്കുന്നുവോ, അത്രത്തോളം അറിവ് അവയിൽനിന്നു പുറത്തുവരും". കുട്ടിക്കാലം മുതൽക്കു ലഭിച്ച ആ അന്വേഷണത്വര അദ്ദേഹത്തിന്റെ യാത്രയിലുടനീളം നിലനിന്നിരുന്നു എന്നതു വ്യക്തമാണ്.

> *കുട്ടിക്കാലം മുതൽക്കേ മഹാത്മാ ഫുലെ അതീവ ജിജ്ഞാസുവായിരുന്നു. തന്റെ പ്രായത്തിലുള്ള മറ്റു കുട്ടികളെ അപേക്ഷിച്ച് അദ്ദേഹം കൂടുതൽ പുസ്തകങ്ങൾ വായിച്ചു. 'നാം എത്രത്തോളം ചോദ്യങ്ങൾ ഉന്നയിക്കുന്നുവോ, അത്രത്തോളം അറിവ് അവയിൽ നിന്നു പുറത്തുവരും' - എന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു.*

ജീവിതത്തിലുടനീളം, പഠനവും വിദ്യാഭ്യാസവും മഹാത്മാ ഫുലെയുടെ ദൗത്യത്തിന്റെ കേന്ദ്രബിന്ദുവായി മാറി. അറിവ് എന്നതു കാത്തുസൂക്ഷിക്കപ്പെടേണ്ട പ്രത്യേക അവകാശമല്ല; മറിച്ച്, പങ്കുവയ്ക്കപ്പെടേണ്ട ശക്തിയാണെന്ന് അപൂർവമായ വ്യക്തതയോടെ അദ്ദേഹം തിരിച്ചറിഞ്ഞു. പഠനത്തിന്റെ സന്തോഷം പലർക്കും നിഷേധിക്കപ്പെട്ട കാലഘട്ടത്തിൽ, പെൺകുട്ടികൾക്കും ഔപചാരിക വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടവർക്കുമായി അദ്ദേഹം ആദ്യകാല വിദ്യാലയങ്ങൾ തുറന്നു. "അമ്മമാരിലൂടെ കുട്ടികളിൽ ഉണ്ടാകുന്ന ഏതൊരു പുരോഗതിയും അങ്ങേയറ്റം വിലപ്പെട്ടതാണ്. അതിനാൽ, സ്കൂളുകൾ തുറക്കുന്നുവെങ്കിൽ അവ ആദ്യം പെൺകുട്ടികൾക്കായി തുടങ്ങണം." - അദ്ദേഹം പറയുമായിരുന്നു. ക്ലാസ് മുറികൾ നീതിയുടെയും തുല്യതയുടെയും ഉപകരണമായി മാറുന്ന പുതിയ സാമൂഹ്യസങ്കൽപ്പം കെട്ടിപ്പടുക്കാൻ അദ്ദേഹം പ്രവർത്തിച്ചു.

വിദ്യാഭ്യാസത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാട് നമ്മെ ഏറെ പ്രചോദിപ്പിക്കുന്നു. കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ, ഗവേഷണത്തെയും നവീകരണത്തെയും ഇന്ത്യയിലെ യുവാക്കളുടെ അടിത്തറയാക്കി മാറ്റാൻ നമ്മൾ പ്രയത്നിച്ചു. ചോദ്യങ്ങൾ ചോദിക്കാനും പര്യവേക്ഷണങ്ങൾ നടത്താനും പുതിയ കാര്യങ്ങൾ കണ്ടെത്താനും യുവമനസ്സുകളെ പ്രോത്സാഹിപ്പിക്കുന്ന സാഹചര്യം സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

*പ്രധാനമന്ത്രിയുടെ ലേഖനം വായിക്കാൻ ക്യുആർ കോഡ് സ്കാൻ ചെയ്യൂ*

അറിവിലും നൈപുണ്യത്തിലും അവസരങ്ങളിലും നിക്ഷേപം നടത്തുന്നതിലൂടെ, പ്രശ്നങ്ങൾ പരിഹരിക്കാനും രാജ്യത്തിന്റെ പുരോഗതിയെ നയിക്കാനും ഇന്ത്യ യുവാക്കളെ ശാക്തീകരിക്കുന്നു.

അറിവും വിവേകവും കാരണം കൃഷി, ആരോഗ്യം, ഗ്രാമീണ വികസനം തുടങ്ങിയ മേഖലകളിൽ മഹാത്മാ ഫുലെ കരുത്തുറ്റ ധാരണ വളർത്തിയെടുത്തു. നമ്മുടെ കർഷകർക്കും തൊഴിലാളികൾക്കും നേർക്കുള്ള അനീതി നമ്മുടെ സമൂഹത്തെ ദുർബലപ്പെടുത്തുമെന്ന് അദ്ദേഹം പലപ്പോഴും പറയുമായിരുന്നു. കൃഷിയിടങ്ങളിലായാലും ഗ്രാമങ്ങളിലായാലും സാമൂഹ്യ അസമത്വങ്ങൾ ദൈനംദിന ജീവിതത്തിൽ എങ്ങനെ പ്രകടമാകുന്നുവെന്ന് അദ്ദേഹം കണ്ടു. അതിനാൽ പാവപ്പെട്ടവരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും അന്തസ്സ് ഉറപ്പാക്കുന്നതിൽ അദ്ദേഹം മുഴുകി. അതേസമയം, സാമൂഹ്യ ഐക്യം നിലനിർത്തുന്നുവെന്ന് ഉറപ്പാക്കാൻ സാധ്യമായ എല്ലാ ശ്രമങ്ങളും അദ്ദേഹം നടത്തി.

മഹാത്മാ ഫുലെ അഭിപ്രായപ്പെട്ടത് ഇപ്രകാരമാണ്: (ഹിന്ദി ടെക്സ്റ്റ്) (സമൂഹത്തിലെ എല്ലാവർക്കും തുല്യ അവകാശങ്ങൾ ലഭിക്കുന്നതുവരെ യഥാർഥ സ്വാതന്ത്ര്യം കൈവരിക്കാനാകില്ല). ഈ കാഴ്ചപ്പാടു പ്രവൃത്തിപഥത്തിൽ എത്തിക്കുന്നതിനും നീതിയുക്തമായ സമൂഹം കെട്ടിപ്പടുക്കുന്നതിനും സഹായിക്കുന്ന സ്ഥാപനങ്ങൾ അദ്ദേഹം നിർമിച്ചു. അദ്ദേഹം സ്ഥാപിച്ച സത്യശോധക് സമാജ് ആധുനിക ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളിൽ ഒന്നായിരുന്നു. സാമൂഹ്യപരിഷ്കരണം, സാമൂഹ്യസേവനം, മാനവിക അന്തസ്സ് ഉയർത്തിപ്പിടിക്കൽ എന്നിവയിൽ ഈ പ്രസ്ഥാനം മുൻപന്തിയിലായിരുന്നു. സ്ത്രീകൾക്കും യുവാക്കൾക്കും ഗ്രാമങ്ങളിൽ വസിക്കുന്നവർക്കും വേണ്ടിയുള്ള കരുത്തുറ്റ ശബ്ദമായി ഇതു മാറി. നീതിയും ഓരോ വ്യക്തിയോടുള്ള ബഹുമാനവും കൂട്ടായ പുരോഗതിയും കേന്ദ്രബിന്ദുവാക്കി മാറ്റുന്നതിലൂടെ സമൂഹത്തെ കരുത്തുറ്റതാക്കാം എന്ന മഹാത്മാ ഫുലെയുടെ അന്തർലീനമായ വിശ്വാസത്തെയാണ് ഈ പ്രസ്ഥാനം പ്രതിഫലിപ്പിച്ചത്.

അദ്ദേഹത്തിന്റെ വ്യക്തിജീവിതവും കരുത്തിന്റെ പാഠങ്ങൾ ഉൾക്കൊള്ളുന്നതായിരുന്നു. എപ്പോഴും ജനങ്ങൾക്കിടയിൽ പ്രവർത്തിച്ചത് അദ്ദേഹത്തിന്റെ ആരോഗ്യത്തെ ബാധിച്ചു. എന്നാൽ ഏറ്റവും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾപോലും അദ്ദേഹത്തിന്റെ നിശ്ചയദാർഢ്യത്തെ തളർത്തിയില്ല. പക്ഷാഘാതം പിടിപെട്ടു തളർന്നിട്ടും തന്റെ ദൗത്യം പൂർത്തിയാക്കാൻ അദ്ദേഹം പ്രവർത്തനം തുടർന്നു. അതെ; അദ്ദേഹത്തിന്റെ ശരീരം പരീക്ഷിക്കപ്പെട്ടുവെങ്കിലും സമൂഹത്തോടുള്ള പ്രതിജ്ഞാബദ്ധതയ്ക്ക് ഒട്ടും ഇളക്കം തട്ടിയില്ല. ഇന്നു ദശലക്ഷക്കണക്കിനു പേർക്ക്, വിശേഷിച്ചും പോരാട്ടങ്ങളിൽനിന്നു കരുത്തുൾക്കൊള്ളുന്നവർക്ക്, അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏറ്റവും ശക്തമായ വശങ്ങളിൽ ഒന്നായി ഇതു നിലകൊള്ളുന്നു.

നമ്മുടെ രാജ്യത്തെ ഏറ്റവും മികച്ച പരിഷ്കർത്താക്കളിൽ ഒരാളായ സാവിത്രിബായി ഫുലെയെ ആദരവോടെ പരാമർശിക്കാതെ മഹാത്മാ ഫുലെയെക്കുറിച്ചുള്ള ഒരു സ്മരണയും പൂർണമാകില്ല. ഇന്ത്യയിലെ ആദ്യകാല അധ്യാപികമാരിൽ ഒരാളെന്ന നിലയിൽ, പെൺകുട്ടികളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിൽ അവർ നിർണായക പങ്കുവഹിച്ചു. അതുവഴി പെൺകുട്ടികൾക്കു തങ്ങളുടെ സ്വപ്നങ്ങൾ പിന്തുടരാനുള്ള അവസരം അവർ നൽകി. മഹാത്മാ ഫുലെയുടെ വിയോഗത്തിനുശേഷം സാവിത്രിബായി ആ ദൗത്യം ഏറ്റെടുത്തു മുന്നോട്ടു കൊണ്ടുപോയി. 1897-ൽ പ്ലേഗ് പടർന്ന സമയത്ത്, രോഗബാധിതരെ അത്രമേൽ അർപ്പണബോധത്തോടെ സേവിച്ചതിനാൽ അവർക്കു രോഗം പിടിപെടുകയും സ്വജീവൻ നഷ്ടമാവുകയും ചെയ്തു.

ചിന്തയിലൂടെയും ത്യാഗത്തിലൂടെയും പ്രവൃത്തിയിലൂടെയും സമൂഹത്തെ ശക്തിപ്പെടുത്തിയ മഹദ്‌വ്യക്തികളാൽ നമ്മുടെ മണ്ണ് എന്നും അനുഗൃഹീതമായിട്ടുണ്ട്. മാറ്റം മറ്റെവിടെയെങ്കിലുംനിന്നു വരുന്നതിന് അവർ കാത്തുനിന്നില്ല; പകരം അവർ തന്നെ അതിന്റെ ഉറവിടമായി മാറി. നൂറ്റാണ്ടുകളായി നമ്മുടെ മണ്ണിൽ, സാമൂഹ്യ ഉന്നമനത്തിനായുള്ള പോരാട്ടങ്ങൾ പലപ്പോഴും സമൂഹത്തിനുള്ളിൽനിന്നു തന്നെയാണ് ഉയർന്നുവന്നിട്ടുള്ളത്. കഷ്ടപ്പാടുകൾ നേരിട്ടു കാണുകയും അവയെ വിധി എന്നു പറഞ്ഞ് അംഗീകരിക്കാൻ വിസമ്മതിക്കുകയും ചെയ്തവരിൽനിന്നാണ് ആ മാറ്റങ്ങൾ ഉണ്ടായത്. മഹാത്മാ ജ്യോതിറാവു ഫുലെ അത്തരമൊരു കരുത്തുറ്റ ശബ്ദമായിരുന്നു.

2022-ൽ പുണെ സന്ദർശിച്ചതും നഗരത്തിലെ അദ്ദേഹത്തിന്റെ വലിയ പ്രതിമയിൽ ശ്രദ്ധാഞ്ജലിയർപ്പിച്ചതും ഞാൻ സ്നേഹപൂർവം ഓർക്കുന്നു. അദ്ദേഹത്തിന്റെ ഇരുനൂറാം ജന്മവാർഷികാഘോഷങ്ങൾക്കു തുടക്കം കുറിക്കുമ്പോൾ മഹാത്മാ ജ്യോതിറാവു ഫുലെയ്ക്കു നൽകാവുന്ന ഏറ്റവും ഉചിതമായ ആദരം പുനരർപ്പണമാണ്. അദ്ദേഹത്തിന്റെ ഹൃദയത്തോടു ചേർന്നുള്ള വിദ്യാഭ്യാസം പോലുള്ള വിഷയങ്ങളോടുള്ള നമ്മുടെ പ്രതിജ്ഞാബദ്ധത പുതുക്കുക. അനീതിക്കെതിരായ നമ്മുടെ സംവേദനക്ഷമത പുതുക്കുക. സമൂഹത്തിനുള്ളിൽനിന്നു മാറ്റങ്ങൾ കൊണ്ടുവരാൻ കഴിയുമെന്ന നമ്മുടെ വിശ്വാസം പുതുക്കുക. ധാർമികമായ വ്യക്തതയും പൊതുലക്ഷ്യവും ഒത്തുചേരുമ്പോൾ സമൂഹത്തിന്റെ കരുത്തിന് ഇന്ത്യയിൽ അത്ഭുതങ്ങൾ പ്രവർത്തിക്കാൻ കഴിയുമെന്ന് അദ്ദേഹത്തിന്റെ ജീവിതം നമ്മോടു പറയുന്നു. അതുകൊണ്ടാണ് അദ്ദേഹം ഇന്നും ദശലക്ഷക്കണക്കിനു വ്യക്തികൾക്കു കരുത്തു പകരുന്നത്. അദ്ദേഹത്തിന്റെ വാക്കുകളും പ്രവൃത്തികളും ഇന്നും പ്രത്യാശ നൽകുന്നത് അതുകൊണ്ടാണ്. അതുകൊണ്ടുതന്നെ, ജനനം കഴിഞ്ഞ് ഏകദേശം ഇരുനൂറു വർഷങ്ങൾ പിന്നിടുമ്പോഴും മഹാത്മാ ജ്യോതിറാവു ഫുലെ ഭൂതകാലത്തിലെ വ്യക്തിത്വമായല്ല നിലകൊള്ളുന്നത്; മറിച്ച്, ഇന്ത്യയുടെ ഭാവിയിലേക്കുള്ള മാർഗദീപമായാണ്.



## ഓപ്പറേഷൻ സിന്ദൂർ...

# സ്വയംപര്യാപ്ത പ്രതിരോധ സംവിധാനങ്ങളുടെ നവയുഗത്തിന്റെ ഉദയം

***ഓപ്പറേഷൻ സിന്ദൂർ ഒരു വർഷം പൂർത്തിയാകുന്നത് വെറുമൊരു സൈനിക നീക്കത്തിന്റെ വാർഷികം മാത്രമല്ല; മറിച്ച് ഇന്ത്യയുടെ നിർണായകമായ സുരക്ഷാനയത്തിന്റെയും, സായുധ സേനയുടെ അജയ്യമായ കരുത്തിന്റെയും, ഭീകരവാദത്തോടുള്ള ഒട്ടും വിട്ടുവീഴ്ചയില്ലാത്ത പ്രതിജ്ഞാബദ്ധതയുടെയും അടയാളം കൂടിയാണ്. കഴിഞ്ഞ ഒരു വർഷത്തിനിടെ, ഈ ദൗത്യം രാജ്യത്തിന്റെ തന്ത്രപരമായ കഴിവുകളെയും അതിവേഗം തിരിച്ചടി നൽകാനുള്ള കരുത്തിനെയും ഉയർത്തിക്കാട്ടുക മാത്രമല്ല ചെയ്തത്; മറിച്ച് സ്വയംപര്യാപ്ത പ്രതിരോധ സംവിധാനം, നൂതന സാങ്കേതികവിദ്യ, അചഞ്ചലമായ ദേശീയ നിശ്ചയദാർഢ്യം എന്നിവയാൽ സവിശേഷമായ പുതിയ യുഗത്തിന്റെ ഉദയം പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു.***

ഇന്ത്യയുടെ പ്രതിരോധ ചരിത്രത്തിലെ സുപ്രധാനമായ അധ്യായമായി ഓപ്പറേഷൻ സിന്ദൂർ മാറിയിരിക്കുന്നു. സൈനികമായ കൃത്യതയുടെയും, സായുധ സേനയുടെ മൂന്ന് വിഭാഗങ്ങൾ തമ്മിലുള്ള മികച്ച ഏകോപനത്തിന്റെയും, കരുത്തുറ്റ ദേശീയ നിശ്ചയദാർഢ്യത്തിന്റെയും പ്രതീകമായി ഈ ദൗത്യം മാറി. ഹിമാലയത്തിലെ ദുഷ്കരമായ ഉയരങ്ങളിൽ വെല്ലുവിളികൾ നേരിടുന്നതിലായാലും, സമുദ്ര അതിർത്തികളുടെ സുരക്ഷ ഉറപ്പാക്കുന്നതിലായാലും, അല്ലെങ്കിൽ വ്യോമഗതിയിലൂടെയുള്ള നുഴഞ്ഞുകയറ്റ ശ്രമങ്ങളെ തടയുന്നതിലായാലും, എല്ലാ മേഖലകളിലും ഇന്ത്യ സന്നദ്ധതയും അചഞ്ചലതയും ഐക്യവും തെളിയിച്ചിട്ടുണ്ട്. ഈ ദിശയിൽ മുന്നേറുന്ന ഇന്ത്യ, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ഓപ്പറേഷൻ സിന്ദൂറിന് പിന്നാലെ ഇപ്പോൾ 'സുദർശനചക്ര ദൗത്യ'വുമായി അതിവേഗം മുന്നോട്ടുപോകുകയാണ്. ശത്രുക്കൾ ഇന്ത്യക്കെതിരെ നടത്തുന്ന ഏതൊരാക്രമണത്തെയും അല്ലെങ്കിൽ അതിനുള്ള ശ്രമത്തെയും അതിന്റെ ഉത്ഭവസ്ഥാനത്തുതന്നെ ഇല്ലാതാക്കാൻ ശേഷിയുള്ള കരുത്തുറ്റതും ആധുനികവുമായ പ്രതിരോധ ആയുധ സംവിധാനം വികസിപ്പിക്കുക എന്നതാണ് ഈ ദൗത്യത്തിന്റെ ലക്ഷ്യം.

> **ഇന്ത്യ മുൻപ് ഭീകരാക്രമണങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ട്; എന്നിരുന്നാലും, അക്കാലത്ത് അവയ്ക്ക് പിന്നിൽ പ്രവർത്തിച്ച ബുദ്ധികേന്ദ്രങ്ങൾ ആശങ്കയേതുമില്ലാതെ തുടരുകയും ഭയമില്ലാതെ ഭാവിയിലെ ആക്രമണങ്ങൾക്കു നിരന്തരം പദ്ധതിയിടുകയും ചെയ്തിരുന്നു. ഇന്ന് സാഹചര്യം മാറി. ഓരോ ആക്രമണത്തിന് ശേഷവും അതിന്റെ സൂത്രധാരന്മാരുടെ ഉറക്കം നഷ്ടപ്പെടുന്നു; കാരണം ഇന്ത്യ കനത്ത തിരിച്ചടി നൽകുമെന്നും കൃത്യവും ലക്ഷ്യവേധിയുമായ നടപടികളിലൂടെ ഭീഷണികളെ ഇല്ലാതാക്കുമെന്നും അവർക്കറിയാം. ഇന്ത്യ ഒരു "പുതിയ സാധാരണ സാഹചര്യം" സ്ഥാപിച്ചിരിക്കുന്നു.**
>
> *നരേന്ദ്ര മോദി, പ്രധാനമന്ത്രി*





## ഡ്രോൺ കരുത്ത്: വളർന്നുവരുന്ന തദ്ദേശീയ വ്യവസായം

550-ലധികം ഡ്രോൺ കമ്പനികളെയും 5,500 ഡ്രോൺ പൈലറ്റുമാരെയും പ്രതിനിധാനം ചെയ്യുന്ന പ്രമുഖ വ്യവസായ സ്ഥാപനമാണ് ഡ്രോൺ ഫെഡറേഷൻ ഓഫ് ഇന്ത്യ (DFI). 2030-ഓടെ ഇന്ത്യയെ ആഗോള ഡ്രോൺ ഹബ്ബാക്കി മാറ്റുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഇന്ത്യൻ ഡ്രോൺ, കൗണ്ടർ ഡ്രോൺ സാങ്കേതികവിദ്യകളുടെ രൂപകൽപ്പന, വികസനം, നിർമാണം, അവലംബിക്കൽ, ആഗോളതലത്തിലുള്ള കയറ്റുമതി എന്നിവയെ ഇത് പ്രോത്സാഹിപ്പിക്കുന്നു.

## ഇന്ത്യൻ ഡ്രോൺ വിപണി

**11** ശതകോടി എന്ന വലിപ്പത്തിലേക്ക് 2030-ഓടെ ഈ വിപണി എത്തുമെന്നു പ്രതീക്ഷിക്കുന്നു.

**12.2%** ആഗോള ഡ്രോൺ വിപണിയിൽ ഇന്ത്യയുടെ വിഹിതം



**'ഓപ്പറേഷൻ സിന്ദൂർ' വേളയിൽ ആകാശ് മിസൈൽ സംവിധാനം, ബ്രഹ്മോസ്, ആകാശ് തീർ വ്യോമ പ്രതിരോധ നിയന്ത്രണ സംവിധാനം, മറ്റ് തദ്ദേശീയ ഉപകരണങ്ങൾ എന്നിവയുടെ കരുത്തിനു ലോകം സാക്ഷ്യം വഹിച്ചു. ഈ ദൗത്യത്തിന്റെ വിജയം നമ്മുടെ ധീരരായ സായുധ സേനയ്ക്കും അതോടൊപ്പം രൂപകൽപ്പന, വികസനം, നിർമാണം എന്നീ മേഖലകളിൽ മുൻനിരയിൽ പ്രവർത്തിക്കുന്ന നൂതനാശയ ഉപജ്ഞാതാക്കളായ 'വ്യവസായ പോരാളികൾക്കും' അവകാശപ്പെട്ടതാണ്.**

*രാജ്നാഥ് സിങ്, രാജ്യരക്ഷാമന്ത്രി*

ഓപ്പറേഷൻ സിന്ദൂർ വേളയിൽ, ഇന്ത്യൻ സേന ഭീകരരുടെ അടിസ്ഥാനസൗകര്യങ്ങൾക്ക് നേരെ പ്രഹരം ഏൽപ്പിക്കുകയും അതുവഴി നിരവധി ഭീഷണികൾ ഇല്ലാതാക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ, രാജ്യത്തിന്റെ പ്രതിരോധത്തിൽ തദ്ദേശീയമായ ഹൈടെക് സംവിധാനങ്ങൾ നിർണായക പങ്ക് വഹിച്ചു. ഡ്രോൺ യുദ്ധമുറകളിലായാലും, ബഹുതല വ്യോമ പ്രതിരോധത്തിലായാലും, ഇലക്ട്രോണിക് യുദ്ധമുറകളിലായാലും, സൈനിക നടപടികളിലെ സാങ്കേതിക സ്വയംപര്യാപ്തതയിലേക്കുള്ള ഇന്ത്യയുടെ യാത്രയിൽ ഓപ്പറേഷൻ സിന്ദൂർ സുപ്രധാന നാഴികക്കല്ലായി മാറി. പാകിസ്ഥാൻ ഉപയോഗിക്കുന്ന ചൈനീസ് നിർമിത വ്യോമ പ്രതിരോധ സംവിധാനങ്ങളെ മറികടന്നും ജാം ചെയ്തുമാണ് വെറും 23 മിനിറ്റിനുള്ളിൽ ഇന്ത്യൻ വ്യോമസേന ഈ ദൗത്യം പൂർത്തിയാക്കിയത്. ഇത് ഇന്ത്യയുടെ സാങ്കേതിക മേധാവിത്വം തെളിയിക്കുന്നു.

ഓപ്പറേഷൻ സിന്ദൂർ വേളയിൽ ഇന്ത്യൻ സൈന്യത്തിന്റെ ആദ്യഘട്ട നടപടികളെത്തുടർന്ന് വിഭ്രാന്തിയിലായ പാകിസ്ഥാൻ, ഡ്രോണുകളും മിസൈലുകളും ഉപയോഗിച്ച് ഉത്തരേന്ത്യയിലെയും പടിഞ്ഞാറൻ ഇന്ത്യയിലെയും അവന്തിപ്പൊറ, ശ്രീനഗർ, ജമ്മു, പഠാൻകോട്ട്, അമൃത്സർ, കപൂർഥല, ജലന്ധർ, ലുധിയാന, ആദംപുർ, ബഠിണ്ഡ, ചണ്ഡീഗഢ്, നാൽ, ഫലോദി, ഉത്തർലായ്, ഭുജ് എന്നിവയുൾപ്പെടെയുള്ള നിരവധി സൈനിക കേന്ദ്രങ്ങളെ ആക്രമിക്കാൻ ശ്രമിച്ചു.

## തദ്ദേശീയവൽക്കരണത്തിലൂടെ സ്വയംപര്യാപ്തത കൈവരിക്കുന്ന പ്രതിരോധ ആവാസവ്യവസ്ഥ

**38,424** കോടിരൂപ : 2025-26 വർഷത്തിൽ കൈവരിച്ച കയറ്റുമതി മൂല്യം.

**50,000** കോടി രൂപ : 2029 വർഷത്തേക്ക് നിശ്ചയിച്ചിട്ടുള്ള കയറ്റുമതി ലക്ഷ്യം

**1,000** കോടിയിൽ താഴെ: വെറും 10 വർഷം മുൻപുള്ള കയറ്റുമതി മൂല്യം.

**3** ലക്ഷം കോടി രൂപ : 2029 വർഷത്തേക്ക് നിശ്ചയിച്ചിട്ടുള്ള ഉൽപ്പാദന ലക്ഷ്യം.

**1.54** ലക്ഷം കോടി: 2023-24 സാമ്പത്തിക വർഷത്തിലെ തദ്ദേശീയ പ്രതിരോധ ഉൽപ്പാദനമൂല്യം.

**25%** എന്നതിൽനിന്ന്, സ്വകാര്യ മേഖലയിലെ ആഭ്യന്തര പ്രതിരോധ ഉൽപ്പാദനം അടുത്ത മൂന്ന് വർഷത്തിനുള്ളിൽ കുറഞ്ഞത് 50 ശതമാനമായെങ്കിലും വർധിപ്പിക്കാൻ ലക്ഷ്യമിടുന്നു.




സംയോജിത കൗണ്ടർ-യുഎഎസ് (ആളില്ലാത്ത വ്യോമ സംവിധാനങ്ങൾ) ഗ്രിഡും വ്യോമ പ്രതിരോധ സംവിധാനങ്ങളും ഉപയോഗിച്ച് ഇവയെല്ലാം ഇല്ലാതാക്കി. തുടർന്ന്, മെയ് 8-ന് രാവിലെ നടത്തിയ പ്രത്യാക്രമണത്തിൽ, പാകിസ്ഥാനിലെ വിവിധയിടങ്ങളിലുള്ള വ്യോമ പ്രതിരോധ റഡാറുകളെയും സംവിധാനങ്ങളെയും ഇന്ത്യൻ സായുധ സേന ലക്ഷ്യമിട്ടു. ലാഹോറിലെ വ്യോമ പ്രതിരോധ സംവിധാനം തകർത്തു. പാകിസ്ഥാനിലെ പ്രധാന വ്യോമതാവളങ്ങളായ നൂർ ഖാൻ, റഹീം യാർ ഖാൻ എന്നിവിടങ്ങളിൽ ഇന്ത്യ അതിസമർഥമായി ആക്രമണം നടത്തി. ലോയിറ്ററിങ് മ്യൂണിഷനുകൾ മാരകമായ പ്രഹരശേഷിയോടെയാണ് ഉപയോഗിച്ചത്; ശത്രുവിന്റെ റഡാർ നിലയങ്ങളും മിസൈൽ സംവിധാനങ്ങളും ഉൾപ്പെടെയുള്ള നിർണായക ലക്ഷ്യങ്ങളെ ഓരോ യൂണിറ്റും സ്വതന്ത്രമായി കണ്ടെത്തി നശിപ്പിച്ചു.

### പഹൽഗാം ആക്രമണം മുതൽ ഓപ്പറേഷൻ സിന്ദൂർ വരെയുള്ള കഥ...

ഏപ്രിൽ 22-ന് പഹൽഗാമിൽ ഭീകരാക്രമണം ഉണ്ടായി. പാകിസ്ഥാൻ പിന്തുണയുള്ള ഭീകരർ ഒരു ഗ്രാമത്തിൽ അതിക്രമിച്ചു കയറുകയും വ്യക്തികളുടെ മതം ചോദിച്ചറിഞ്ഞ ശേഷം അവരെ കൊലപ്പെടുത്തുകയും ചെയ്തു. 26 പേരുടെ മരണത്തിനിടയാക്കിയ ഈ സംഭവത്തിൽ കൊല്ലപ്പെട്ടവരിൽ 25 ഇന്ത്യൻ പൗരന്മാരും ഒരു നേപ്പാൾ സ്വദേശിയും ഉൾപ്പെടുന്നു. സംഭവത്തെത്തുടർന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ശ്രീനഗറിലെത്തുകയും ആക്രമണം നടന്ന സ്ഥലം സന്ദർശിക്കുകയും ചെയ്തു. അന്ന് രാത്രി തന്നെ സുരക്ഷാ സേനകളുമായും രഹസ്യാന്വേഷണ ഏജൻസികളുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തി. ആക്രമണത്തിൽ പങ്കെടുത്ത ഭീകരർ രാജ്യം വിട്ടുപോകാതിരിക്കാൻ ആവശ്യമായ നിർദേശങ്ങൾ അദ്ദേഹം നൽകി. പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ ഏപ്രിൽ 23-നും ഏപ്രിൽ 30-നും സുരക്ഷാകാര്യങ്ങൾക്കായുള്ള കേന്ദ്രമന്ത്രിസഭാസമിതി യോഗങ്ങൾ ചേർന്നു. ഏപ്രിൽ 23-ന് എടുത്ത ആദ്യ തീരുമാനങ്ങൾ സിന്ധു നദീജല കരാർ മരവിപ്പിക്കുകയും പാകിസ്ഥാൻ പൗരന്മാർക്കുള്ള സാർക്ക് (SAARC) വിസകൾ റദ്ദാക്കുകയും ചെയ്യുക എന്നതായിരുന്നു. പാകിസ്ഥാൻ ഹൈക്കമ്മീഷനിലെ പ്രതിരോധ, സൈനിക, നാവിക ഉപദേശകരെ അസ്വീകാര്യരായ വ്യക്തികളായി പ്രഖ്യാപിച്ചു. മെയ് 6-7 രാത്രിയിൽ, ഭീകരർ ഉണ്ടായിരുന്ന ഒൻപത് ഭീകര താവളങ്ങൾ ഇന്ത്യൻ സേന തകർത്തു. ഓപ്പറേഷൻ സിന്ദൂർ വേളയിൽ 125-ലധികം ഭീകരർ കൊല്ലപ്പെട്ടു. മെയ് 7-ന് പുലർച്ചെ 1.22-ന് ഇന്ത്യയുടെ ഡയറക്ടർ ജനറൽ ഓഫ് മിലിട്ടറി ഓപ്പറേഷൻസ് (DGMO), പാകിസ്ഥാൻ സഹപ്രവർത്തകനെ വിളിച്ച്, ഇന്ത്യ ഭീകര താവളങ്ങളും ആസ്ഥാനങ്ങളും തകർത്തുവെന്നും ഇത് ഇന്ത്യയുടെ സ്വയംരക്ഷയ്ക്കുള്ള സഹജമായ അവകാശമാണെന്നും അറിയിച്ചു.



"

**'ഓപ്പറേഷൻ സിന്ദൂറി'ലൂടെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഭീകരർക്കു പിന്നിലെ ബുദ്ധി കേന്ദ്രങ്ങൾ തകർത്തു, 'ഓപ്പറേഷൻ മഹാദേവി'ലൂടെ പഹൽഗാം ആക്രമണത്തിൽ പങ്കെടുത്ത ഭീകരരെ തുടച്ചുനീക്കുകയും ചെയ്തു.**

**അമിത് ഷാ, കേന്ദ്ര ആഭ്യന്തര മന്ത്രി**

മെയ് 8-ന് ഇന്ത്യയിലെ ജനവാസ മേഖലകളെയും സൈനിക കേന്ദ്രങ്ങളെയും ലക്ഷ്യമിട്ട് പാകിസ്ഥാൻ ആക്രമണം നടത്തി. ഈ ആക്രമണത്തിൽ ഒരു ഗുരുദ്വാരയ്ക്ക് കേടുപാടുകൾ സംഭവിക്കുകയും ഒരു ക്ഷേത്രം തകരുകയും ചെയ്തു; നിരവധി സാധാരണക്കാർക്ക് ജീവഹാനി സംഭവിച്ചു. തൊട്ടടുത്ത ദിവസം ഇന്ത്യൻ വ്യോമസേന പാകിസ്ഥാന് കനത്ത തിരിച്ചടി നൽകുകയും അവരുടെ 11 വ്യോമതാവളങ്ങൾക്ക് നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്തു. പാകിസ്ഥാന്റെ വ്യോമതാവളങ്ങളെയും വ്യോമപ്രതിരോധ സംവിധാനങ്ങളെയും ലക്ഷ്യമിട്ടതിലൂടെ അവരുടെ ആക്രമണ ശേഷിയെ ഫലപ്രദമായി തളർത്താൻ ഇന്ത്യക്ക് സാധിച്ചു. ഇതോടെ അഭയം തേടുകയല്ലാതെ പാകിസ്ഥാന് മുന്നിൽ മറ്റ് വഴികളില്ലാതായി. തുടർന്ന് മെയ് 10-ന് പാകിസ്ഥാൻ DGMO ഇന്ത്യൻ DGMO-യെ ബന്ധപ്പെടുകയും വൈകിട്ട് അഞ്ചോടെ ഇന്ത്യ സംഘർഷം അവസാനിപ്പിക്കുകയും ചെയ്തു.

### ഓപ്പറേഷൻ മഹാദേവ്

2025 മെയ് 22-നാണ് ഓപ്പറേഷൻ മഹാദേവ് ആരംഭിച്ചത്. അന്നേദിവസം ദാച്ചിഗാം മേഖലയിൽ ഭീകരരുടെ സാന്നിധ്യമുണ്ടെന്ന രഹസ്യവിവരം ഇന്റലിജൻസ് ബ്യൂറോയ്ക്ക് ലഭിച്ചു. കൊടുംതണുപ്പും ദുഷ്കരമായ ഉയരവും അതിജീവിച്ച് ഇന്റലിജൻസ് ബ്യൂറോ, കരസേന, CRPF എന്നിവയിൽ നിന്നുള്ള ഉദ്യോഗസ്ഥരും ജവാന്മാരും ഭീകരരുടെ സിഗ്നലുകൾ കണ്ടെത്താനായി പ്രദേശത്തു കാൽനടയായി പട്രോളിങ് നടത്തി. ജൂലൈ 22-ന് സെൻസറുകളുടെ സഹായത്തോടെ ഭീകരരുടെ സാന്നിധ്യം സ്ഥിരീകരിക്കുകയും നിർണായകമായ വഴിത്തിരിവ് ഉണ്ടാവുകയും ചെയ്തു. സിആർപിഎഫും ജമ്മു കശ്മീർ പൊലീസും സംയുക്തമായി പ്രദേശം വളയുകയും തുടർന്നുണ്ടായ ഏറ്റുമുട്ടലിൽ പഹൽഗാം ആക്രമണത്തിൽ നിരപരാധികളെ കൊലപ്പെടുത്തിയ മൂന്ന് ഭീകരരെയും വധിക്കുകയും ചെയ്തു.

### ഓപ്പറേഷൻ സിന്ദൂറിൽ ISRO-യുടെ പങ്ക്

മെയ് 11-ന് നടന്ന ചടങ്ങിൽ, രാജ്യത്തെ ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്ന തന്ത്രപരമായ ആവശ്യങ്ങൾക്കായി കുറഞ്ഞത് 10 ഉപഗ്രഹങ്ങളെങ്കിലും 24 മണിക്കൂറും തുടർച്ചയായി പ്രവർത്തിച്ചിരുന്നതായി ISRO ചെയർമാൻ വി. നാരായണൻ സൂചിപ്പിച്ചു. ഉപഗ്രഹ സാങ്കേതികവിദ്യയുടെയും ഡ്രോൺ സാങ്കേതികവിദ്യയുടെയും സംയുക്ത ഉപയോഗത്തിലൂടെ, 7,000 കിലോമീറ്ററിലധികം ദൈർഘ്യമുള്ള ഇന്ത്യയുടെ തീരപ്രദേശം ഇപ്പോൾ നിരീക്ഷിച്ചുവരികയാണ്.

### സുദർശനചക്ര ദൗത്യം

ഇന്ത്യയുടെ ആക്രമണ-പ്രതിരോധ ശേഷികൾ ശക്തിപ്പെടുത്തുന്നതിനായി, രാജ്യത്തിന്റെ സമ്പന്നമായ സാംസ്കാരികവും പുരാണപരവുമായ പൈതൃകത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് പ്രധാനമന്ത്രി മോദി 'സുദർശന ചക്ര ദൗത'ത്തിനു തുടക്കം കുറിച്ചു. ഇന്ത്യയെ ആക്രമിക്കാനുള്ള ശത്രുക്കളുടെ ഏതൊരു ശ്രമത്തെയും തടയാൻ ശേഷിയുള്ള അതിശക്തമായ ആയുധ സംവിധാനം രൂപീകരിക്കുന്നതിനായാണ് സുദർശന ചക്ര ദൗത്യം ആരംഭിച്ചത്. അതിവേഗത്തിലുള്ളതും കൃത്യവും ശക്തവുമായ പ്രതിരോധ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും അതുവഴി ഇന്ത്യയുടെ തന്ത്രപരമായ സ്വയംഭരണാധികാരം ശക്തിപ്പെടുത്തുന്നതിനുമാണ് ഈ സംരംഭം രൂപകൽപ്പന ചെയ്തിരിക്കുന്നത്. 2035-ഓടെ, രാജ്യവ്യാപകമായി വിപുലീകരിച്ച സുരക്ഷാകവചത്തിലൂടെ എല്ലാ പൊതുസ്ഥലങ്ങളും സുരക്ഷിതമാക്കാൻ നിശ്ചയിച്ചിട്ടുണ്ട്.

പുതിയ ഇന്ത്യയും
വനിതാ
നേതൃത്വവും

കവർ സ്റ്റോറി

## 33% വനിതാ സംവരണം

## ജനാധിപത്യ പ്രതിജ്ഞാബദ്ധതയുടെ

# വിളംബരം...



*മുൻകൂട്ടി നിശ്ചയിച്ച അതിർവരമ്പുകൾക്കുള്ളിൽ ഒതുങ്ങിക്കൂടാനല്ല അവൾ സൃഷ്ടിക്കപ്പെട്ടത്... മറിച്ച്, പുതിയ പാതകൾ വെട്ടിത്തുറക്കാനാണ് അവൾ നിയോഗിക്കപ്പെട്ടത്...*

***ഈ ദൃഢനിശ്ചയം നവ ഇന്ത്യയുടെ മികവിന്റെ പ്രയാണത്തിന് വഴികാട്ടുന്നു. ജനസംഖ്യയുടെ പകുതിയോളം വരുന്ന ജനങ്ങളുടെ അവകാശങ്ങൾ ശാക്തീകരിക്കുന്നതിനുള്ള നിരന്തരമായ ശ്രമങ്ങൾ പതിറ്റാണ്ടുകളായി നടന്നുവരികയാണ്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ മൂന്നാം ദശകത്തിന്റെ പകുതി പിന്നിടുമ്പോൾ, സ്ത്രീകളുടെ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്താനുള്ള നിശ്ചയദാർഢ്യം കൂടുതൽ വ്യക്തമായിരിക്കുകയാണ്. കഴിഞ്ഞ 12 വർഷത്തെ രാജ്യത്തിന്റെ നയരൂപീകരണ കാഴ്ചപ്പാട് വനിതാക്ഷേമം എന്നതിൽനിന്ന്, 'നാരീശക്തി' നയിക്കുന്ന വികസനം എന്ന മാതൃകയിലേക്ക് മാറിയിരിക്കുന്നു. വിദ്യാഭ്യാസം, ആരോഗ്യം, സാമ്പത്തിക അഭിവൃദ്ധി, നേതൃത്വപരമായ അവസരങ്ങൾ എന്നീ മേഖലകളിൽ സ്ത്രീകളെ ശാക്തീകരിക്കുന്നതിനായുള്ള അനേകം സംരംഭങ്ങൾ ഈ യാത്രയിലെ നാഴികക്കല്ലുകളായി മാറിയിരിക്കുന്നു. ഈ ദിശയിലുള്ള മുന്നേറ്റത്തിന്റെ ഭാഗമായി, ഏപ്രിൽ 16 മുതൽ 18 വരെ കേന്ദ്ര ഗവണ്മെന്റ് വിളിച്ചുചേർത്ത പ്രത്യേക സമ്മേളനം, നാരീശക്തി നയിക്കുന്ന വികസന യാത്രയോടുള്ള പ്രതിജ്ഞാബദ്ധതയിൽ രാജ്യം അചഞ്ചലമായി നിലകൊള്ളുന്നു എന്ന്, ഈ പവിത്രമായ ജനാധിപത്യ ദേവാലയത്തിൽ നിന്ന് ഒരിക്കൽ കൂടി പ്രഖ്യാപിച്ചു. നവ ഇന്ത്യ ഇപ്പോൾ പുതിയ പുലരിയിലേക്ക് മുന്നേറുകയാണ്; ഓരോ സ്ത്രീയും സ്വപ്നങ്ങൾ കാണുക മാത്രമല്ല, ആ സ്വപ്നങ്ങൾ യാഥാർഥ്യമാക്കുകയും, കരുത്തിലൂടെയും നിശ്ചയദാർഢ്യത്തിലൂടെയും സർഗാത്മകതയിലൂടെയും രാജ്യത്തിന്റെ ഭാവി പ്രകാശിപ്പിക്കുകയും ചെയ്യുന്ന പുതിയ പുലരിയിലേക്ക്.***

**സ്ത്രീ എന്നാൽ ദിവ്യത്വമാണ്; നിങ്ങളിൽ സർവശക്തിയും കുടികൊള്ളുന്നു; നിങ്ങളാണ് ഈ രാജ്യത്തിന്റെ കരുത്ത്.** ഈ വാക്കുകളുടെ അന്തസ്സത്ത ഉൾക്കൊണ്ടാണ് പുതിയ ചരിത്രം കുറിക്കാൻ നവ ഇന്ത്യ പ്രതിജ്ഞാബദ്ധമായിരിക്കുന്നത്. 'വികസിത ഇന്ത്യ' എന്ന കാഴ്ചപ്പാട് യാഥാർഥ്യമാക്കുന്നതിനുള്ള സന്ദേശം ഇപ്പോൾ വനിതാനേതൃത്വത്തിന് കീഴിൽ വിജയഗീതമായി മുഴങ്ങാൻ സജ്ജമായിരിക്കുകയാണ്. ഇതൊരു സങ്കൽപ്പം മാത്രമല്ല; സ്ത്രീകൾ വെറും പങ്കാളികൾ എന്നതിലുപരി മാറ്റത്തിന്റെ മുൻനിര പോരാളികളായി ഉയർന്നുവരികയും, രാജ്യത്തിന്റെ ഗതിയും വിധിയും നിർണയിക്കാൻ പ്രാപ്തരാകുകയും ചെയ്യുന്ന യുഗപ്പകർച്ചയ്ക്ക് സാക്ഷ്യം വഹിക്കുന്ന നിമിഷമാണിത്. 2026 ഏപ്രിൽ 16 മുതൽ 18 വരെ നടന്ന പാർലമെന്റിന്റെ പ്രത്യേക സമ്മേളനത്തിൽ, ദൗർഭാഗ്യവശാൽ കക്ഷിരാഷ്ട്രീയം ദേശീയ പ്രാധാന്യമുള്ള പരിവർത്തന തീരുമാനത്തിനു മേൽ നിഴൽ വീഴ്ത്തി. കേന്ദ്ര ഗവണ്മെന്റിന്റെ പ്രതിജ്ഞാബദ്ധതയേക്കാൾ കൂടുതൽ പ്രാധാന്യം സ്ഥിതിവിവരക്കണക്കുകൾക്കും രാഷ്ട്രീയ കരുനീക്കങ്ങൾക്കും നൽകപ്പെട്ടു. അവകാശങ്ങൾക്കായുള്ള, മൂന്ന് പതിറ്റാണ്ടിലേറെയായി തുടരുന്ന പോരാട്ടം, അതിന്റെ ലക്ഷ്യസ്ഥാനത്ത് എത്തുന്നതിൽ പരാജയപ്പെട്ടു. ഈ തീരുമാനം കേവലം നയപരമായ ഭേദഗതിയിലോ ജനസംഖ്യയുടെ പകുതി പേർക്ക് അവകാശങ്ങൾ നൽകുന്നതിലോ ഒതുങ്ങേണ്ട ഒന്നായിരുന്നില്ല; മറിച്ച് സാമൂഹ്യ ബോധത്തിന്റെ നവോത്ഥാനത്തിൽ അടയാളപ്പെടുത്തേണ്ട സുപ്രധാന നിമിഷമായിരുന്നു അത്. എന്നാൽ, ചരിത്രം കുറിക്കാൻ ഒരുങ്ങിനിന്ന ഈ തീരുമാനത്തിന് പിന്നിലെ രാഷ്ട്രീയ താൽപ്പര്യം രാഷ്ട്രീയ അവസരവാദത്താൽ വഞ്ചിക്കപ്പെട്ടു. 2029-ലെ പൊതുതിരഞ്ഞെടുപ്പ് മുതൽ ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും 33 ശതമാനം സംവരണം നടപ്പാക്കാനുള്ള കേന്ദ്ര ഗവണ്മെന്റിന്റെ ഉറച്ച തീരുമാനം, ഭരണഘടനാപരമായി നിർബന്ധമായ മൂന്നിൽ രണ്ട് ഭൂരിപക്ഷം, അതായത് പാർലമെന്റ് അംഗങ്ങളിൽ നിന്ന് ആവശ്യമായ പിന്തുണ, നേടുന്നതിൽ പരാജയപ്പെട്ടു. ഇപ്പോൾ, ജനാധിപത്യത്തിന്റെ പരമോന്നത ദേവാലയത്തിൽനിന്ന്, കേന്ദ്ര ഗവണ്മെന്റ് ഒരിക്കൽ കൂടി അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നതിങ്ങനെയാണ്: സംഖ്യകൾ ഒത്തു വന്നില്ലെങ്കിലും വനിതാസംവരണം ഉറപ്പാക്കാനുള്ള തീരുമാനം 'നവ ഇന്ത്യ'യുടെ സാംസ്കാരികമായ പ്രതിജ്ഞാബദ്ധതയായി നിലകൊള്ളുന്നു; ഗവണ്മെന്റ് ഈ ലക്ഷ്യത്തിൽ ഉറച്ചുനിൽക്കുന്നു.

ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും 33 ശതമാനം വനിതാസംവരണം വ്യവസ്ഥ ചെയ്യുന്ന ഭരണഘടനാ ഭേദഗതി ബിൽ പാർലമെന്റ് പാസാക്കിയിരുന്നെങ്കിൽ, 2029-ലെ പൊതുതെരഞ്ഞെടുപ്പ് മുതൽ പ്രാബല്യത്തിൽ വരുമായിരുന്ന ഈ ചരിത്രപരമായ നിയമനിർമാണ സംരംഭം 'വികസിത ഇന്ത്യ'യിലേക്കുള്ള പ്രയാണത്തിന് പാതയൊരുക്കുമായിരുന്നു. ഇതിനായി കേന്ദ്ര ഗവണ്മെന്റ് പാർലമെന്റിന്റെ പ്രത്യേക സമ്മേളനം വിളിച്ചുചേർക്കുകയും 2023-ലെ നാരീശക്തി വന്ദൻ അധിനിയം ഭേദഗതി ചെയ്യുന്നതിനുള്ള നിർദേശം ലോക്സഭയിൽ അവതരിപ്പിക്കുകയും ചെയ്തു. ഇതിലൂടെ പതിറ്റാണ്ടുകളായി കാത്തിരിക്കുന്ന രാജ്യത്തെ സ്ത്രീകൾക്ക് വീടിന്റെ അതിരുകൾക്കുള്ളിൽ മാത്രമല്ല, രാജ്യത്തിന്റെ നയരൂപീകരണ പ്രക്രിയയിലും നിർണായക പങ്ക് വഹിക്കാൻ സാധിക്കുമായിരുന്നു.

'നവ ഇന്ത്യ'യുടെ പുതിയ പാർലമെന്റ് 2023 സെപ്റ്റംബർ 20-നും 21-നും ഈ ബിൽ പാസാക്കി ചരിത്രം കുറിച്ചു. പതിറ്റാണ്ടുകളായി തടസ്സപ്പെട്ടു കിടന്ന, അല്ലെങ്കിൽ രാഷ്ട്രീയാധികാരത്തിന് മുൻഗണന നൽകപ്പെട്ടതിനാൽ വെറും ചർച്ചാവിഷയമായി മാത്രം അവശേഷിച്ചിരുന്ന, ബില്ലിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഒടുവിൽ യാഥാർഥ്യമാക്കി. ഇതിനായി, പുതിയ പാർലമെന്റ് മന്ദിരത്തിന്റെ ഉദ്ഘാടനം എന്ന സവിശേഷമായ ലക്ഷ്യത്തോടെ പാർലമെന്റിന്റെ പ്രത്യേക സമ്മേളനം വിളിച്ചുചേർത്ത് ആ സന്ദർഭത്തെ അദ്ദേഹം അവിസ്മരണീയമാക്കി. എങ്കിലും, 2023-ൽ പ്രാബല്യത്തിൽ വന്ന ഈ നിയമം 2029-ലെ ലോക്സഭാ തെരഞ്ഞെടുപ്പ് മുതൽ പ്രായോഗികമായി നടപ്പാക്കുന്നതിന് അതിൽ ഒരു ഭേദഗതി കൊണ്ടുവരേണ്ടത് അനിവാര്യമായി മാറി. 2026 ന് ശേഷം നടക്കേണ്ട ജനസംഖ്യാ കണക്കെടുപ്പു വരെ ഗവണ്മെന്റ് കാത്തിരുന്നിരുന്നെങ്കിൽ, തുടർന്ന് മണ്ഡല പുനർനിർണ്ണയം നടത്തിയിരുന്നെങ്കിൽ, നിയമം ഇതിനകം നടപ്പിലാക്കിയിട്ടുണ്ടെങ്കിലും, 2029 ലെ തിരഞ്ഞെടുപ്പുകളിൽ സ്ത്രീകൾക്ക് ഈ അവകാശം നേടാൻ കഴിയുമായിരുന്നില്ല.



# ‘നാരിശക്തി’യിലൂടെ വികസിത ഭാരതം കെട്ടിപ്പടുക്കുന്നു

*ഇന്ത്യയിലെ വനിതകൾ ഇന്ന് എല്ലാ മേഖലകളിലും മികവ് പുലർത്തുകയും തങ്ങളുടേതായ മുദ്ര പതിപ്പിക്കുകയും ചെയ്യുന്നു. ഈ മാറ്റം കേവലം സ്ത്രീ ശാക്തീകരണത്തിൽ മാത്രം ഒതുങ്ങുന്നില്ല; ഇത് സമൂഹത്തിന്റെ മനോഭാവത്തെയും കഴിവുകളെയും ഒരുപോലെ പുനർനിർമ്മിക്കുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ, സ്ത്രീ ശാക്തീകരണത്തിന്റെ ദിശയിൽ വിപ്ലവകരമായ മാറ്റങ്ങൾക്കാണ് ഇന്ത്യ സാക്ഷ്യം വഹിക്കുന്നത്. വികസിത ഇന്ത്യയുടെ നിർമ്മാണത്തിൽ 'നാരിശക്തി'യുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്ന പ്രധാന പദ്ധതികൾ ഇനിപ്പറയുന്നു.*

## അവകാശങ്ങളും നിയമ സംരക്ഷണവും

*വനിതകൾക്ക് അവകാശങ്ങളും സുരക്ഷയും അവസരങ്ങളും നൽകുന്നതിനായി ചരിത്രപരമായ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ‘നാരിശക്തി വന്ദൻ അധിനിയ’ ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും സ്ത്രീകൾക്ക് അവകാശങ്ങൾ ഉറപ്പാക്കിയപ്പോൾ തന്നെ ‘നാരിശക്തി’ പഞ്ചായത്തുകളെയും ശക്തിപ്പെടുത്തുന്നു.*

- 2029-ലെ പൊതുതിരഞ്ഞെടുപ്പ് മുതൽ പ്രാബല്യത്തിൽ വരുന്ന രീതിയിൽ, വനിതകൾക്ക് 33 ശതമാനം സംവരണം നടപ്പിലാക്കുന്നതിനായി മൂന്ന് ബില്ലുകൾ അവതരിപ്പിച്ചു:
- ഭരണഘടനാ (131-ാം ഭേദഗതി) ബിൽ, 2026
- കേന്ദ്രഭരണ പ്രദേശ നിയമ ഭേദഗതി ബിൽ, 2026
- മണ്ഡല പുനർനിർണ്ണയ ബിൽ, 2026



*1971-72 മുതൽ പാർലമെന്റിൽ സീറ്റുകളുടെ എണ്ണം മാറ്റമില്ലാതെ തുടരുകയാണ്; ഇന്ന്, 20 ലക്ഷത്തിലധികം വോട്ടർമാരുള്ള 127 മണ്ഡലങ്ങളുണ്ട്. ഈ മണ്ഡലങ്ങളിൽ, ‘ഒരു വോട്ട്, ഒരു വോട്ടർ, ഒരു മൂല്യം’ എന്ന തത്വം പൂർണ്ണമായും ലംഘിക്കപ്പെടുന്നു.*

അതനുസരിച്ച്, പാർലമെന്റിന്റെ മൂന്ന് ദിവസത്തെ മറ്റൊരു പ്രത്യേക സമ്മേളനം കൂടി വിളിച്ചുചേർത്തതിലൂടെ, ‘നാരിശക്തി’യുടെ അർഹമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള അചഞ്ചലമായ നിശ്ചയദാർഢ്യവും ചരിത്രപരമായ മുൻകൈയും കേന്ദ്ര ഗവണ്മെന്റ് ഒരിക്കൽ കൂടി രാജ്യത്തിന് മുന്നിൽ തെളിയിച്ചിരിക്കുകയാണ്.

**വനിതാ നേതൃത്വം... പ്രതീകാത്മകമല്ല, പൂർണ്ണമായ പ്രാതിനിധ്യമാണ്**

നാരിശക്തി വന്ദൻ അധിനിയത്തിലെ നിർദ്ദിഷ്ട ഭേദഗതി പ്രകാരം, ലോക്സഭയിലെ സീറ്റുകളുടെ എണ്ണം 545-ൽ നിന്ന് 850 ആയി ഉയർത്താനുള്ള നിർദ്ദേശം മുന്നോട്ടുവെച്ചു. ഇതൊരു ഭരണഘടനാ ഭേദഗതി ബിൽ ആയതിനാൽ, അത് പാസാക്കുന്നതിന് പാർലമെന്റിലെ വെറും ഭൂരിപക്ഷം മാത്രം പോരായിരുന്നു; പകരം മൂന്നിൽ രണ്ട് ഭൂരിപക്ഷം നിർബന്ധമായിരുന്നു. 2029 മുതൽ വനിതാ സംവരണം നടപ്പിലാക്കുന്നത് ഉറപ്പാക്കാൻ ലക്ഷ്യമിട്ടുള്ള ഈ ബില്ലിൻമേൽ ലോക്സഭയിൽ വോട്ടെടുപ്പ് നടന്നപ്പോൾ, 298 പേർ അനുകൂലിച്ചും 230 പേർ എതിർത്തും വോട്ട് ചെയ്തു. ഭരണഘടനാ വ്യവസ്ഥകൾ പ്രകാരം, ലഭിച്ച വോട്ടുകൾ ആവശ്യമായ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തേക്കാൾ കുറവായതിനാൽ ബിൽ പരാജയപ്പെട്ടു. തൽഫലമായി, തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനായി ‘നാരിശക്തി’ക്ക് ഇനി ഒരിക്കൽ കൂടി പോരാടേണ്ടി വരും.

## 'നാരീ ശക്തി വന്ദൻ അധിനിയം'

**33%**

2029-ലെ തിരഞ്ഞെടുപ്പ് മുതൽ ലോക്സഭയിലും നിയമസഭകളിലും സീറ്റുകൾ വനിതകൾക്കായി സംവരണം ചെയ്യും



| | |
|---|---|
| വ്യവസ്ഥകൾ അനുസരിച്ച്, ലോക്സഭയിൽ ആകെ **850** അംഗങ്ങൾ | സംസ്ഥാനങ്ങളെ പ്രതിനിധീകരിച്ച് 815 എം പി മാരും, **35** കേന്ദ്രഭരണ പ്രദേശങ്ങളെ പ്രതിനിധീകരിച്ച് എം പി മാരും |

- ശേഷിക്കുന്ന സീറ്റുകൾ സംവരണമില്ലാത്തവയാണ്, അവയിൽ പുരുഷന്മാർക്കോ സ്ത്രീകൾക്കോ മത്സരിക്കാവുന്നതാണ്.
- പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള സംവരണം, വർദ്ധിച്ച സീറ്റുകളുടെ എണ്ണത്തിന് ആനുപാതികമായി ക്രമീകരിച്ചു; മുൻപുണ്ടായിരുന്ന 131 സീറ്റുകളിൽ നിന്ന് ഇത് 205 ആയി ഉയർത്തി.
- എല്ലാ സംസ്ഥാനങ്ങളിലും സീറ്റുകളുടെ എണ്ണത്തിൽ 50% വർദ്ധനവ് വരുത്തിക്കൊണ്ടുള്ള ഏകീകൃത വിതരണ രീതിയാണ് സ്വീകരിച്ചത്.
- ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ഒരു സംസ്ഥാനത്തിനും സീറ്റുകളുടെ എണ്ണത്തിൽ കുറവുണ്ടാകില്ലെന്ന് ഉറപ്പുവരുത്തിക്കൊണ്ട്, അധിക സീറ്റുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സ്ഥാപിച്ചു.
- നടപ്പാക്കൽ തീയതി മുതൽ 15 വർഷത്തേക്കാണ് സീറ്റുകൾ സംവരണം ചെയ്തിരിക്കുന്നത്-ആവശ്യമെന്ന് തോന്നുകയാണെങ്കിൽ പാർലമെന്റിന് ഈ കാലാവധി നീട്ടാവുന്നതാണ്. ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും വനിതകൾക്ക് 33 ശതമാനം സംവരണം നൽകുന്ന ബിൽ 2023 സെപ്റ്റംബർ 21-22 തീയതികളിൽ പാസാക്കി. രാഷ്ട്രപതിയുടെ അനുമതി ലഭിച്ചതിനെത്തുടർന്ന് സെപ്റ്റംബർ 29-ന് ഇത് നിയമമായി മാറി.
- 2023 സെപ്റ്റംബറിൽ പാസാക്കിയ ഈ നിയമം 2026 ഏപ്രിൽ 16-നാണ് കേന്ദ്ര ഗവണ്മെന്റ് ഔദ്യോഗികമായി വിജ്ഞാപനം ചെയ്തത്.

## തീരുമാനങ്ങൾ എടുക്കുന്നതിൽ പങ്കാളിത്ത ശാക്തീകരണം

**1.45** പഞ്ചായത്തീരാജ് സ്ഥാപനങ്ങളിൽ ലക്ഷം തിരഞ്ഞെടുക്കപ്പെട്ട വനിതാ പ്രതിനിധികൾ.

- ഇത് ആകെ പ്രതിനിധികളുടെ ഏകദേശം 46 ശതമാനം വരും, ആഗോളതലത്തിൽ തന്നെ സമാനതകളില്ലാത്ത ഉദാഹരണം.
- തീരുമാനങ്ങൾ എടുക്കുന്നതിലെ വനിതകളുടെ ശക്തമായ പങ്കാളിത്തത്തിനും ശാക്തീകരിക്കപ്പെട്ട ജനാധിപത്യത്തിനും ഇതൊരു തെളിവാണ്. ഇന്ത്യയിൽ ഇന്ന് സ്ത്രീകൾ കേവലം ഗുണഭോക്താക്കൾ മാത്രമല്ല; നയരൂപീകരണത്തിലെ സജീവ പങ്കാളികൾ കൂടിയാണ്.



## രാഷ്ട്രീയത്തിൽ വനിതാ പങ്കാളിത്തത്തോടുള്ള വർദ്ധിച്ചുവരുന്ന ആവേശം

- ഒന്നാം ലോക്സഭ: 22 വനിതാ അംഗങ്ങൾ
- ആറാം ലോക്സഭ: 19 വനിതാ അംഗങ്ങൾ
- എട്ടാം ലോക്സഭ: 44 വനിതാ അംഗങ്ങൾ
- 14-ാം ലോക്സഭ: 51 വനിതാ അംഗങ്ങൾ
- 17-ാം ലോക്സഭ: 78 വനിതാ അംഗങ്ങൾ
- 18-ാം ലോക്സഭ: 75 വനിതാ അംഗങ്ങൾ

> **"മണ്ഡല പുനർനിർണ്ണയ കമ്മീഷൻ നിയമത്തിൽ ഞങ്ങൾ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല; നിലവിലുള്ള നിയമത്തിലെ പൂർണ്ണവിരാമങ്ങളും കോമകളും പോലും മാറാതെ അത് കൃത്യമായി ഞങ്ങൾ ആവർത്തിച്ചിരിക്കുകയാണ്. മുൻകാലങ്ങളിൽ ഈ നിയമം ഏതെങ്കിലും തരത്തിലുള്ള കൃത്രിമത്വങ്ങൾക്കായി ഉപയോഗിച്ചിട്ടുണ്ടോ എന്നതിനെക്കുറിച്ച് എനിക്ക് അഭിപ്രായം പറയാൻ കഴിയില്ല. എന്നാൽ, നിലവിലെ ഗവണ്മെന്റ് അത്തരം ശ്രമങ്ങളൊന്നും നടത്തിയിട്ടില്ല."**
>
> *- കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ*

മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി, രാഷ്ട്രീയത്തിലെ വനിതാ പ്രാതിനിധ്യം ഇനി പ്രതീകാത്മകമായി മാത്രം തുടരില്ലെന്ന പ്രതിബദ്ധത കേന്ദ്ര ഗവണ്മെന്റ് ആവർത്തിച്ചു; മറിച്ച്, പകുതിയോളം വരുന്ന ജനസംഖ്യയുടെ അർഹമായ പ്രാതിനിധ്യം യാഥാർത്ഥ്യമാക്കി മാറ്റുന്നതിൽ ഗവണ്മെന്റ് ഉറച്ചുനിൽക്കുന്നു. നിയമനിർമ്മാണ സഭകളിൽ വനിതകൾക്ക് സീറ്റുകൾ സംവരണം ചെയ്യുക എന്ന പതിറ്റാണ്ടുകൾ നീണ്ട സ്വപ്നത്തെ യാഥാർത്ഥ്യമാക്കി മാറ്റിയത് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നിശ്ചയദാർഢ്യമാണ്. രാഷ്ട്രീയ സമവായത്തിനായി കാത്തിരിക്കുന്നു എന്ന ഒഴികഴിവ് പറഞ്ഞ് വർഷങ്ങളോളം മുടങ്ങിക്കിടന്ന ബിൽ, കേന്ദ്ര ഗവണ്മെന്റിന്റെ ധീരമായ തീരുമാനം, അചഞ്ചലമായ ദൃഢനിശ്ചയം, ആത്മാർത്ഥമായ മുൻകൈ എന്നിവയാൽ 2023 സെപ്റ്റംബറിലെ പ്രത്യേക പാർലമെന്റ് സമ്മേളനത്തിൽ അനായാസമായി നിയമമായി മാറി. ലോകസഭയിലും സംസ്ഥാന നിയമസഭകളിലും വനിതകൾക്ക് 33 ശതമാനം സീറ്റുകൾ സംവരണം ചെയ്യുന്നതിന് ഇത് വഴിയൊരുക്കി.

എന്നിരുന്നാലും, സാങ്കേതിക തടസ്സങ്ങൾ കാരണം ഈ

പുതിയ ഇന്ത്യയും
വനിതാ
നേതൃത്വവും

കവർ സ്റ്റോറി

## മൂന്ന് പതിറ്റാണ്ടിന്റെ യാത്ര, എത്രയും വേഗം നടപ്പാക്കാനുള്ള പ്രതിബദ്ധത



- ഇന്ത്യയിലെ സ്ത്രീകളുടെ അവസ്ഥയെക്കുറിച്ച് പഠിക്കാൻ 1975-ൽ രൂപീകരിച്ച സമിതി, വനിതാ പ്രാതിനിധ്യം കുറഞ്ഞുവരുന്നത് ശ്രദ്ധിക്കുകയും അതിനെക്കുറിച്ച് അഭിപ്രായപ്പെടുകയും ചെയ്തു.
- 1981-ലെ നാഷണൽ പെർസ്പെക്റ്റീവ് പ്ലാൻ എല്ലാ ഭരണ സമിതികളിലും വനിതകൾക്ക് 30% സംവരണം ശുപാർശ ചെയ്തു.
- 73, 74 ഭരണഘടനാ ഭേദഗതികൾ നടപ്പിലാക്കിയെങ്കിലും, ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും വനിതാ സംവരണം നടപ്പിലാക്കാനുള്ള നീക്കം പരാജയപ്പെട്ടു.
- വനിതാ സംവരണത്തിനായുള്ള ആദ്യത്തെ ബിൽ, 81-ാം ഭരണഘടനാ ഭേദഗതി ബില്ലായി എച്ച്.ഡി. ദേവഗൗഡ ഗവൺമെന്റിന്റെ കാലത്ത് 1996 സെപ്റ്റംബർ 12-ന് അവതരിപ്പിച്ചു. ഇത് സംയുക്ത പാർലമെന്ററി സമിതിയുടെ പരിഗണനയ്ക്ക് വിട്ടു; എങ്കിലും സമിതി റിപ്പോർട്ട് സമർപ്പിച്ചപ്പോഴേക്കും 11-ാം ലോക്സഭ പിരിച്ചുവിട്ടതിനാൽ ബിൽ അസാധുവായി.
- രണ്ടാം തവണ, 1998 ഡിസംബർ 14-ന് അടൽ ബിഹാരി വാജ്പേയി ഗവൺമെന്റിന്റെ കാലത്ത് 84-ാം ഭരണഘടനാ ഭേദഗതി ബില്ലായി ഇത് അവതരിപ്പിച്ചു; എന്നാൽ 12-ാം ലോക്സഭ പിരിച്ചുവിട്ടതോടെ ഈ ശ്രമവും അവസാനിച്ചു.
- മൂന്നാം തവണയും അടൽ ബിഹാരി വാജ്പേയി ഗവൺമെന്റിന്റെ കീഴിൽ 1999 ഡിസംബർ 23-ന് 85-ാം ഭരണഘടനാ ഭേദഗതി ബിൽ അവതരിപ്പിച്ചു; എങ്കിലും രാഷ്ട്രീയ പാർട്ടികൾക്കിടയിൽ സമവായമില്ലാത്തതിനാൽ ബിൽ മുന്നോട്ട് പോയില്ല.
- നാലാമത്തെ ശ്രമം ഡോ. മൻമോഹൻ സിംഗ് ഗവൺമെന്റിന്റെ കീഴിലായിരുന്നു. 2008 മെയ് 6-ന് രാജ്യസഭയിൽ 108-ാം ഭരണഘടനാ ഭേദഗതി ബിൽ അവതരിപ്പിക്കുകയും തുടർന്ന് ബിൽ ഒരു സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് വിടുകയും ചെയ്തു. കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചതിനെത്തുടർന്ന്, വലിയ ബഹളങ്ങൾക്കിടയിൽ 2010 മാർച്ച് 9-ന് രാജ്യസഭ ബിൽ പാസാക്കി. തുടർന്ന് ഇത് ലോക്സഭയിലേക്ക് അയച്ചെങ്കിലും, 2014 മെയ് 18-ന് ലോക്സഭ പിരിച്ചുവിട്ടതോടെ ബിൽ അസാധുവായി.
- നിലവിലെ ഗവൺമെന്റിന് കീഴിൽ, 2023 സെപ്റ്റംബർ 18-ന് കേന്ദ്ര മന്ത്രിസഭ 'നാരീ ശക്തി വന്ദൻ അധിനിയം, 2023' (വനിതാ സംവരണ ബിൽ) അംഗീകരിച്ചു.
- 2023 സെപ്റ്റംബർ 19-ന് പ്രത്യേക പാർലമെന്റ് സമ്മേളനത്തിൽ 'നാരീ ശക്തി വന്ദൻ അധിനിയം, 2023' (128-ാം ഭരണഘടനാ ഭേദഗതി ബിൽ) ലോക്സഭയിൽ അവതരിപ്പിച്ചു. 454 പേർ ബില്ലിനെ അനുകൂലിച്ചപ്പോൾ വെറും 2 പേർ മാത്രമാണ് എതിർത്ത് വോട്ട് ചെയ്തത്.
- 2023 സെപ്റ്റംബർ 20-ന് നാരീ ശക്തി വന്ദൻ അധിനിയം, 2023 രാജ്യസഭയിൽ അവതരിപ്പിക്കുകയും എതിർപ്പുകളില്ലാതെ 214 വോട്ടുകൾക്ക് പാസാക്കുകയും ചെയ്തു.
- 2023 സെപ്റ്റംബർ 28-ന് രാഷ്ട്രപതി ദ്രൗപദി മുർമു നാരീ ശക്തി വന്ദൻ അധിനിയം, 2023 ഒപ്പുവെച്ചു, അതിനെത്തുടർന്ന് ഇത് നിയമമായി മാറി.
- 2026 ഏപ്രിൽ 16 മുതൽ 18 വരെ നടന്ന പ്രത്യേക പാർലമെന്റ് സമ്മേളനത്തിൽ 131-ാം ഭരണഘടനാ ഭേദഗതി ബിൽ 2026, മണ്ഡല പുനർനിർണ്ണയ ബിൽ 2026, കേന്ദ്രഭരണ പ്രദേശങ്ങളിലെ നിയമ ഭേദഗതി ബിൽ 2026 എന്നിവ അവതരിപ്പിച്ചുകൊണ്ട് ഗവൺമെന്റ് അതിന്റെ പ്രതിബദ്ധത പ്രകടമാക്കിയെങ്കിലും, ഭരണഘടനാ ഭേദഗതി ബില്ലിന് ആവശ്യമായ മൂന്നിൽ രണ്ട് ഭൂരിപക്ഷം ലഭിച്ചില്ല. തൽഫലമായി വനിതകൾക്ക് 33% സംവരണം നൽകുന്ന നടപടി ത്വരിതപ്പെടുത്താൻ സാധിച്ചില്ല.

നിയമം നടപ്പിലാക്കുന്നതിൽ കാലതാമസം നേരിട്ടു. ഇതിനെത്തുടർന്ന്, നിയമത്തിൽ ഭേദഗതി വരുത്താൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചു; ഏപ്രിൽ 16 മുതൽ 18 വരെ പാർലമെന്റിന്റെ പ്രത്യേക സമ്മേളനം വിളിച്ചുചേർക്കുകയും, 2023 സെപ്റ്റംബറിൽ പാസാക്കിയ നിയമത്തിൽ ആവശ്യമായ ഭേദഗതികൾ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയും ചെയ്തു.

**നിശ്ചയദാർഢ്യത്തിന്റെ പ്രതിഫലനമായ പ്രത്യേക സമ്മേളനം**

പാർലമെന്റിന്റെ ഈ പ്രത്യേക സമ്മേളനം ചരിത്രം സൃഷ്ടിക്കുന്നതിൽ വിജയിച്ചില്ലായിരിക്കാം, എങ്കിലും നാരീശക്തിയെ ശാക്തീകരിക്കുക എന്ന ദൗത്യത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര ഗവൺമെന്റിന്റെ നിശ്ചയദാർഢ്യത്തിന്റെയും പ്രതിബദ്ധതയുടെയും ശക്തമായ തെളിവായി ഇത് വർത്തിച്ചു. 2029-ലെ പൊതുതിരഞ്ഞെടുപ്പ് മുതൽ വനിതാ സംവരണം ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് നാരീ ശക്തി വന്ദൻ അധിനിയം ഭേദഗതി ചെയ്യേണ്ടത് അനിവാര്യമായിരുന്നു. ഈ പ്രതിബദ്ധത ഉൾക്കൊണ്ടാണ് കേന്ദ്ര ഗവൺമെന്റ് പ്രത്യേക പാർലമെന്റ് സമ്മേളനം വിളിച്ചുചേർക്കുകയും ആവശ്യമായ നിയമനിർമ്മാണ ബിൽ അവതരിപ്പിക്കുകയും ചെയ്തത്. പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ ഉദ്യമം ഏറ്റെടുത്തത് ഒരു രാഷ്ട്രീയ തന്ത്രമായല്ല, മറിച്ച് ദേശീയ താൽപ്പര്യം മുൻനിർത്തിയുള്ള തീരുമാനമായും നാരീശക്തിയുടെ അർഹമായ അവകാശമായും ഇന്ത്യയുടെ ആഴത്തിൽ വേരൂന്നിയ സാംസ്കാരിക മൂല്യങ്ങളുടെ പ്രതിഫലനമായുമാണ്.




*വിഖ്യാത മണൽ ശില്പി സുദർശൻ പട്നായിക്, പുരി കടൽത്തീരത്ത് 'നാരിശക്തി വന്ദൻ' എന്ന പ്രമേയത്തിൽ മനോഹരമായ ഒരു മണൽ ശില്പം ഒരുക്കി.*

എങ്കിലും, പതിറ്റാണ്ടുകളായി തുടരുന്ന 'ഒഴികഴിവുകളുടെയും തടസ്സവാദങ്ങളുടെയും' വലയം 2029-ഓടെ വനിതാ സംവരണം നടപ്പിലാക്കുന്നതിനുള്ള പാതയിൽ വീണ്ടും തടസ്സങ്ങൾ സൃഷ്ടിച്ചിരിക്കുകയാണ്. ഈ പ്രത്യേക സമ്മേളനം വിളിച്ചു ചേർത്തതു മുതൽ, വനിതാ സംവരണ നയം പ്രാവർത്തികമാക്കുന്നതിൽ ഒരു ദിവസം പോലും പാഴാക്കരുതെന്ന് പ്രധാനമന്ത്രി രാജ്യത്തോട് നിരന്തരം ഊന്നിപ്പറയുന്നുണ്ട്.

2023 സെപ്റ്റംബറിലെന്നപോലെ, വനിതാ സംവരണ കാര്യത്തിലുള്ള ജനാധിപത്യപരമായ പ്രതിബദ്ധതയുടെ ആവേശകരമായ പ്രതിധ്വനികൾ ഈ 'ജനാധിപത്യ ശ്രീകോവിലിൽ' വീണ്ടും മുഴങ്ങുമെന്ന് കേന്ദ്ര ഗവണ്മെന്റ് ശുഭാപ്തിവിശ്വാസം പുലർത്തിയിരുന്നു. എന്നിരുന്നാലും, ഒരു സമവായത്തിൽ എത്താൻ സാധിച്ചില്ല; പ്രതിപക്ഷത്തിന്റെ പിന്തുണയില്ലാത്തതിനാൽ, ഭരണഘടനാ ഭേദഗതി ബിൽ പാസാക്കുന്നതിന് ആവശ്യമായ അംഗബലം പാർലമെന്റിൽ ഉണ്ടാക്കാൻ ഗവൺമെന്റിന് കഴിഞ്ഞില്ല.

ഭേദഗതി ബിൽ പാർലമെന്റിൽ അവതരിപ്പിക്കുന്നതിൽ മാത്രം ഒതുങ്ങിനിൽക്കുന്നതല്ല പ്രധാനമന്ത്രി മോദിയുടെ പ്രതിബദ്ധത; ഭേദഗതിയെ പിന്തുണയ്ക്കുന്നതിന് പകരമായി അതിന്റെ മുഴുവൻ ക്രെഡിറ്റും പ്രതിപക്ഷത്തിന് നൽകുമെന്ന് ഈ പ്രത്യേക ചർച്ചയിൽ പങ്കെടുത്തുകൊണ്ട്, അദ്ദേഹം ഏകപക്ഷീയമായി പ്രഖ്യാപിച്ചു. ലോകസഭയിലെ ചർച്ചയ്ക്കായി അനുവദിച്ച സമയം നീട്ടിനൽകുകയും, ആദ്യ ദിവസം പുലർച്ചെ ഒരു മണി വരെ ചർച്ച തുടരുകയും ചെയ്തു. ഭേദഗതിയെക്കുറിച്ച് പ്രചരിക്കുന്ന തെറ്റിദ്ധാരണകൾ നീക്കുന്നതിനായി യുക്തിസഹമായ മറുപടികൾ നൽകിക്കൊണ്ട് കേന്ദ്ര ഗവണ്മെന്റ് പ്രശ്നം ഫലപ്രദമായി പരിഹരിക്കുകയും ചെയ്തു. വിയോജിപ്പുകളെയും വികാരങ്ങളെയും അഭിസംബോധന ചെയ്യുന്നതിനും ശാന്തമാക്കുന്നതിനും ആവശ്യമായ എല്ലാ വിവരങ്ങളും ലഭ്യമാക്കി. വനിതാ സംവരണ വിഷയം ഏതാണ്ട് നാല് പതിറ്റാണ്ടായി രാഷ്ട്രീയ ചർച്ചാവിഷയമാണെന്നും, രാജ്യത്തെ ജനസംഖ്യയുടെ പകുതിയോളം വരുന്ന സ്ത്രീകൾക്ക് അവരുടെ അർഹമായ പ്രാതിനിധ്യം ലഭിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നുവെന്നും പ്രധാനമന്ത്രി മോദി എടുത്തുപറഞ്ഞു.

മാത്രമല്ല, എല്ലാ രാഷ്ട്രീയ പാർട്ടികളും ശ്രദ്ധാപൂർവ്വം ആലോചിക്കണമെന്നും അതീവ സംവേദനക്ഷമതയോടെ വനിതാ സംവരണ ഭേദഗതിക്ക് അനുകൂലമായി വോട്ട് ചെയ്യണമെന്നും പ്രധാനമന്ത്രി തന്നെ അഭ്യർത്ഥിച്ചു. രാജ്യത്തെ സ്ത്രീകൾക്ക് വേണ്ടി സംസാരിച്ച അദ്ദേഹം, നാരീശക്തിയുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്ന ഒന്നും ചെയ്യില്ലെന്ന് ഉറപ്പാക്കാൻ എല്ലാ പാർലമെന്റ് അംഗങ്ങളോടും ആവശ്യപ്പെട്ടു. രാജ്യത്തുടനീളമുള്ള ദശലക്ഷക്കണക്കിന് വനിതകൾ പാർലമെന്റിനെയും അതിന്റെ ലക്ഷ്യങ്ങളെയും തീരുമാനങ്ങളെയും ഉറ്റുനോക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. സ്വന്തം വീടുകളിലെ അമ്മമാരെയും സഹോദരിമാരെയും പെൺമക്കളെയും ഭാര്യമാരെയും മനസ്സിൽ വെച്ചുകൊണ്ട് മനസാക്ഷിയുടെ സ്വരം കേൾക്കാൻ പ്രധാനമന്ത്രി എംപിമാരോട് ആഹ്വാനം ചെയ്തു. ഈ ഭേദഗതിയെ രാജ്യത്തെ വനിതകളെ സേവിക്കാനും ആദരിക്കാനുമുള്ള മഹത്തായ അവസരമായി വിശേഷിപ്പിച്ച പ്രധാനമന്ത്രി മോദി, അംഗങ്ങളോട് ഹൃദയംഗമമായി ഇപ്രകാരം അഭ്യർത്ഥിച്ചു.

**"എല്ലാ പാർലമെന്റ് അംഗങ്ങളോടും ഞാൻ പറയുന്നു... നിങ്ങളുടെ തന്നെ വീടുകളിലെ അമ്മമാരെയും സഹോദരിമാരെയും മക്കളെയും ഭാര്യയേയും മനസ്സിൽ വെച്ചുകൊണ്ട് നിങ്ങളുടെ മനസ്സാക്ഷിയുടെ സ്വരം കേൾക്കൂ...**

**രാജ്യത്തെ നാരീശക്തിയെ സേവിക്കാനും അവർക്ക് ആദരവ് അർപ്പിക്കാനുമുള്ള മഹത്തായ അവസരമാണിത്.**

**അവർക്ക് പുതിയ അവസരങ്ങൾ നിഷേധിക്കരുത്."**

**'ഈ ഭേദഗതി ഏകകണ്ഠമായി പാസാക്കുകയാണെങ്കിൽ, രാജ്യത്തെ 'നാരീശക്തി' കൂടുതൽ ശാക്തീകരിക്കപ്പെടും... രാജ്യത്തിന്റെ ജനാധിപത്യം കൂടുതൽ ശക്തിപ്പെടും.**

**വരൂ... നമുക്ക് ഇന്ന് ഒന്നിച്ച് ചരിത്രം സൃഷ്ടിക്കാം. ഭാരതത്തിലെ സ്ത്രീകൾക്ക്-രാജ്യത്തെ 'പകുതി ജനസംഖ്യ'യ്ക്ക്-അവരുടെ അർഹമായ അവകാശം നൽകാം."**

# ജനനം മുതൽ ഓരോ ഘട്ടത്തിലും; ജീവിതത്തിന്റെ എല്ലാ കാലഘട്ടങ്ങൾക്കുമായി ഗവണ്മെന്റ് പദ്ധതികൾ

**ബേട്ടി ബച്ചാവോ, ബേട്ടി പഠാവോ**
*പെൺകുഞ്ഞുങ്ങൾ ഗർഭപാത്രത്തിൽ തന്നെ കൊല്ലപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന്*

**മാതൃ വന്ദന യോജന**
*ഓരോ അമ്മയ്ക്കും ശരിയായ പോഷകാഹാരം ലഭിക്കുന്നതിന്*

**സുകന്യ സമൃദ്ധി യോജന**
*പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് തടസ്സങ്ങൾ ഉണ്ടാകില്ലെന്ന് ഉറപ്പാക്കുന്നതിന്*

**മിഷൻ ഇന്ദ്രധനുഷ്**
*മാരകമായ രോഗങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനായി കൃത്യസമയത്ത് പ്രതിരോധ കുത്തിവെയ്പ്പ് ഉറപ്പാക്കുന്നതിന്*

**സ്വച്ഛ് ഭാരത് മിഷൻ**
*സ്കൂളുകളിൽ പെൺകുട്ടികൾക്ക് ശുചിമുറി സൗകര്യമില്ലാത്ത അവസ്ഥ ഉണ്ടാകില്ലെന്ന് ഉറപ്പുവരുത്തുന്നതിന്*

**സാനിറ്ററി പാഡ് കാമ്പയിൻ**
*ആർത്തവകാലത്ത് അസ്വസ്ഥതകൾ ഉണ്ടാകില്ലെന്ന് ഉറപ്പാക്കുന്നതിന്*

**ഖേലോ ഇന്ത്യ**
*കായികരംഗത്ത് മികവ് തെളിയിക്കാൻ അവസരങ്ങൾ നൽകുന്നു; വർഷം തോറും 1 ലക്ഷം രൂപ വരെ സാമ്പത്തിക സഹായവും ലഭ്യമാക്കുന്നു*



**ഉജ്ജ്വലാ യോജന**
*പുകയിൽ നിന്നുള്ള മോചനം; ഓരോ വീടിനും സൗജന്യ ഗ്യാസ് കണക്ഷൻ*

**ജൽ ജീവൻ മിഷൻ**
*വെള്ളവും ചുമന്നുകൊണ്ട് കിലോമീറ്ററുകളോളം നടക്കേണ്ട അവസ്ഥയ്ക്ക് അറുതി വരുത്തുന്നു*

**സൗജന്യ റേഷൻ പദ്ധതി**
*ഭക്ഷ്യധാന്യങ്ങളെക്കുറിച്ചുള്ള ആശങ്കകൾക്ക് വിരാമമിടുന്നു*

**ആയുഷ്മാൻ യോജന**
*5 ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിത്സ; കുടുംബത്തിന്റെ ആരോഗ്യ സംരക്ഷണത്തെക്കുറിച്ചുള്ള സാമ്പത്തിക ഉത്കണ്ഠ ഇല്ലാതാക്കുന്നു*

**ജൻ ഔഷധി കേന്ദ്രങ്ങൾ**
*മരുന്നുകൾക്ക് 80 ശതമാനം വരെ വിലക്കിഴിവ്*

**പ്രസവാവധി:** *26 ആഴ്ച ഔദ്യോഗിക ജീവിതത്തെ ബാധിക്കില്ലെന്ന് ഉറപ്പുവരുത്തുന്നു. സമ്പന്ന രാജ്യങ്ങളിൽ പോലും ഈ ആനുകൂല്യം ലഭ്യമല്ല*

**സൈനിക് സ്കൂളുകളും എൻ.ഡി.എയും:** *സായുധ സേനയിൽ ചേരാൻ ആഗ്രഹിക്കുന്ന പെൺകുട്ടികൾക്കായി വഴിയൊരുക്കുന്നു*

**സ്കിൽ ഇന്ത്യ**
*നൈപുണ്യ വികസനവും തൊഴിലധിഷ്ഠിത പരിശീലനവും പ്രോത്സാഹിപ്പിക്കുന്നതിലൂടെ 'ഡ്രോൺ ദീദി'കളെ 'ലഖ്പതി ദീദി'കളായി മാറ്റുന്നു*



വനിതകൾക്ക് അവരുടെ അർഹമായ വിഹിതം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനുള്ള തന്റെ അഭ്യർത്ഥനയ്ക്കൊപ്പം, ഈ തീരുമാനത്തെ രാഷ്ട്രീയ കണ്ണിലൂടെ കാണാതെ ദേശ താൽപ്പര്യത്തിന്റെ തുലാസിൽ അളക്കണമെന്നും പ്രധാനമന്ത്രി മോദി ആവശ്യപ്പെട്ടു. 'രാജ്യത്തെ 'പകുതി ജനസംഖ്യ'യെ രാഷ്ട്രനിർമ്മാണത്തിൽ സജീവ പങ്കാളികളാക്കാൻ അവസരം ലഭിച്ച നമ്മളെല്ലാവരും ഭാഗ്യവാന്മാരാണ്. നമ്മുടെ സ്ത്രീകൾ രാജ്യത്തിന്റെ നയരൂപീകരണ പ്രക്രിയയുടെ അവിഭാജ്യ ഘടകമായി മാറേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്... കഴിഞ്ഞ 25-30 വർഷത്തിനിടയിൽ, താഴെത്തട്ടിൽ ദശലക്ഷക്കണക്കിന് സ്ത്രീകൾ നേതാക്കളായും അഭിപ്രായരൂപീകരണകർത്താക്കളായും ഉയർന്നുവന്നിട്ടുണ്ട്. അതിനാൽ, ഇപ്പോൾ അവരെ എതിർക്കുന്നവർ വരുംകാലങ്ങളിൽ വലിയ വില നൽകേണ്ടി വരും... രാജ്യത്തെ വനിതകൾക്ക് സംവരണം നൽകുക എന്നത് ദേശീയ താൽപ്പര്യം മുൻനിർത്തി എടുത്ത തീരുമാനമാണ്-നമ്മുടെ അമ്മമാരും സഹോദരിമാരും പെൺമക്കളും നമ്മുടെ ഉദ്ദേശശുദ്ധി തിരിച്ചറിയുന്ന ഒന്നാണിത്. അതിനാൽ, ഈ വിഷയത്തെ രാഷ്ട്രീയ തുലാസിൽ അളക്കരുത്... രാജ്യത്തെ സ്ത്രീകൾക്ക് നമ്മൾ എന്തോ നൽകുന്നു' എന്ന മിഥ്യാധാരണ നമുക്ക് വേണ്ട; മറിച്ച്, ഇത് അവരുടെ സഹജമായ അവകാശമാണ്. ക്രെഡിറ്റ് അവകാശപ്പെടുക എന്നതല്ല നമ്മുടെ ലക്ഷ്യം, മറിച്ച് സ്ത്രീകളെ കൂടുതൽ ശാക്തീകരിക്കുക എന്നതാണ്', അദ്ദേഹം പറഞ്ഞു.

2029-ലെ പൊതുതിരഞ്ഞെടുപ്പിന് ശേഷം രൂപീകരിക്കുന്ന ലോക്സഭയിൽ കുറഞ്ഞത് 33 ശതമാനം അംഗങ്ങളെങ്കിലും സ്ത്രീകളായിരിക്കണം എന്നതായിരുന്നു കേന്ദ്ര ഗവണ്മെന്റിന്റെ കാഴ്ചപ്പാട്. അതുകൊണ്ട് തന്നെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇപ്രകാരം നിരീക്ഷിക്കുന്നു, 'എന്റെ ജീവിതത്തിലെ ഏറ്റവും സുപ്രധാനമായ സന്ദർഭങ്ങളിൽ ഒന്നാണിത്. 2029-ലെ ലോക്സഭാ തിരഞ്ഞെടുപ്പും ഭാവിയിലെ നിയമസഭാ തിരഞ്ഞെടുപ്പുകളും വനിതാ സംവരണ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുക എന്നതാണ് ഇനി അനിവാര്യമായ കാര്യം.' ഈ ബിൽ ഇതുവരെ നിയമമായിട്ടില്ലെങ്കിലും, കേന്ദ്ര ഗവണ്മെന്റിന്റെ പ്രതിബദ്ധത തികച്ചും വ്യക്തമാണ്; കാരണം ഭാരതം 'അമൃതകാല'ത്തിലേക്ക് കുതിക്കുമ്പോൾ, അവിടുത്തെ സ്ത്രീകൾ ഉദ്ഗ്രഥനത്തിന്റെയും സത്യസന്ധതയുടെയും നിശ്ചയദാർഢ്യത്തിന്റെയും നേതൃത്വത്തിന്റെയും പ്രതീകങ്ങളായി ഉയർന്നുവന്നിരിക്കുന്നു.

## മുന്നോട്ട് കുതിയ്ക്കുന്നു

- രാജ്യത്തിന്റെ പെൺമക്കൾ യുദ്ധവിമാന പൈലറ്റുമാരായി ആകാശത്തിന്റെ ഉയരങ്ങൾ കീഴടക്കുന്നു.
- ലോകത്തിലെ മറ്റേതൊരു രാജ്യത്തെയും അപേക്ഷിച്ച് ഏറ്റവും കൂടുതൽ വനിതാ പൈലറ്റുമാർ ഇന്ത്യയിലാണ്.
- 2014-ലെ കണക്കുകളെ അപേക്ഷിച്ച് പിഎച്ച്ഡി പ്രോഗ്രാമുകളിൽ ചേരുന്ന സ്ത്രീകളുടെ എണ്ണം ഇരട്ടിയോളം വർദ്ധിച്ചു.
- ഗണിതശാസ്ത്രത്തിലും ശാസ്ത്രവിഷയങ്ങളിലും പ്രത്യേകിച്ച് STEM വിദ്യാഭ്യാസത്തിലും സ്ത്രീകളുടെ പങ്കാളിത്തം 43 ശതമാനത്തിലെത്തി.
- 21 സംസ്ഥാനങ്ങളിലെ പഞ്ചായത്തുകളിൽ വനിതാ പ്രാതിനിധ്യം 50 ശതമാനത്തോളമായി.



'വികസിത ഭാരതം' കെട്ടിപ്പടുക്കുന്നതിൽ സ്ത്രീകൾ മുന്നണിപ്പോരാളികളായി പ്രവർത്തിക്കുമെന്നും അവർ ശാക്തീകരിക്കപ്പെട്ടവരും കഴിവുള്ളവരും രാജ്യത്തെ അതിന്റെ ലക്ഷ്യസ്ഥാനത്തേക്ക് നയിക്കുന്നവരുമായിരിക്കുമെന്നും കേന്ദ്ര കേന്ദ്രഗവൺമെന്റ് കരുതുന്നു.

**വനിതാ സംവരണം... യാത്ര തുടരുന്നു**

ബാബാസാഹേബ് ഡോ. ഭീംറാവു അംബേദ്കർ ഒരിക്കൽ ഇങ്ങനെ അഭിപ്രായപ്പെട്ടു: 'ഏതെങ്കിലും രാജ്യത്ത് സ്ത്രീകൾ പുരോഗതി കൈവരിക്കുന്നുണ്ടെങ്കിൽ, ആ സമൂഹവും ആ രാജ്യവും യഥാർത്ഥത്തിൽ പുരോഗമിക്കുകയാണെന്ന് ഞാൻ വിശ്വസിക്കുന്നു.' ഈ കാഴ്ചപ്പാടിന് മൂർത്ത രൂപം നൽകിക്കൊണ്ട്, കേന്ദ്ര ഗവണ്മെന്റ് 2023-ൽ തന്നെ ഭരണഘടനാ ഭേദഗതിയിലൂടെ നാഷണൽ ക്യാപിറ്റൽ ടെറിട്ടറി ഓഫ് ഡൽഹി, ലോക്സഭ, സംസ്ഥാന നിയമസഭകൾ എന്നിവിടങ്ങളിൽ സ്ത്രീകൾക്കായി 33 ശതമാനം സംവരണം നടപ്പിലാക്കുന്നതിനുള്ള വ്യവസ്ഥകൾ നടപ്പിലാക്കി. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള സീറ്റ് സംവരണം നിലവിലുണ്ടെങ്കിലും, സ്ത്രീകൾക്കായുള്ള 33 ശതമാനം സംവരണം നിലവിലുള്ള ചട്ടക്കൂടിനുള്ളിൽ തന്നെ ഉറപ്പാക്കേണ്ടതുണ്ട്. എന്നിരുന്നാലും, 2023-ൽ പാസാക്കിയ നിയമം 2026 ഏപ്രിൽ 16-നാണ് ഔദ്യോഗികമായി വിജ്ഞാപനം ചെയ്തത്. സ്ത്രീകൾക്കുള്ള 33 ശതമാനം സംവരണം നടപ്പിലാക്കുമെങ്കിലും, അത് യാഥാർത്ഥ്യമാക്കുന്നതിൽ നടപടിക്രമപരമായ കാലതാമസം ഉണ്ടാകുമെന്നാണ് ഇത് സൂചിപ്പിക്കുന്നത്.

> **നമ്മുടെ രാജ്യത്തെ വനിതകൾ, അതായത് നമ്മുടെ നാരീശക്തി, കഠിനാധ്വാനത്തിലൂടെയും ധൈര്യത്തിലൂടെയും ആത്മവിശ്വാസത്തിലൂടെയും പുതിയ ഉയരങ്ങൾ കീഴടക്കിയിരിക്കുന്നു. ഈ കരുത്തിന് ഇനി പുതിയ ഊർജ്ജം പകരുകയും അവർക്ക് ലഭ്യമായ അവസരങ്ങൾ വിപുലമാക്കുകയും ചെയ്യേണ്ടത് നമ്മുടെ കൂട്ടായ ഉത്തരവാദിത്തമാണ്. രാഷ്ട്രം അവരുടെ അഭിലാഷങ്ങൾ മനസ്സിലാക്കുന്നുണ്ടെന്നും രാജ്യത്തുടനീളമുള്ള ഓരോ അമ്മമാർക്കും സഹോദരിമാർക്കും പെൺമക്കൾക്കും അവരുടെ ആഗ്രഹങ്ങൾ, അവരുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ടെന്നും ഞാൻ ഉറപ്പുനൽകുന്നു."**
>
> *പ്രധാനമന്ത്രി നരേന്ദ്ര മോദി*

യഥാർത്ഥത്തിൽ, വനിതാ സംവരണ ബിൽ ആദ്യമായി അവതരിപ്പിച്ചത് 1996-ൽ മുൻ പ്രധാനമന്ത്രി എച്ച്.ഡി. ദേവഗൗഡയുടെ കാലത്ത് പതിനൊന്നാം ലോക്സഭയിലാണ്. തുടർന്ന് 1998 ഡിസംബറിൽ അടൽ ബിഹാരി വാജ്പേയിയുടെ നേതൃത്വത്തിലുള്ള ഗവണ്മെന്റ് പന്ത്രണ്ടാം ലോക്സഭയിൽ ബിൽ അവതരിപ്പിച്ചു. പിന്നീട് മൻമോഹൻ സിംഗ് ഗവണ്മെന്റിന്റെ കാലത്ത് ബിൽ ലോക്സഭയിൽ അവതരിപ്പിച്ചില്ല; പകരം 2008 മെയ് മാസത്തിൽ രാജ്യസഭയിലാണ് സമർപ്പിച്ചത്. തുടർന്ന് ഇത് പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് വിടുകയും, കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചതിനെത്തുടർന്ന് 2010 മാർച്ച് 9-ന് രാജ്യസഭ ബിൽ പാസാക്കി ലോക്സഭയിലേക്ക് അയക്കുകയും ചെയ്തു. എന്നാൽ പതിനഞ്ചാം ലോക്സഭ പിരിച്ചുവിട്ടതോടെ ബിൽ റദ്ദായിപ്പോയി. ഇപ്പോൾ, പതിനേഴാം ലോക്സഭയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഗവണ്മെന്റ് 'നാരീശക്തി വന്ദൻ അധിനിയം' പുതിയ രൂപത്തിൽ അവതരിപ്പിക്കുകയും അത് പാർലമെന്റിന്റെ ഇരുസഭകളും ഐക്യകണ്ഠേന പാസാക്കുകയും ചെയ്തു. 2023 സെപ്റ്റംബറിൽ വിജ്ഞാപനം ചെയ്ത നാരീശക്തി വന്ദൻ അധിനിയം വനിതകൾക്ക് 33 ശതമാനം പ്രാതിനിധ്യം ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ, നിലവിൽ പഞ്ചായത്തീരാജ് സ്ഥാപനങ്ങളിൽ 14.5 ലക്ഷം തിരഞ്ഞെടുക്കപ്പെട്ട വനിതാ പ്രതിനിധികളുണ്ട്-ഇത് മൊത്തം പ്രതിനിധികളുടെ ഏകദേശം 46 ശതമാനമാണ്-തീരുമാനങ്ങൾ എടുക്കുന്നതിലും യഥാർത്ഥത്തിൽ ശാക്തീകരിക്കപ്പെട്ട ജനാധിപത്യത്തിലും വനിതകളുടെ ശക്തമായ പങ്കാളിത്തത്തിന് ഇത് തിളക്കമാർന്ന ഉദാഹരണമായി നിലകൊള്ളുന്നു.



# നീതിയും സുരക്ഷയും

*സാമൂഹിക തിന്മകൾക്കെതിരെ പോരാടുന്നതായാലും തൊഴിലിടങ്ങളിൽ സുരക്ഷിതമായ അന്തരീക്ഷം ഉറപ്പാക്കുന്നതായാലും, 'നവ ഇന്ത്യ' അവിടുത്തെ വനിതകൾക്ക് നീതിയുടെയും സുരക്ഷയുടെയും സംരക്ഷണ കവചം ഒരുക്കുന്നു.*



## മുത്തലാഖ് നിയമം

- മുസ്‌ലിം വനിതകൾക്ക് നിയമപരമായ സംരക്ഷണവും സമത്വവും ഉറപ്പാക്കുന്നു.
- ഇത് മുത്തലാഖ് എന്ന പിന്തിരിപ്പൻ ആചാരത്തിന് കനത്ത പ്രഹരമേൽപ്പിച്ചു.



## നിർഭയ ഫണ്ട്

സ്ത്രീകളുടെ സുരക്ഷയ്ക്കായി നിർഭയ ഫണ്ടിൽ നിന്ന്

**5,846.08**

കോടി രൂപ വിനിയോഗിച്ചു.

**പ്രസവാവധി 12 ആഴ്ചയിൽ നിന്ന് 26 ആഴ്ചയായി ഉയർത്തി.**

## ഫാസ്റ്റ് ട്രാക്ക് കോടതികൾ



**774**

ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികൾ (398 സ്പെഷ്യൽ പോക്സോ കോടതികൾ ഉൾപ്പെടെ) 2026 ജനുവരി 31 വരെ പ്രവർത്തനക്ഷമം

- ബലാത്സംഗം, ലൈംഗികാതിക്രമം തുടങ്ങിയ കേസുകളിൽ നീതി അതിവേഗം ഉറപ്പാക്കുന്നു.
- വൺ സ്റ്റോപ്പ് സെന്ററുകളും ഹെൽപ്പ് ലൈനുകളും.
- ദുരിതമനുഭവിക്കുന്ന സ്ത്രീകൾക്ക് സഹായം.

## ഭാരതീയ ന്യായ സംഹിത- 2023

- ലൈംഗിക കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷാ വ്യവസ്ഥകൾ.
- ഗ്രാമീണ തലത്തിൽ കുടുംബ തർക്കങ്ങൾ പരിഹരിക്കുന്നതിനായി 'നാരീ അദാലത്തുകൾ'.

## മിഷൻ ശക്തി

**സാമ്പൽ: സുരക്ഷയിലും ഭദ്രതയിലും ശ്രദ്ധ കേന്ദ്രീകരിച്ചു**

2025-26 സാമ്പത്തിക വർഷം വരെയുള്ള കാലയളവിലേക്ക്

**15,761**



കോടി രൂപ ബജറ്റിൽ വകയിരുത്തി.

926 വൺ സ്റ്റോപ്പ് സെന്ററുകളിലൂടെ 13.37 ലക്ഷം സ്ത്രീകൾക്ക് സഹായം ലഭിച്ചു.

വനിതാ ഹെൽപ്പ് ലൈൻ വഴി **99.09** ലക്ഷം പേർക്ക് സഹായം ലഭിച്ചു

**ശക്തി: സാമ്പത്തികവും സാമൂഹികവുമായ ശാക്തീകരണത്തിന് നേതൃത്വം നൽകുന്നു**

പ്രധാനമന്ത്രി മാതൃ വന്ദന യോജന പ്രകാരം

**4.26**



കോടി ഗുണഭോക്താക്കൾ

**2,92,681** പേർക്ക് ശക്തി സദൻ സഹായം ലഭിച്ചു

**5,29,483** പേർക്ക് ശക്തി നിവാസ് സഹായം ലഭിച്ചു

**1,64,730** സഹായങ്ങൾ പാൽനയിൽ നിന്ന്

സങ്കൽപിൽ നിന്നുള്ള **4,15,174** സഹായം (നാരി ശക്തി കേന്ദ്രങ്ങൾ)

**സ്ത്രീകളുടെ വിവാഹ പ്രായം**

18 വയസ്സിൽ നിന്ന് 21 വയസ്സായി ഉയർത്താനുള്ള നിർദ്ദേശം



*2001-ൽ 84-ാം ഭരണഘടനാ ഭേദഗതി പ്രാബല്യത്തിൽ വന്നു, ഇത് 2026 വരെ സീറ്റുകളുടെ എണ്ണം മരവിപ്പിച്ചു. 1976 മുതൽ 2026 വരെയുള്ള 50 വർഷക്കാലം, ഈ നാട്ടിലെ ജനങ്ങൾക്ക് അവരുടെ ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ലഭിച്ചിരുന്നില്ല*

**ഗവൺമെന്റ് പദ്ധതികളിലൂടെ സ്ത്രീകൾക്ക് സുഗമമായ ജീവിതം**

സ്ത്രീശാക്തീകരണം എന്നത് കേവലം സാമൂഹിക നീതിയുടെ വിഷയം മാത്രമല്ലെന്നും, അത് സംവേദനക്ഷമതയുള്ള സാമൂഹിക കാഴ്ചപ്പാട് വളർത്തുന്നതിനും സാമ്പത്തിക വികസനത്തെ നയിക്കുന്നതിനും അതീവ പ്രാധാന്യമുള്ള ഒന്നാണെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് വിശ്വസിക്കുന്നു. ഇതിന്റെ ഫലമായി വിദ്യാഭ്യാസം, ഭരണം, നീതിന്യായം, സായുധ സേന, വൈദ്യശാസ്ത്രം, ശാസ്ത്രം, സാങ്കേതികവിദ്യ, കല, സംരംഭകത്വം എന്നിവയുൾപ്പെടെ എല്ലാ മേഖലകളിലും സ്ത്രീകൾ ഇന്ന് മുൻനിര പങ്കാളികളാണ്. ഗ്രാമീണ മേഖലയിലെ സ്ത്രീകൾ സ്വയംസഹായ സംഘങ്ങളിലൂടെ സാമ്പത്തികമായി സ്വയം പര്യാപ്തത നേടുന്നു. അവർ പഞ്ചായത്തുകൾക്കുള്ളിലെ ഗ്രാമീണ വികസന സംരംഭങ്ങൾക്ക് നേതൃത്വം നൽകുന്നു. വ്യവസായങ്ങളിലും സ്റ്റാർട്ടപ്പുകളിലും കോർപ്പറേറ്റ് ലോകത്തും നിരവധി വനിതകൾ തങ്ങളുടെ കഴിവും ശേഷിയും കൊണ്ട് അസാധാരണമായ നേതൃപാടവം പ്രകടിപ്പിക്കുന്നുണ്ട്. കായികരംഗത്ത് സ്ത്രീകൾ മികച്ച പ്രകടനം കാഴ്ചവെക്കുന്നു. ശരിയായ അവസരങ്ങളും പിന്തുണയും നൽകിയാൽ അവർക്ക് എല്ലാ മേഖലകളിലും മികവ് കൈവരിക്കാൻ കഴിയുമെന്ന ആത്മവിശ്വാസം ഇത്തരം ഉദാഹരണങ്ങൾ നൽകുന്നു.

ഈ ചിന്താഗതിയാൽ നയിക്കപ്പെട്ട്, നമ്മുടെ അമ്മമാരെയും സഹോദരിമാരെയും നിയന്ത്രിക്കുന്ന എല്ലാ തടസ്സങ്ങളും നീക്കം ചെയ്യുന്നതിനായി കഴിഞ്ഞ 12 വർഷമായി ഏകോപിതമായ ശ്രമങ്ങൾ നടന്നു വരുന്നു.

## തൊഴിലിട സുരക്ഷയും ഭദ്രതയും

- ഖനനം ഉൾപ്പെടെ എല്ലാ മേഖലകളിലും സ്ത്രീകൾക്ക് രാത്രി ഷിഫ്റ്റുകളിൽ ജോലി ചെയ്യാൻ അനുമതി നൽകി.
- ഖനനം, ലോഹങ്ങൾ, യന്ത്രങ്ങൾ തുടങ്ങിയ പ്രധാന വ്യാവസായ മേഖലകളിൽ വനിതകൾ ഇപ്പോൾ ജോലി ചെയ്യുന്നു.
- വൻകിട വ്യവസായങ്ങളും ഖനന കമ്പനികളും 2030-ഓടെ 30 ശതമാനം ലിംഗ വൈവിധ്യം കൈവരിക്കാൻ ലക്ഷ്യമിടുന്നു.
- മാത്രമല്ല സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മ നിരക്ക് നിരന്തരം കുറഞ്ഞുകൊണ്ടിരിക്കുന്നു, സ്ത്രീകൾക്കായി പുതിയ അവസരങ്ങൾ ഉയർന്നുവരുന്നതായും എല്ലാവരെയും ഉൾക്കൊള്ളുന്ന രീതി വർദ്ധിച്ചുവരുന്നതായും ഇത് സൂചിപ്പിക്കുന്നു.

2024-25 കാലയളവിൽ **26.9** ലക്ഷം വനിതകൾ ഇ.പി.എഫ്.ഒ-യിൽ ചേർന്നു.

**ഇന്ത്യയിലെ സ്ത്രീ തൊഴിൽ പങ്കാളിത്ത നിരക്കിലുണ്ടായ വർധന**






*പ്രാദേശിക മണ്ഡലങ്ങളുടെ പുനർനിർണ്ണയത്തിനോ വിഭജനത്തിനോ വേണ്ടിയും, എസ്‌സി/എസ്ടി സീറ്റുകൾ അനുവദിക്കുന്നതിനും 2011-ലെ സെൻസസ് ഉപയോഗിക്കേണ്ടതുണ്ടായിരുന്നു. ഭേദഗതി ബില്ലിന്റെ ലക്ഷ്യങ്ങളിലും സർക്കാർ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.*

സ്ത്രീകൾ അന്തസ്സും സൗകര്യവും സുരക്ഷിതത്വവും അഭിവൃദ്ധിയും നിറഞ്ഞ ജീവിതം നയിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് നിരവധി പദ്ധതികളും പരിപാടികളും ആവിഷ്കരിച്ചിട്ടുണ്ട്. ജീവിതചക്രത്തിലുടനീളം സ്ത്രീകൾ നേരിടുന്ന ഓരോ വെല്ലുവിളികളും പരിഹരിക്കുന്നതിന് ഗൗരവകരവും കേന്ദ്രീകൃതവുമായ ശ്രദ്ധ നൽകിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ച ഓരോ ക്ഷേമ പദ്ധതിയുടെയും കാതൽ സ്ത്രീകളുടെ ജീവിതം

**"നമ്മുടെ ഭരണഘടന കാലാകാലങ്ങളിൽ മണ്ഡലപുനർനിർണ്ണയത്തിന് വ്യവസ്ഥ ചെയ്യുന്നുണ്ട്, മണ്ഡലപുനർനിർണ്ണയ വ്യവസ്ഥകളിലൂടെയാണ് പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളുടെ എണ്ണം വർദ്ധിക്കുന്നത്. മണ്ഡലപുനർനിർണ്ണയത്തെ എതിർക്കുന്നവർ ഫലത്തിൽ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളുടെ സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനെയാണ് എതിർക്കുന്നത്."**

***- കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ***

ലളിതമാക്കുക, തൊഴിലിനും സ്വയംതൊഴിലിനുമായി പുതിയ വഴികൾ സൃഷ്ടിക്കുക, സ്ത്രീ ശാക്തീകരണം പ്രോത്സാഹിപ്പിക്കുക എന്നിവയാണ്. 'ബേട്ടി ബച്ചാവോ, ബേട്ടി പഠാവോ' പ്രചാരണം പെൺകുട്ടികളുടെ ജനനം, വിദ്യാഭ്യാസം, സുരക്ഷ എന്നിവ സജീവമായി പ്രോത്സാഹിപ്പിക്കുന്നു. 'സുകന്യ സമൃദ്ധി യോജന' പെൺമക്കളുടെ ശോഭനമായ ഭാവി ഉറപ്പാക്കുന്നതിന് സുരക്ഷിതമായ സമ്പാദ്യ മാർഗ്ഗം വാഗ്ദാനം ചെയ്യുന്നു. 'പ്രധാനമന്ത്രി ഉജ്ജ്വല യോജന' അടുക്കളകളെ പുകയുടെ അപകടങ്ങളിൽ നിന്ന് മുക്തമാക്കിക്കൊണ്ട് സ്ത്രീകളുടെ ആരോഗ്യം സംരക്ഷിക്കുന്നു. 'പ്രധാന മന്ത്രി മുദ്ര യോജന' സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കാൻ സ്ത്രീകളെ പ്രാപ്തരാക്കുന്നു. 'മിഷൻ ശക്തി'ക്ക് കീഴിൽ സ്ത്രീകളുടെ സുരക്ഷയും ശാക്തീകരണവും പുതിയ മാനങ്ങൾ കൈവരിക്കുകയാണ്. കൂടാതെ, 'വികസിത് ഭാരത് - റോസ്ഗർ ഔർ അജീവിക മിഷൻ (ഗ്രാമീൺ)' സ്ത്രീകൾക്കായി പ്രത്യേകം രൂപകൽപ്പന ചെയ്ത നിരവധി വ്യവസ്ഥകൾ ഉൾക്കൊള്ളുന്നു.

മാത്രമല്ല, ചരിത്രപരമായി സ്വത്തുക്കൾ സ്ത്രീകളുടെ പേരിൽ രജിസ്റ്റർ ചെയ്യുന്ന രീതി നിലവിലുണ്ടായിരുന്നില്ല. എന്നാൽ, 'പിഎം ആവാസ് യോജന'യുടെ തുടക്കത്തോടെ, ഈ ഭവന യൂണിറ്റുകളുടെ ഉടമസ്ഥാവകാശം സ്ത്രീകൾക്ക് നിക്ഷിപ്തമാകുമെന്ന് ഉറപ്പാക്കുന്ന പ്രത്യേക നിർദ്ദേശം കൊണ്ടുവന്നു. സ്ത്രീകളുടെ ആരോഗ്യത്തെക്കുറിച്ചുള്ള ആശങ്കകൾ 'ആയുഷ്മാൻ ഭാരത് യോജന'യിലൂടെ ഫലപ്രദമായി പരിഹരിക്കപ്പെട്ടു. ദശലക്ഷക്കണക്കിന് സ്ത്രീകൾക്ക് ഇപ്പോൾ 5 ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിത്സ ലഭ്യമാണ്. ഗർഭിണികൾക്കായി 'മാതൃ വന്ദന യോജന' നിലവിൽ പ്രവർത്തിക്കുന്നുണ്ട്, ഇതിന് കീഴിൽ തുക നേരിട്ട് അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നിക്ഷേപിക്കുന്നു; ഒമ്പത് മാസത്തെ ഗർഭകാലത്ത് അവർക്ക് ശരിയായ പോഷകാഹാരം ലഭിക്കുന്നുണ്ടെന്നും അതുവഴി ഗർഭിണിയായ അമ്മയും ജനിക്കാനിരിക്കുന്ന കുഞ്ഞും ആരോഗ്യത്തോടെയിരിക്കുന്നുവെന്നും ഇത് ഉറപ്പാക്കുന്നു.

# സ്വാശ്രയത്വവും ശാക്തീകരണവും

*സ്ത്രീകൾ സ്വയംപര്യാപ്തരാകുകയും, പുരോഗതി കൈവരിക്കുകയും, നയങ്ങൾ രൂപപ്പെടുത്തുകയും, തലമുറകളെ പ്രചോദിപ്പിക്കുകയും ചെയ്യുന്ന, ശാക്തീകരിക്കപ്പെട്ട ഒരു രാഷ്ട്രത്തിന്റെ ഭാവി കെട്ടിപ്പടുക്കാൻ സാധ്യമായ എല്ലാ ശ്രമങ്ങളും നടക്കുന്നു.*

## പി എം മുദ്ര യോജന

2026 മാർച്ച് 31 വരെ 57.79 കോടിയിലധികം ഗുണഭോക്താക്കൾക്കായി

**40.07**

ലക്ഷം കോടി രൂപയുടെ വായ്പകൾ അനുവദിച്ചു.

2026 മാർച്ച് 31 വരെയുള്ള കണക്കനുസരിച്ച്

**16.33**

ലക്ഷം കോടി രൂപയുടെ വായ്പകൾ സ്ത്രീകൾക്ക് വിതരണം ചെയ്തു.

അനുവദിക്കപ്പെട്ട വായ്പകളിൽ

**67%+**

വനിതാ സംരംഭകർക്കാണ് നൽകിയത്.

## ബേട്ടി ബച്ചാവോ, ബേട്ടി പഠാവോ

**19,500**

ലധികം ഗ്രാമങ്ങളെ 'സമ്പൂർണ്ണ സുകന്യ ഗ്രാമങ്ങളായി' പ്രഖ്യാപിച്ചു



- പെൺകുട്ടികളുടെ ജനനനിരക്കിൽ ഉണ്ടായ ഗണ്യമായ പുരോഗതിക്കൊപ്പം അവരുടെ വിദ്യാഭ്യാസ, ആരോഗ്യ നിലവാരത്തിലും മുന്നേറ്റമുണ്ടായി.

ബേട്ടി ബച്ചാവോ, ബേട്ടി പഠാവോ: 10 വയസ്സിന് മുകളിൽ പ്രായമുള്ള പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിൽ 15% വർദ്ധനയും ഏകദേശം 95% സ്ഥാപനപരമായ പ്രസവങ്ങളും രേഖപ്പെടുത്തി.

സുകന്യ സമൃദ്ധി യോജന: 8.2% വാർഷിക പലിശ നിരക്കിൽ 4.61 കോടി അക്കൗണ്ടുകളിലായി 3.40 ലക്ഷം കോടിയിലധികം രൂപ നിക്ഷേപിക്കപ്പെട്ടു (2026 ഫെബ്രുവരി 28 വരെയുള്ള കണക്ക് പ്രകാരം).

## സ്റ്റാർട്ടപ്പുകൾ



'നാരിശക്തി'യുടെ നേതൃത്വത്തിലുള്ള സ്റ്റാർട്ടപ്പുകളിൽ കഴിഞ്ഞ 6 വർഷത്തിനിടെ ഗവണ്മെന്റ്

**3100**

കോടിയിലധികം രൂപ നിക്ഷേപിച്ചു.

- ആകെ സ്റ്റാർട്ടപ്പുകളുടെ ഏകദേശം 48 ശതമാനത്തോളം വരുന്ന 1.02 ലക്ഷം സ്റ്റാർട്ടപ്പുകളിൽ കുറഞ്ഞത് ഒരു വനിതാ ഡയറക്ടറോ പങ്കാളിയോ ഉണ്ട്.

2026 ജനുവരി 31-ലെ കണക്കനുസരിച്ച്

**2.12**

സ്റ്റാർട്ടപ്പുകൾ അംഗീകരിക്കപ്പെട്ടു.

**75**

ഈ ഉദ്യമത്തിന് കീഴിലുള്ള വായ്പകളിൽ ഏകദേശം ശതമാനവും വനിതാ സംരംഭകർക്കാണ് അനുവദിച്ചത്.

## സ്റ്റാൻഡ്-അപ്പ് ഇന്ത്യ

- 2025 ഡിസംബർ വരെ 2.05 ലക്ഷം വായ്പാ അക്കൗണ്ടുകളിലൂടെ 48,000 കോടിയിലധികം രൂപ വനിതാ ഗുണഭോക്താക്കൾക്ക് ലഭിച്ചു; മൊത്തത്തിൽ, ഈ പദ്ധതി പ്രകാരം 2.75 ലക്ഷം അക്കൗണ്ടുകളിലായി 62,790 കോടി രൂപ വിതരണം ചെയ്തു.
- വനിതാ സംരംഭകർക്ക് 10 ലക്ഷം രൂപ മുതൽ 1 കോടി രൂപ വരെയുള്ള വായ്പകൾ നൽകുന്നു.

## സംരംഭകത്വ പങ്കാളിത്തത്തിലെ വർദ്ധന

**7.83**

2026 ഫെബ്രുവരി 28-ലെ കണക്കനുസരിച്ച് രജിസ്റ്റർ ചെയ്ത കോടി MSME-കളിൽ 3.07 കോടി എണ്ണം വനിതകളുടെ നേതൃത്വത്തിലുള്ളവയാണ്.

- വനിതകളുടെ നേതൃത്വത്തിലുള്ള 2 ലക്ഷത്തിലധികം സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾ ഏലങ്ങ വഴി 80,000 കോടി രൂപയിലധികം മൂല്യമുള്ള ഓർഡറുകൾ നേടിയിട്ടുണ്ട്.
- സ്വയം സഹായ സംഘങ്ങൾ വനിതകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനൊപ്പം അവരെ സംരംഭകരാകാൻ ശാക്തീകരിക്കുകയും ചെയ്യുന്നു.






## ലഖ്പതി ദീദി പദ്ധതി

**51,852** 'ബാങ്ക് സഖിമാരെ' സ്വയംസഹായ സംഘങ്ങൾക്ക് വായ്പാ സൗകര്യം ലഭ്യമാക്കുന്നതിനായി നിയോഗിച്ചു.

- 2027 മാർച്ച് എന്ന ആദ്യ സമയപരിധിക്ക് ഒരു വർഷം മുമ്പ് തന്നെ 3 കോടി 'ലഖ്പതി ദീദിമാർ' എന്ന ചരിത്രപരമായ നാഴികക്കല്ല് ഗവൺമെന്റ് മറികടന്നു.
- വനിതകൾ ഇപ്പോൾ സാമ്പത്തിക വളർച്ചയിൽ ശക്തരായ പങ്കാളികളാണ്, ഈ പദ്ധതി സ്ത്രീകളുടെ സാമ്പത്തിക പങ്കാളിത്തം വർദ്ധിപ്പിക്കുന്ന പുതിയൊരു കരുത്തിനെ പ്രതിനിധീകരിക്കുന്നു.
- സ്വയംസഹായ സംഘങ്ങളിലൂടെ, സ്വയംപര്യാപ്തത വളർത്തുന്നതിനായി വനിതകളുടെ വരുമാനം വർദ്ധിപ്പിക്കുന്നു.
- ഇന്ത്യയിൽ ഏകദേശം 1.2 കോടി സ്വയംസഹായ സംഘങ്ങളുണ്ട്, ഇതിൽ 88 ശതമാനവും പൂർണ്ണമായും വനിതകൾ മാത്രമുള്ള സംഘങ്ങളാണ്.
- 2025 ഡിസംബർ വരെയുള്ള കണക്കനുസരിച്ച്, DAY-NRLM-ന് കീഴിൽ 90.91 ലക്ഷം സ്വയംസഹായ സംഘങ്ങളിലായി 10.05 കോടിയിലധികം വനിതകൾ ചേർന്നിട്ടുണ്ട്.
- ഈ സ്വയംസഹായ സംഘങ്ങൾക്കായി മൊത്തം 11.86 ലക്ഷം കോടി രൂപയുടെ വായ്പകൾ വിതരണം ചെയ്തു.
- വനിതാ സ്വയംസഹായ സംഘങ്ങൾക്ക് ലഭ്യമായ ഈടുരഹിത വായ്പകളുടെ പരിധി 10 ലക്ഷം രൂപയായിൽ നിന്ന് 20 ലക്ഷം രൂപയായി ഉയർത്തി.
- 2029 മാർച്ചോടെ 6 കോടി 'ലഖ്പതി ദീദിമാരെ' സൃഷ്ടിക്കുക എന്ന പുതിയതും അഭിലഷണീയവുമായ ലക്ഷ്യം ഇപ്പോൾ നിശ്ചയിച്ചിട്ടുണ്ട്, അതുവഴി ഈ സംരംഭത്തിന്റെ വ്യാപ്തിയും അഭിലാഷവും ഇരട്ടിയാക്കുന്നു.

## പി എം ഉജ്ജ്വല

പുക നിറഞ്ഞ അടുക്കളകളിലെ ദുരിതങ്ങൾ ഇല്ലാതാക്കി, ഏകദേശം **11** കോടി ഉജ്ജ്വല കണക്ഷനുകൾ ദൈനംദിന ബുദ്ധിമുട്ടുകളിൽ നിന്ന് ആശ്വാസം നൽകി.



- ഈ സംരംഭം സ്ത്രീകളുടെ ജീവിതം കൂടുതൽ എളുപ്പമാക്കി, മെച്ചപ്പെട്ട ആരോഗ്യം ഉറപ്പാക്കുകയും അവർക്ക് എല്ലാ ദിവസവും ഏകദേശം 3 മണിക്കൂർ അധിക സമയം നൽകുകയും ചെയ്തു. പുക നിറഞ്ഞ അടുക്കളകൾ ഇപ്പോൾ പഴങ്കഥയാണ്.

## പിഎം ആവാസ്



**3** 2026 ഏപ്രിൽ 9-ലെ കണക്കനുസരിച്ച്, പ്രധാൻ മന്ത്രി ആവാസ് യോജന-ഗ്രാമീൺ പദ്ധതിക്ക് കീഴിൽ കോടി വീടുകൾ വിജയകരമായി നിർമ്മിച്ചു കഴിഞ്ഞു.

- പ്രധാൻ മന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിക്ക് കീഴിൽ, 72 ശതമാനം വീടുകളും സ്ത്രീകളുടെ ഒറ്റയ്ക്കുള്ള ഉടമസ്ഥതയിലോ അല്ലെങ്കിൽ സംയുക്ത ഉടമസ്ഥതയിലോ ആണ്. ഇത് അവർക്ക് സുരക്ഷിതമായ പാർപ്പിടത്തോടൊപ്പം സാമ്പത്തികവും സാമൂഹികവുമായ ശാക്തീകരണത്തിന് ശക്തമായ അടിത്തറ നൽകുന്നു.
- വീടിന്റെ ഉടമസ്ഥാവകാശത്തിൽ സ്ത്രീകളുടെ ശക്തമായ പങ്കാളിത്തമുണ്ട്.
- പ്രധാൻ മന്ത്രി ആവാസ് യോജന (അർബൻ) പ്രകാരം, 2026 മാർച്ച് 2-നകം കൈമാറിയ 97.3 ലക്ഷം വീടുകളിൽ, 96 ലക്ഷം വീടുകളും സ്ത്രീകളുടെ പേരിലോ അല്ലെങ്കിൽ കുടുംബത്തിലെ പുരുഷാംഗത്തോടൊപ്പമുള്ള സംയുക്ത ഉടമസ്ഥതയിലോ ആണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

## ജൻ ധൻ: സാമ്പത്തിക സ്വാശ്രയത്വം

**57.99** 2026 ഏപ്രിൽ 1 വരെ കോടി ജൻ ധൻ അക്കൗണ്ടുകൾ തുറന്നു.

**32.33+** കോടിയിലധികം ജൻ ധൻ അക്കൗണ്ടുകൾ വനിതകളെ ഔദ്യോഗിക ബാങ്കിംഗ് മേഖലയുമായി ബന്ധിപ്പിക്കുന്നു.



ബാങ്കിംഗ് മേഖലയിലെ നായികമാരായി മാറിയിരിക്കുന്ന വനിതകളുടെ പേരിൽ ഇന്ന് **56%** ബാങ്ക് അക്കൗണ്ടുകളുണ്ട്.

- ബാങ്കിംഗിന്റെ കരുത്ത് ഇപ്പോൾ നേരിട്ട് വനിതകളുടെ കൈകളിലാണ്.
- ഇന്ത്യയുടെ ഈ മാതൃക ലോകത്തിന് തന്നെ പ്രചോദനമാണെന്ന് യുഎൻ അംഗീകരിച്ചിട്ടുണ്ട്; ഇത് സ്ത്രീകളുടെയും പെൺകുട്ടികളുടെയും സാമ്പത്തിക ശാക്തീകരണത്തിന് പുതിയ പാത ഒരുക്കുന്നു.

## സ്വച്ഛ് ഭാരത് മിഷൻ

**12** സ്ത്രീകളുടെ സുരക്ഷിതത്വവും ശുചിത്വവും അന്തസ്സും ഉറപ്പാക്കിക്കൊണ്ട് കോടിയിലധികം ശുചിമുറികൾ നിർമ്മിച്ചു.

- ഇതിലൂടെ അന്തസ്സിന്റെയും ആദരവിന്റെയും ഒരു പുതിയ തുടക്കം കുറിച്ചിരിക്കുന്നു. വെളിയിട വിസർജ്ജനം എന്ന നിർബന്ധിത സാഹചര്യം ഇപ്പോൾ പഴങ്കഥയായി മാറിയിരിക്കുന്നു.





# ആരോഗ്യമുള്ള സ്ത്രീ: സുരക്ഷയുടെ അടിത്തറ

*ഏതൊരു സമൂഹത്തിന്റെയും നിലനിൽപ്പിനും ഒരു രാജ്യത്തിന്റെ അഭിവൃദ്ധിക്കും മാതൃആരോഗ്യം അത്യാവശ്യമാണ്. സ്ത്രീകൾ ആരോഗ്യവതികളായിരിക്കുമ്പോൾ, അത് അവരുടെ കുടുംബങ്ങളുടെയും സമൂഹത്തിന്റെയും ശാരീരികവും മാനസികവും സാമൂഹികവും സാമ്പത്തികവുമായ വികസനത്തിൽ നേരിട്ടും ഗുണപരമായും സ്വാധീനം ചെലുത്തുന്നു. ഈ ലക്ഷ്യത്തിനായി, 'നവ ഇന്ത്യ' ആരോഗ്യകരമായ മാതൃത്വം പ്രോത്സാഹിപ്പിച്ചുകൊണ്ട് സജീവമായി ആരോഗ്യമുള്ളൊരു രാഷ്ട്രം കെട്ടിപ്പടുക്കുകയാണ്*

## പോഷൻ

- പോഷൺ പക്ഷാചരണത്തിന്റെ എട്ടാം പതിപ്പ് 2026 ഏപ്രിൽ 9 മുതൽ 23 വരെ സംഘടിപ്പിച്ചു.
- 2026-ലെ പോഷൺ പക്ഷാചരണത്തിന്റെ പ്രമേയം: 'ജീവിതത്തിന്റെ ആദ്യ ആറ് വർഷങ്ങളിൽ മസ്തിഷ്ക വികസനം പരമാവധി വർദ്ധിപ്പിക്കുക' എന്നതായിരുന്നു.
- മെച്ചപ്പെട്ട പോഷകാഹാര ഫലങ്ങൾ കൈവരിക്കുന്നതിനായി 'പോഷൺ 2.0'സമാരംഭിച്ചു.
- കഴിഞ്ഞ 4 വർഷത്തിനിടെ ഈ ഉദ്യമത്തിനായി 11,000 കോടിയിലധികം രൂപ വകയിരുത്തി.
- പോഷൺ അഭിയാൻ: നിലവിൽ ഈ പദ്ധതിക്ക് 10.09 കോടി ഗുണഭോക്താക്കളുണ്ട്. പരിപാടിയുടെ തത്സമയ നിരീക്ഷണം ഉറപ്പാക്കുന്നതിനായി 'പോഷൺ ട്രാക്കർ' സമാരംഭിച്ചു. 100% ഫോർട്ടിഫൈഡ് അരിയുടെ വിതരണവും ആരംഭിച്ചിട്ടുണ്ട്.

## പി എം മാതൃ വന്ദന യോജന

**4.78** കോടി ഗുണഭോക്താക്കൾ രജിസ്റ്റർ ചെയ്തു

**4.26** കോടിയുടെ ആനുകൂല്യങ്ങൾ ലഭിച്ചു

പദ്ധതിക്ക് കീഴിൽ ഗുണഭോക്താക്കൾക്കായി **20,073** കോടി രൂപ വിതരണം ചെയ്തു.

- ആദ്യത്തെ കുട്ടിയുടെ ജനനസമയത്ത് ഗുണഭോക്താവിന് രണ്ട് ഗഡുക്കളായി 5,000 രൂപ നൽകുന്നു.
- രണ്ടാമത്തെ കുട്ടി പെൺകുട്ടിയാണെങ്കിൽ ഗുണഭോക്താവിന് ഒറ്റത്തവണയായി 6,000 രൂപ നൽകുന്നു.

## സാനിറ്ററി പാഡുകൾ



**15** ആയിരത്തിലധികം PMBJP കേന്ദ്രങ്ങൾ 1 രൂപ നിരക്കിൽ സാനിറ്ററി പാഡുകൾ വിൽക്കുന്നു.

- 2025 ജനുവരി 31 വരെ 72 കോടി രൂപയുടെ സാനിറ്ററി പാഡുകൾ വിറ്റഴിച്ചു.

**ഗർഭച്ഛിദ്രത്തിനുള്ള സമയപരിധി**

അതിക്രമത്തിനിരയായ സ്ത്രീകൾക്ക് ആശ്വാസം നൽകുക എന്ന ലക്ഷ്യത്തോടെ, ഗർഭച്ഛിദ്രത്തിനുള്ള സമയപരിധി 20 ആഴ്ചയിൽ നിന്ന് 24 ആഴ്ചയായി വർദ്ധിപ്പിച്ചുകൊണ്ട് മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗ്നൻസി ആക്ട് ഗവൺമെന്റ് അടുത്തിടെ അംഗീകരിച്ചു.

*1976-ൽ രാജ്യത്തെ ജനസംഖ്യ 54.79 കോടിയായിരുന്നു; ഇന്ന് അത് 140 കോടിയിൽ എത്തിനിൽക്കുന്നു. സഭയിലെ അംഗങ്ങളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച്, സഭയുടെ പ്രവൃത്തിദിവസങ്ങളുടെ എണ്ണവും അതിനനുസൃതമായി വർദ്ധിപ്പിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടത് ഗവൺമെന്റിന്റെ കടമയാണ്.*

ഇന്ന്, വനിതകളുടെ നേതൃത്വത്തിൽ ഇന്ത്യ വികസനത്തിലേക്ക് അതിവേഗം കുതിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ പത്തുവർഷത്തിലേറെയായി, സ്ത്രീകൾ നേരിടുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിനായി ശക്തമായ അടിത്തറ പാകിയിട്ടുണ്ട്. സ്കൂൾ വിദ്യാഭ്യാസത്തിൽ ഇന്ത്യ ലിംഗസമത്വം കൈവരിച്ചു കഴിഞ്ഞു; ഉന്നത വിദ്യാഭ്യാസ രംഗത്തും ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികളുടെ എണ്ണം ആനുപാതികമായി വർധിച്ചിട്ടുണ്ട്. സയൻസ്, ടെക്നോളജി, എഞ്ചിനീയറിംഗ്, മാത്തമാറ്റിക്സ് (STEM) എന്നീ മേഖലകളിലെ സ്ത്രീകളുടെ പങ്കാളിത്തം അതിവേഗം വളരുകയാണ്.

2026-27 ലെ കേന്ദ്ര ബജറ്റിൽ ഓരോ ജില്ലയിലും വനിതാ ഹോസ്റ്റൽ സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. നോളജ് ഇക്കോണമി അഥവാ വിജ്ഞാന സമ്പദ്‌വ്യവസ്ഥയിൽ നേതൃപരമായ പങ്ക് വഹിക്കാൻ പെൺകുട്ടികൾ സ്വയം സജ്ജരാകുന്നു. തൊഴിൽ മേഖലയിലെ സ്ത്രീകളുടെ പങ്കാളിത്തവും വർധിച്ചുവരികയാണ്. ഇന്ന്, ഗ്രാമപ്രദേശത്തെ ഒരു സ്ത്രീ പാടത്തിന് മുകളിൽ ഡ്രോൺ പറത്തുമ്പോൾ, അവൾ കേവലം കൃഷിയിടത്തിൽ മരുന്ന് തളിക്കുകയല്ല ചെയ്യുന്നത്; മറിച്ച്, സാങ്കേതികവിദ്യയിലൂടെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെ മുഖച്ഛായ തന്നെ മാറ്റുകയാണ്. തന്റെ സംരംഭകത്വ മികവിലൂടെ ഒരു വനിത 'ലഖ്പതി ദീദി' ആയി മാറുമ്പോൾ, അവൾ തന്റെ സമൂഹത്തിലെ മറ്റ് അനേകം സ്ത്രീകൾക്ക് പ്രചോദനമായി മാറുന്നു.

ഈ ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിൽ വിദ്യാഭ്യാസം, നൈപുണ്യ വികസനം, സംരംഭകത്വം, ഘടനാപരമായ പരിഷ്കാരങ്ങൾ എന്നിവ സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. 'സ്കിൽ ഇന്ത്യ മിഷൻ' പരമ്പരാഗതമല്ലാത്ത മേഖലകളിൽ പോലും വനിതകൾക്ക് നൈപുണ്യപരിശീലനം നൽകി അവരെ ശാക്തീകരിക്കുന്നു. തൊഴിൽദാതാക്കൾ എന്ന നിലയിലും സ്ത്രീകൾ ഇന്ന് മുന്നോട്ട് വരുന്നുണ്ട്. രാജ്യത്തെ പകുതിയിലധികം അംഗീകൃത സ്റ്റാർട്ടപ്പുകളിലും ചുരുങ്ങിയത് ഒരു വനിതാ ഡയറക്ടറെങ്കിലും

## പ്രസവപൂർവ പരിചരണം - സുരക്ഷിതമായ മാതൃത്വത്തിലേക്കുള്ള ആദ്യപടി

- ഗർഭിണികൾക്ക് സൗജന്യവും വിശ്വസനീയവും സമഗ്രവും ഗുണനിലവാരമുള്ളതുമായ പ്രസവപൂർവ്വ പരിചരണം നൽകുന്നതിനായി കേന്ദ്ര ഗവണ്മെന്റ് 2016-ൽ പ്രധാൻ മന്ത്രി സുരക്ഷിത് മാതൃത്വ അഭിയാൻ (PMSMA) ആരംഭിച്ചു
- 2025 ജൂൺ വരെ 7 കോടിയിലധികം സ്ത്രീകൾ ഈ പദ്ധതിയുടെ പ്രയോജനം നേടിയിട്ടുണ്ട്.
- പ്രധാൻ മന്ത്രി സുരക്ഷിത് മാതൃത്വ അഭിയാൻ പ്രകാരമുള്ള സേവനങ്ങൾ നിലവിൽ 22,000-ത്തിലധികം ആരോഗ്യ കേന്ദ്രങ്ങൾ വഴി ലഭ്യമാണ്.

## ജൽ ജീവൻ മിഷൻ



**15.84** കോടി (81.71%) വീടുകൾക്ക് ഇപ്പോൾ പൈപ്പ് വഴി കുടിവെള്ളം ലഭിക്കുന്നു (2026 മാർച്ച് 3-ലെ കണക്കനുസരിച്ച്).

- എല്ലാ ഗ്രാമീണ വീടുകളിലും പൈപ്പ് വെള്ളം എത്തിക്കുന്നത് വഴി, വെള്ളം ശേഖരിക്കുന്നതിനായി മുമ്പ് ചിലവഴിച്ചിരുന്ന സമയത്തിൽ വലിയ ലാഭം (പ്രതിദിനം 5.5 കോടി മണിക്കൂർ) ഉണ്ടാകുമെന്ന് ലോകാരോഗ്യ സംഘടനയുടെ പഠനം സൂചിപ്പിക്കുന്നു. ഈ ജോലിയുടെ മുക്കാൽ ഭാഗവും നിർവ്വഹിക്കുന്നത് സ്ത്രീകളായതിനാൽ അവർക്കാണ് ഇതിന്റെ പ്രയോജനം പ്രധാനമായും ലഭിക്കുന്നത്.
- പുറത്തുനിന്നുള്ള സ്രോതസ്സുകളിൽ നിന്ന് വെള്ളം കൊണ്ടുവരുന്ന കുടുംബങ്ങളുടെ എണ്ണത്തിൽ 8.3 ശതമാനം കുറവുണ്ടായതായി എസ്ബിഐ പഠനം വ്യക്തമാക്കുന്നു. ഏകദേശം 90 ദശലക്ഷം സ്ത്രീകൾക്ക് ഇനി മുതൽ വെള്ളം ശേഖരിക്കാനായി പുറത്ത് പോകേണ്ടി വരുന്നില്ല. കൃഷിയിലും അനുബന്ധ പ്രവർത്തനങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തം 7.4 ശതമാനം വർധിച്ചിട്ടുണ്ട്.

### ജനനസമയത്തെ ലിംഗാനുപാതം
(1,000 പെൺകുട്ടികൾക്ക്)



**918** 2014-15

**929** 2024-25

## പ്രതിരോധ കുത്തിവയ്പ്പ്: അമ്മമാരെയും നവജാത ശിശുക്കളെയും സംരക്ഷിക്കുന്നു.

- മിഷൻ ഇന്ദ്രധനുഷ് 2014 ൽ ആരംഭിച്ചു.
- ഗർഭിണികൾ ഉൾപ്പെടെ എല്ലാവർക്കും സാർവത്രിക രോഗപ്രതിരോധ പരിരക്ഷ ഉറപ്പാക്കുക എന്നതാണ് ലക്ഷ്യം.

**1.15** 2026 ഫെബ്രുവരി 28-ന് രാജസ്ഥാനിലെ അജ്മീറിൽ നിന്ന് രാജ്യവ്യാപകമായി ആരംഭിച്ച സൗജന്യ എച്ച്.പി.വി പ്രതിരോധ കുത്തിവയ്പ്പ് ക്യാമ്പയ്നിലൂടെ 14 വയസ്സുള്ള കോടി പെൺകുട്ടികളാണ് ലക്ഷ്യം.

- രാജ്യത്തെ സ്ത്രീകളിൽ രണ്ടാമതായി ഏറ്റവും കൂടുതൽ കണ്ടുവരുന്ന ഗർഭാശയഗള കാൻസർ തടയുക എന്നതാണ് ഇതിന്റെ ലക്ഷ്യം.



ഉണ്ട്. നിലവിൽ, ഗവൺമെന്റ് ഇ-മാർക്കറ്റ്പ്ലേസ് (GeM) പോർട്ടലിൽ രണ്ട് ലക്ഷത്തിലധികം വനിതാ ഉടമസ്ഥതയിലുള്ള MSME-കൾ സജീവമാണ്.

സ്വയം സഹായ സംഘങ്ങളും ഗ്രാമീണ സ്ത്രീകളും നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾക്ക് മികച്ച വിപണി ലഭ്യത ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് 2026-27 ലെ കേന്ദ്ര ബജറ്റിൽ 'ഷീ-മാർട്ട്' പദ്ധതി അവതരിപ്പിച്ചത്. ഈ പദ്ധതിക്ക് കീഴിൽ എല്ലാ ജില്ലകളിലും കമ്മ്യൂണിറ്റി അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന റീട്ടെയിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കും. കഴിഞ്ഞ വർഷം നടപ്പിലാക്കിയ ലേബർ കോഡുകളിൽ വനിതാ തൊഴിലാളികൾക്ക് കൂടുതൽ ഉൾച്ചേർന്നതും സുരക്ഷിതവും ശാക്തീകരണം നൽകുന്നതുമായ തൊഴിൽ അന്തരീക്ഷം ഉറപ്പാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

**സാമൂഹിക നീതിയും സുരക്ഷിതമായ അന്തരീക്ഷവും**

വനിതകൾ സുരക്ഷിതരും പുരോഗതി കൈവരിച്ചവരുമാകുമ്പോൾ ലോകവും അഭിവൃദ്ധി പ്രാപിക്കുന്നു. അവരുടെ സാമ്പത്തിക ശാക്തീകരണം വികസനത്തിന് ഊർജ്ജം പകരുകയും, വിദ്യാഭ്യാസത്തിലേക്കുള്ള അവരുടെ പ്രവേശനം ആഗോള പുരോഗതിക്ക് പ്രചോദനമാകുകയും ചെയ്യുന്നു. സ്ത്രീകളുടെ നേതൃത്വം എല്ലാവരെയും ഉൾക്കൊള്ളുന്ന രീതി വളർത്തിയെടുക്കുന്നു, അവരുടെ ആശയങ്ങൾ ഗുണപരമായ മാറ്റത്തിന് വഴിയൊരുക്കുന്നു. സ്ത്രീകളെ ശാക്തീകരിക്കുന്നതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം സ്ത്രീകളുടെ നേതൃത്വത്തിലുള്ള വികസന മാതൃകയാണ്. ഇന്ത്യ ഈ ദിശയിൽ നിർണ്ണായകമായ ചുവടുവെപ്പുകൾ നടത്തിയിട്ടുണ്ട്. രാഷ്ട്രപതി ദ്രൗപതി മുർമു ഇതിന് ഉജ്ജ്വലമായ ഉദാഹരണമാണ്. എളിയ ഗോത്ര പശ്ചാത്തലത്തിൽ നിന്ന് വരുന്ന അവർ ഇന്ന് ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തെ നയിക്കുന്നു. ലോകത്തിലെ രണ്ടാമത്തെ വലിയ പ്രതിരോധ സേനയുടെ സുപ്രീം കമാൻഡറായും അവർ സേവനമനുഷ്ഠിക്കുന്നു. സ്ത്രീകൾക്ക് സുരക്ഷിതമായ അന്തരീക്ഷം നൽകുന്നതിനും രാജ്യത്തിന്റെ വികസനത്തിൽ അവരുടെ തുല്യ പങ്കാളിത്തം ഉറപ്പാക്കുന്നതിനുമായി ദേശീയ തലത്തിൽ നിരവധി സുരക്ഷാ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വനിതകളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനും ഇന്ത്യയുടെ വികസന യാത്രയിൽ അവരുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുന്നതിനുമാണ് രാജ്യം ഇന്ന് മുൻഗണന നൽകുന്നത്. ആൺമക്കളെയും പെൺമക്കളെയും തുല്യരായി പരിഗണിക്കണമെന്ന നിലപാടിൽ, പെൺകുട്ടികളുടെ നിയമപരമായ വിവാഹപ്രായം 21 വയസ്സായി ഉയർത്തുന്നത് കേന്ദ്ര ഗവണ്മെന്റ് ഇപ്പോൾ പരിഗണിച്ചു വരികയാണ്.

# നേതൃത്വവും ബഹുമാനവും

*കേണൽ സോഫിയ ഖുറേഷിയും വിംഗ് കമാൻഡർ വ്യോമിക സിംഗും ചേർന്ന് 'ഓപ്പറേഷൻ സിന്ദൂർ' എന്ന ദൗത്യത്തെക്കുറിച്ച് രാജ്യത്തെ അഭിസംബോധന ചെയ്തപ്പോൾ, അത് വെറുമൊരു ദൗത്യത്തിന്റെ വിവരണമായിരുന്നില്ല; മറിച്ച് മാറിക്കൊണ്ടിരിക്കുന്ന ഭാരതത്തിന്റെ ആത്മാവിനെ പ്രതിഫലിപ്പിക്കുന്ന നിമിഷമായിരുന്നു. ഈ നിമിഷം രാജ്യത്തെ മുഴുവൻ പ്രചോദിപ്പിക്കുകയും 'നാരീശക്തി'യുടെ വർദ്ധിച്ചുവരുന്ന സ്വാധീനം വ്യക്തമായി പ്രകടിപ്പിക്കുകയും ചെയ്തു.*

## സായുധ സേന - സൈനിക് സ്കൂളുകളിൽ പെൺകുട്ടികൾക്കും പ്രവേശനം അനുവദിച്ചു

- നാഷണൽ ഡിഫൻസ് അക്കാദമിയിൽ വനിതാ കേഡറ്റുകളുടെ പ്രവേശനം 2022 ൽ ആരംഭിച്ചു.
- കര, നാവിക, വ്യോമ സേനകളിൽ സ്ഥിരം കമ്മീഷനുകൾക്ക് ഇപ്പോൾ വനിതകൾ അർഹരാണ്.
- കഴിഞ്ഞ 10 വർഷത്തിനിടെ, ഇന്ത്യൻ കരസേനയിലെ വനിതാ ഓഫീസർമാരുടെ എണ്ണം നാലിരട്ടിയായി വർദ്ധിച്ചു.

### ഇന്ത്യൻ സൈന്യത്തിലെ സ്ത്രീകൾ

| | |
|---|---|
| 2026 | 11,000 |
| 2014 | 3,000 |



*'നാരീശക്തി'യാൽ ഇന്ത്യൻ സൈന്യം കരുത്താർജ്ജിക്കുന്നു.*

- ലെഫ്റ്റനന്റ് ജനറൽ, ഫൈറ്റർ പൈലറ്റ്, യൂണിറ്റ് കമാൻഡർ തുടങ്ങിയ പ്രധാന നേതൃസ്ഥാനങ്ങളിൽ ഇപ്പോൾ വനിതാ ഓഫീസർമാർ സേവനമനുഷ്ഠിക്കുന്നു.
- 12 വകുപ്പുകളിലും സേവനവിഭാഗങ്ങളിലുമായി വനിതകൾക്ക് സ്ഥിരം കമ്മീഷൻ അനുവദിച്ചുവരുന്നു.
- നാഷണൽ ഡിഫൻസ് അക്കാദമിയിലേക്കുള്ള വനിതകളുടെ പ്രവേശനത്തിൽ ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്; 2025 മെയ് മാസത്തിൽ 17 വനിതാ കേഡറ്റുകളും, 2025 നവംബറിൽ 15 വനിതാ കേഡറ്റുകളും ബിരുദം നേടി പുറത്തിറങ്ങി.
- ആദ്യമായി, 75-ാം റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് മൂന്നു സേനകളിലെയും അംഗങ്ങൾ ഉൾപ്പെട്ട സമ്പൂർണ്ണ വനിതാ സംഘം കർത്തവ്യ പഥിലൂടെ മാർച്ച് ചെയ്തു. കൂടാതെ, സമാധാന ദൗത്യത്തിനായി - പ്രത്യേകിച്ച് 2007 മുതൽ 2016 വരെ ലൈബീരിയയിലെ ഐക്യരാഷ്ട്ര ദൗത്യത്തിനായി (UNMIL) - ഒരു സമ്പൂർണ്ണ വനിതാ പോലീസ് യൂണിറ്റിനെ വിന്യസിച്ച ലോകത്തിലെ ആദ്യത്തെ രാജ്യം എന്നതിലും ഭാരതം അഭിമാനിക്കുന്നു.

- യുഎൻ ലിംഗ സമത്വ നയത്തിന് അനുസൃതമായി, 2028-ഓടെ സൈനിക വിഭാഗങ്ങളിൽ 15% വനിതാ പ്രാതിനിധ്യവും സ്റ്റാഫ് ഓഫീസർ അല്ലെങ്കിൽ ഒബ്സർവർ റോളുകളിൽ 25% പ്രാതിനിധ്യവുമാണ് ലക്ഷ്യമിടുന്നത്. എന്നാൽ ഭാരതം ഇതിനകം തന്നെ സ്റ്റാഫ് ഓഫീസർ, ഒബ്സർവർ വിഭാഗങ്ങളിൽ 22% പ്രാതിനിധ്യം കൈവരിച്ചിട്ടുണ്ട്.

**2025 മധ്യത്തോടെ ആറ് ഐക്യരാഷ്ട്ര സമാധാന ദൗത്യങ്ങളിലായി**



**154** ലധികം ഇന്ത്യൻ വനിതകളെ വിന്യസിച്ചു കഴിഞ്ഞു.



2026 ജനുവരി 26-ന് നടന്ന റിപ്പബ്ലിക് ദിന പരേഡിൽ പുരുഷന്മാരുടെ സി.ആർ.പി.എഫ് സംഘത്തെ നയിച്ചുകൊണ്ട് അസിസ്റ്റന്റ് കമാൻഡന്റ് സിമ്രാൻ ബാല ചരിത്രം കുറിച്ചു. ഇതാദ്യമായാണ് ഒരു വനിതാ ഓഫീസർ സി.ആർ.പി.എഫിന്റെ പുരുഷ സംഘത്തെ കമാൻഡ് ചെയ്യുന്നത്.

### വനിതാ പൈലറ്റുമാർ

| | |
|---|---|
| ഇന്ത്യ | 15% |
| ആഗോള ശരാശരി | 5% |

ഈ മേഖലയിൽ അയർലണ്ടിനെക്കാളും (9.9%), യുഎസിനെക്കാളും (5.5%) ഇന്ത്യ മുന്നിലാണ്.



## ശാസ്ത്രവും സാങ്കേതികവിദ്യയും



**12.5** ഓരോ വർഷവും ഏകദേശം ലക്ഷം സ്ത്രീകൾ ശാസ്ത്ര-സാങ്കേതിക മേഖലകളിലെ തൊഴിൽ സേനയിൽ ചേരുന്നു.

- ഐഎസ്ആർഒയുടെ ആദിത്യ-എൽ1 ചന്ദ്രയാൻ-3 തുടങ്ങിയ സുപ്രധാന ദൗത്യങ്ങളിൽ വനിതകൾ നിർണ്ണായക പങ്ക് വഹിക്കുന്നു.
- ഇന്ത്യയിലെ സ്റ്റെം (STEM - Science, Technology, Engineering, Mathematics) ബിരുദധാരികളിൽ 43 ശതമാനം വനിതകളാണ്; ആഗോളതലത്തിൽ തന്നെ ഏറ്റവും ഉയർന്ന ശതമാനങ്ങളിൽ ഒന്നാണിത്.
- ഇന്ന് ഗവണ്മെന്റ്, സ്വകാര്യ മേഖലകളിലെ സ്റ്റെം അനുബന്ധ തൊഴിൽ സേനയുടെ ഏകദേശം 18.6 ശതമാനം വനിതകൾ ഉൾക്കൊള്ളുന്നു; ഗവേഷണം, നവീന ആശയങ്ങൾ, അത്യാധുനിക സാങ്കേതികവിദ്യ എന്നിവയുമായി ബന്ധപ്പെട്ട മേഖലകളിലേക്ക് കൂടുതൽ സ്ത്രീകൾ കടന്നുവരുന്നതിനനുസരിച്ച് ഈ പങ്കാളിത്തം ക്രമാനുഗതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു.
- ഓൾ ഇന്ത്യ സർവേ ഓൺ ഹയർ എഡ്യൂക്കേഷൻ (AISHE) 2021-22 റിപ്പോർട്ട് അനുസരിച്ച്, സയൻസ്, എഞ്ചിനീയറിംഗ്, ടെക്നോളജി വിഷയങ്ങളിലെ ആകെ പിഎച്ച്ഡി എൻറോൾമെന്റുകളിൽ 41% സ്ത്രീകളാണ്. ശാസ്ത്ര-സാങ്കേതിക മേഖലകളിൽ അവർക്ക് വർദ്ധിച്ചുവരുന്ന താൽപ്പര്യവും ഇടപെടലുമാണ് ഇത് പ്രതിഫലിപ്പിക്കുന്നത്.
- AISHE 2021-22 റിപ്പോർട്ട് പ്രകാരം, രാജ്യത്തെ ഉന്നത വിദ്യാഭ്യാസ തലത്തിൽ STEM വിഷയങ്ങളിൽ ചേരുന്ന ആകെ വിദ്യാർത്ഥികളിൽ 43% സ്ത്രീകളാണ്.
- റിസർച്ച് ആൻഡ് ഡെവലപ്മെന്റ് സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട്-2023 പ്രകാരം, രാജ്യത്തുടനീളമുള്ള ഗവേഷണ-വികസന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സ്റ്റെം പ്രൊഫഷണലുകളിൽ 18.6% സ്ത്രീകളാണ്.
- ഇന്ത്യയുടെ ആദിത്യ-എൽ1 ദൗത്യം നയിക്കുന്നത് ഒരു വനിതയാണ്; കൗൺസിൽ ഓഫ് സയന്റിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസർച്ചിനും (CSIR) അതിനു കീഴിലുള്ള ആറ് ലബോറട്ടറികൾക്കും നേതൃത്വം നൽകുന്നത് വനിതകളാണ് ; കൂടാതെ ചന്ദ്രയാൻ-3 ദൗത്യത്തിലും ഒരു വനിത നേതൃപരമായ പങ്ക് വഹിച്ചിട്ടുണ്ട്.
- ഗവേഷണത്തിന്റെയും നവീന ആശയങ്ങളുടെയും ലോകത്ത്, വനിതാ ഗവേഷകർ പ്രതിവർഷം 5,000-ത്തിലധികം പേറ്റന്റുകൾ ഫയൽ ചെയ്യുന്നു-കുറച്ചുകാലം മുമ്പ് വരെ ഇത് വെറും നൂറിൽ താഴെ മാത്രമായിരുന്നു.




**“തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയകളിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിക്കുമ്പോൾ, അത് വ്യവസ്ഥിതിയിൽ കൂടുതൽ സംവേദനക്ഷമത പകർന്നു നൽകുമെന്ന് നിരവധി പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ഇതൊരു വലിയ കരുത്തായി മാറുന്നു; തൽഫലമായി ജലം, വിദ്യാഭ്യാസം, ആരോഗ്യം, പോഷകാഹാരം തുടങ്ങിയ വിവിധ മേഖലകളിൽ കൂടുതൽ അർപ്പണബോധത്തോടും സംവേദനക്ഷമതയോടും കൂടിയ സ്വാധീനശക്തിയുള്ള പ്രവർത്തനങ്ങൾ കാഴ്ചവെക്കാൻ സാധിച്ചിട്ടുണ്ട്.”**

*പ്രധാനമന്ത്രി നരേന്ദ്ര മോദി*

സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾക്കെതിരെ രാജ്യം ഇന്ന് കർശനമായ നിയമങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്; ബലാത്സംഗം പോലുള്ള ക്രൂരമായ കുറ്റകൃത്യങ്ങൾക്ക് വധശിക്ഷ വരെ നൽകാനുള്ള വ്യവസ്ഥകൾ കൊണ്ടുവന്നു. ഈ നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ രാജ്യത്തുടനീളം ധാരാളം ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കുകയും ഭരണസംവിധാനങ്ങൾ കാര്യക്ഷമമാക്കുകയും ചെയ്യുന്നു. പോലീസ് സ്റ്റേഷനുകളിൽ ‘വനിതാ ഹെൽപ്പ് ഡെസ്കുകൾ’ വർദ്ധിപ്പിക്കുന്നത് മുതൽ, 24 മണിക്കൂർ ഹെൽപ്പ് ലൈനുകൾ സ്ഥാപിക്കുന്നതും സൈബർ കുറ്റകൃത്യങ്ങൾ തടയാൻ പോർട്ടലുകൾ ആരംഭിക്കുന്നതും വരെയുള്ള നിരവധി പദ്ധതികൾ വനിതകൾക്ക് സംരക്ഷണ കവചമായി വർത്തിക്കുന്നു. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളോട് ‘സീറോ ടോളറൻസ്’ നയമാണ് നിലവിലെ കേന്ദ്ര ഗവണ്മെന്റ് സ്വീകരിക്കുന്നത്.

നിയമപരമായ സംരക്ഷണം നൽകുന്നതിലുപരി, സ്ത്രീകളുടെ അന്തസ്സും ആത്മാഭിമാനവും ഉയർത്തിപ്പിടിക്കുന്നതിനുള്ള പ്രചാരണ പരിപാടികളും കേന്ദ്ര ഗവണ്മെന്റ് ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര ഗവണ്മെന്റിന്റെ ഭൂരിഭാഗം പദ്ധതികളിലും, കുടുംബത്തിലെ സ്ത്രീകളെ ഗുണഭോക്തൃ ചട്ടക്കൂടിന്റെ കേന്ദ്രത്തിൽ പ്രതിഷ്ഠിച്ചുകൊണ്ടാണ് ഔദ്യോഗിക രേഖകളും അവകാശങ്ങളും നൽകുന്നത്. കൂടാതെ, അടുത്തകാലത്തുണ്ടായ പരിഷ്ക്കാരങ്ങൾക്ക് മുമ്പ്, കശ്മീരികളല്ലാത്തവരെ വിവാഹം കഴിച്ചിരുന്ന ജമ്മു കശ്മീരിലെ സ്ത്രീകൾക്കും അവരുടെ കുട്ടികൾക്കും പൂർവ്വിക സ്വത്തവകാശം നിഷേധിക്കപ്പെട്ടിരുന്നു. എന്നാൽ, ആർട്ടിക്കിൾ 370, 35A എന്നിവ റദ്ദാക്കിയതോടെ ഈ പ്രദേശത്തെ സ്ത്രീകൾക്ക് ഒടുവിൽ അർഹമായ അവകാശങ്ങൾ ലഭിച്ചു. വിവാഹം കഴിച്ച് സ്ത്രീകളെ ഉപേക്ഷിച്ചു കടന്നുപോകുന്ന പ്രവാസി ഭാരതീയരുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യാനും നിയമങ്ങൾ കർശനമാക്കിയിട്ടുണ്ട്. സാമൂഹിക തലത്തിൽ, സ്ത്രീകളെ ദുരുപയോഗത്തിനും അടിച്ചമർത്തലിനും വിധേയമാക്കിയിരുന്ന ‘മുത്തലാഖ്’ പോലുള്ള അനാചാരങ്ങൾ തടയുന്നതിനും നിയമപരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.



# ഉന്നതവിദ്യാഭ്യാസത്തിലേക്കുള്ള പ്രവേശനം

*ഉന്നതവിദ്യാഭ്യാസത്തിലേക്കുള്ള സ്ത്രീകളുടെ പ്രവേശനം ആഗോള പുരോഗതിക്ക് ആക്കം കൂട്ടുന്നു. അവരുടെ നേതൃത്വം ഉൾച്ചേർക്കൽ മനോഭാവത്തെ പ്രോത്സാഹിപ്പിക്കുകയും അവരുടെ ആശയങ്ങൾ ക്രിയാത്മകമായ മാറ്റങ്ങൾക്ക് പ്രചോദനം നൽകുകയും ചെയ്യുന്നു. അതിനാൽ, കഴിഞ്ഞ 12 വർഷമായി സമഗ്രമായ സമീപനത്തോടെ വിവിധ പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കിയിട്ടുണ്ട്...*

**ഉന്നത വിദ്യാഭ്യാസത്തിലെ സ്ത്രീകളുടെ മൊത്ത പ്രവേശന അനുപാതം**

22.9% — 2014-15

30.2% — 2022-23



## പിഎച്ച്ഡി പ്രോഗ്രാമുകളിലെ വനിതാ ഗവേഷകർ

**64,724**

2014 മുതൽ വനിതാ ഗവേഷകരുടെ എണ്ണത്തിൽ വർദ്ധന.

- 2014-15 മുതൽ 2022-23 വരെയുള്ള കാലയളവിൽ ഉന്നതവിദ്യാഭ്യാസ പ്രവേശനത്തിൽ 135.6% എന്ന അസാധാരണമായ വർദ്ധന

## എ.ഐ.സി.ടി.ഇ.

2024-25 വർഷത്തിൽ

**35,998**

പെൺകുട്ടികൾ എ.ഐ.സി.ടി.ഇ. പ്രഗതി സ്കോളർഷിപ്പ് പദ്ധതിയുടെ പ്രയോജനം നേടി.

## പിജി പഠനത്തിനുള്ള ദേശീയ സ്കോളർഷിപ്പ്

- 2023-24 കാലയളവിൽ കേന്ദ്ര ഗവൺമെന്റ് ആരംഭിച്ച പദ്ധതിയാണിത്.
- ഈ പദ്ധതിയിൽ 30% സീറ്റുകൾ പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു.



## വനിതകൾക്ക് ഒരു അനുഗ്രഹം!

- പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന (PMKVY) പ്രകാരം ഇതുവരെ 7.2 ദശലക്ഷത്തിലധികം വനിതകൾക്ക് പരിശീലനം നൽകിയിട്ടുണ്ട്.




*ഇന്ത്യയിലുടനീളമുള്ള പരിശീലനം ലഭിച്ച ആകെ ഉദ്യോഗാർത്ഥികളിൽ 45% സ്ത്രീകളാണ്.*

## വിജ്ഞാൻ ജ്യോതി പദ്ധതി

**300**

വിജ്ഞാൻ ജ്യോതി പദ്ധതിക്ക് കീഴിൽ 80,000-ത്തിലധികം പ്രതിഭകളായ പെൺകുട്ടികൾക്ക് പിന്തുണ ലഭിച്ചതിന് വിവിധ ജില്ലകൾ സാക്ഷ്യം വഹിച്ചു.

ഇന്ന് ദശലക്ഷക്കണക്കിന് മുസ്ലിം സ്ത്രീകൾ മുത്തലാഖ് എന്ന മനുഷ്യത്വരഹിതമായ ആചാരത്തിനെതിരെ സംരക്ഷിതരാണ്. ഈ നിയമം നടപ്പിലാക്കി ഏതാനും വർഷങ്ങൾക്കുള്ളിൽ തന്നെ മുത്തലാഖ് കേസുകളിൽ 80-82 ശതമാനം കുറവുണ്ടായതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ന് ഭാരതത്തിലെ സ്ത്രീകൾ സ്വതന്ത്രരും സാമ്പത്തികമായി ശാക്തീകരിക്കപ്പെട്ടവരും ദൃഢനിശ്ചയമുള്ളവരും ആഴത്തിലുള്ള സുരക്ഷിതബോധം ഉള്ളവരുമാണ്; അവർ കേവലം സ്വപ്നം കാണുക മാത്രമല്ല, ആ സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കി മാറ്റുകയും ചെയ്യുന്നു. ഈ പരിവർത്തനത്തിന് പിന്നിലെ പ്രധാന ചാലകശക്തി പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള നിശ്ചയദാർഢ്യമുള്ള ഗവൺമെന്റിന്റെ യോജിച്ചുള്ള പരിശ്രമങ്ങളാണ്-പെൺകുട്ടികളെയും സ്ത്രീകളെയും താഴ്ന്നവരായി കണ്ടിരുന്ന പതിറ്റാണ്ടുകളായുള്ള മനോഭാവത്തിൽ വിപ്ലവാത്മകമായ മാറ്റം കൊണ്ടുവരാൻ ഈ ശ്രമങ്ങൾക്ക് സാധിച്ചു.

സ്ത്രീശക്തിയെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിച്ചുകൊണ്ടുള്ള സമഗ്രമായ സമീപനത്തിലൂടെ കേന്ദ്ര ഗവൺമെന്റ് നടത്തിയ അക്ഷീണ പരിശ്രമങ്ങളുടെ ഫലമായാണ് ഇന്ന് വനിതകൾ രാജ്യത്തിന്റെ അഭിമാനമായി മാറുന്നത്; അത് കർത്തവ്യപഥിലെ റിപ്പബ്ലിക് ദിന പരേഡിന് നേതൃത്വം നൽകുന്നതിലായാലും, അത്യാധുനിക റാഫേൽ യുദ്ധവിമാനങ്ങൾ പറത്തുന്നതിലായാലും, മുൻനിരയിൽ ശത്രുക്കളെ നേരിടുന്നതിലായാലും, കായികരംഗത്ത് രാജ്യത്തിന് ഖ്യാതി നേടിക്കൊടുക്കുന്നതിലായാലും, അല്ലെങ്കിൽ രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിയിൽ തുല്യ പങ്കുവഹിക്കാൻ സ്വയം തൊഴിൽ അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിലായാലും, വനിതകൾ പുരുഷന്മാർക്കൊപ്പം തോളോടുതോൾ ചേർന്നു നിൽക്കുക മാത്രമല്ല, അവരെക്കാൾ വളരെ മുന്നിലേക്ക് കുതിക്കുകയും ചെയ്യുന്നു. തുല്യമായ അവസരങ്ങൾ ലഭിച്ചാൽ, ഒരു വീട് മാത്രമല്ല, അഭിവൃദ്ധിയുള്ളതും മഹത്തരവുമായ ഒരു രാഷ്ട്രം കെട്ടിപ്പടുക്കാനും തങ്ങൾ പ്രാപ്തരാണെന്ന് അസാധാരണമായ കഴിവുകളിലൂടെ വനിതകൾ തെളിയിച്ചിട്ടുണ്ട്.

# കാർഷിക മേഖലയിലെ നാരീശക്തി

*ഇന്ത്യയെപ്പോലൊരു കാർഷിക രാജ്യത്ത്, ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെ വലിയൊരു ഭാഗം സ്ത്രീകളുടെ അധ്വാനം, നൈപുണ്യം, സമർപ്പണം എന്നിവയെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. വിതയ്ക്കൽ, കള പറിക്കൽ, വിളവെടുപ്പ്, മൃഗസംരക്ഷണം, വിത്തുസംരക്ഷണം, ഭക്ഷ്യ സംസ്കരണം തുടങ്ങി നിരവധി കാർഷികപ്രവൃത്തികളിൽ സ്ത്രീകൾ സജീവമായ പങ്ക് വഹിക്കുന്നു. അതിനാൽ, സാങ്കേതിക പരിശീലനത്തിലൂടെ സവിശേഷമായ ഒരു സംഘം സ്ത്രീകളെ ശാക്തീകരിക്കുകയും അവർക്കായി വരുമാന വർധനയ്ക്കുള്ള പുതിയ അവസരങ്ങൾ തുറന്നുനൽകുകയും ചെയ്യുന്നു.*



## അവസരങ്ങൾ നിരവധി

- കൃഷിസ്ഥലത്തെ വിളവെടുപ്പായാലും മൃഗസംരക്ഷണമായാലും ഇന്ന് നമ്മുടെ ഗ്രാമങ്ങളിലെ പെൺമക്കൾക്കായി ധാരാളം അവസരങ്ങളുണ്ട്.
- ഇന്ന് ഗ്രാമങ്ങളിൽ വളവും കീടനാശിനികളും തളിക്കുന്നതിനുള്ള ആധുനിക രീതികൾക്ക് 'നമോ ഡ്രോൺ ദീദി'മാർ നേതൃത്വം നൽകുന്നു.
- പ്രകൃതി സൗഹൃദ കൃഷി രീതികളെക്കുറിച്ച് കർഷകർക്ക് പരിശീലനം നൽകുന്നതിനായി 70,000 'കൃഷി സഖി'മാർ തയ്യാറാണ്.



**1,094**

ഡ്രോണുകൾ സ്ത്രീകളുടെ സ്വയംസഹായ സംഘങ്ങൾക്കായി വിതരണം ചെയ്തു. ഇതിൽ 500 എണ്ണം 'നമോ ഡ്രോൺ ദീദി' ദൗത്യത്തിന് കീഴിൽ വിതരണം ചെയ്തവയാണ്.



### കാർഷിക മേഖലയിലെ നാരീശക്തി

**11.61 ലക്ഷം+**

വനിതാ കർഷകർക്ക് കാർഷിക സാങ്കേതിക പരിപാലന ഏജൻസി പദ്ധതിക്ക് കീഴിൽ ഫെബ്രുവരി 26 വരെ പരിശീലനം നൽകി.

**2,377 കോടി**

കാർഷിക അടിസ്ഥാനസൗകര്യ നിധിക്കു (AIF) കീഴിൽ 2025 ഫെബ്രുവരി 28 വരെയുള്ള കണക്കനുസരിച്ച്, സ്ത്രീകൾ നയിക്കുന്ന 8,190 പദ്ധതികൾക്കായി ലഭ്യമാക്കി.

### എഫ്.പി.ഒ പദ്ധതി

- 10,000 എഫ്.പി.ഒ പദ്ധതിക്ക് കീഴിൽ (2026 ഫെബ്രുവരി വരെ): ഓരോ എഫ്.പി.ഒയുടെയും ഭരണസമിതിയിൽ കുറഞ്ഞത് ഒരു വനിതാ അംഗമെങ്കിലും ഉണ്ടായിരിക്കണം.
- 1,175 എഫ്.പി.ഒകളിൽ 100% വനിതാ ഓഹരിയുടമകളാണുള്ളത്. കൂടാതെ 1,084 എഫ്.പി.ഒകളിൽ 50% മുതൽ 99% വരെ വനിതാ അംഗങ്ങളുണ്ട്.

**1.01+**

ലക്ഷം കോടിയിലധികം പിഎം കിസാൻ പദ്ധതി ആരംഭിച്ചത് മുതൽ ഇതുവരെ വനിതാ ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തു.

**15,000**

ഡ്രോണുകൾ 'നമോ ഡ്രോൺ ദീദി' പദ്ധതിക്ക് കീഴിൽ സ്ത്രീകളുടെ സ്വയംസഹായ സംഘങ്ങൾക്ക് നൽകാൻ തീരുമാനിച്ചു.

അന്താരാഷ്ട്ര നാണയ നിധിയുടെ (IMF) റിപ്പോർട്ട് പ്രകാരം, തൊഴിൽ പങ്കാളിത്തത്തിൽ ലിംഗസമത്വം കൈവരിക്കുന്നത് ഇന്ത്യയുടെ ജിഡിപിയിൽ 27 ശതമാനം വർധന ഉണ്ടാക്കും. കൂടാതെ, നൈപുണ്യമുള്ള സ്ത്രീകളിൽ 50 ശതമാനം പേർ തൊഴിൽ മേഖലയിൽ പ്രവേശിക്കുകയാണെങ്കിൽ, രാജ്യത്തിന്റെ വളർച്ചനിരക്ക് 1.5 ശതമാനം വർധിച്ച് പ്രതിവർഷം 9 ശതമാനത്തിലെത്തും. ഈ 'നവ ഇന്ത്യ'യിൽ, സ്ത്രീകളെ തൊഴിൽ സേനയുടെ ഭാഗമാക്കേണ്ടതിന്റെ അനിവാര്യത തിരിച്ചറിഞ്ഞ്, അവർക്ക് തുല്യ അവസരങ്ങളും സുരക്ഷിതമായ അന്തരീക്ഷവും ഉറപ്പാക്കുന്നതിനായി കേന്ദ്ര ഗവണ്മെന്റ് നവോന്മേഷത്തോടെ തുടർച്ചയായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയാണ്. സമർപ്പണവും സ്ഥിരോത്സാഹവും ലക്ഷ്യബോധവുമായി ചേരുമ്പോഴും, അനുകമ്പയുടെയും ഏവരെയും ഉൾക്കൊള്ളുന്നതിന്റേയും മനോഭാവം മാനവികതയെ പുൽകുന്നിടത്തും ഒരു പുതിയ യുഗം പിറക്കുന്നു-ഒരു പുതിയ പ്രഭാതം ഉദിക്കുന്നു. 'ഏവർക്കുമൊപ്പം, ഏവരുടെയും വികസനം, ഏവരുടെയും വിശ്വാസം, കൂട്ടായ പ്രയത്നം'- കൂട്ടായ ഊർജസ്വലതയുടെ ഈ മനോഭാവമാണ് നവ ഇന്ത്യയുടെ ഈ 'അമൃതകാല'ത്തിൽ ഇന്ന് കുതിച്ചുയരുന്നത്.

ഇതുകൊണ്ടുതന്നെയാണ് ഇന്ന് ഇന്ത്യയിലെ ബഹിരാകാശ ശാസ്ത്രജ്ഞരിൽ നാലിലൊന്നും സ്ത്രീകളായിരിക്കുന്നത്. ചന്ദ്രയാൻ, ഗഗൻയാൻ, ചൊവ്വ ദൗത്യം തുടങ്ങിയ പ്രധാന പദ്ധതികളുടെ വിജയത്തിന് പിന്നിൽ വനിതാ ശാസ്ത്രജ്ഞരുടെ പ്രതിഭയും കഠിനാധ്വാനവുമുണ്ട്. വ്യോമയാന മേഖലയിൽ ലോകത്ത് ഏറ്റവും കൂടുതൽ വനിതാ പൈലറ്റുമാരുള്ള രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. കൂടാതെ, ഇന്ത്യൻ വ്യോമസേനയിൽ വനിതാ പൈലറ്റുമാർ ഇപ്പോൾ യുദ്ധവിമാനങ്ങളും പറത്തുന്നുണ്ട്. സായുധ സേനയുടെ എല്ലാ വിഭാഗങ്ങളിലും വനിതാ ഓഫീസർമാരെ പ്രവർത്തനപരമായ ദൗത്യങ്ങളിലും യുദ്ധമുന്നണികളിലും കൂടുതലായി വിന്യസിച്ചുവരുന്നു. കഴിഞ്ഞ 10 വർഷത്തിനിടെ ഇന്ത്യൻ സായുധ സേനയിലെ വനിതാ ഓഫീസർമാരുടെ എണ്ണം മൂവായിരത്തിൽ നിന്ന് പതിനൊന്നായിരത്തിലധികമായി ഉയർന്നു, അതായത് ഏകദേശം നാലിരട്ടി വർധന. ഇന്ന് ഫൈറ്റർ പൈലറ്റുമാർ, ലെഫ്റ്റനന്റ് ജനറൽമാർ, യൂണിറ്റ് കമാൻഡർമാർ തുടങ്ങിയ പ്രധാന നേതൃസ്ഥാനങ്ങളിൽ, സ്ത്രീകൾ രാജ്യത്തെ സേവിക്കുന്നു.

പുതിയ ഇന്ത്യയും
വനിതാ
നേതൃത്വവും
കവർ സ്റ്റോറി

# കായിക ലോകത്തെ മികവ്

*ചരിത്രത്തിലാദ്യമായി ഇന്ത്യയുടെ പെൺമക്കൾ വനിതാ ലോകകപ്പ് കിരീടം ചൂടിയപ്പോൾ, പ്രധാനമന്ത്രി മോദി നിശ്ചയദാർഢ്യമുള്ള ഈ ജേതാക്കളെ മധുരം നൽകി ആദരിച്ച്, ആ നേട്ടം ആഘോഷിച്ചു. എല്ലാ മേഖലകളിലും നേതൃത്വം ഏറ്റെടുക്കാൻ 'നവ ഇന്ത്യ' നാരീശക്തിക്കു കരുത്തുപകരുന്നു എന്നതിന്റെ തെളിവുകൂടിയാണിത്. ഇന്ത്യയുടെ വനിതാ കായിക താരങ്ങൾ രാജ്യത്തിന്റെ കായിക ചരിത്രത്തിൽ പുതിയ അധ്യായം കുറിക്കുകയാണ്...*




ഒളിമ്പിക്സിലെ വനിതാ കായികതാരങ്ങളുടെ പ്രകടനം




- 2008-ൽ വനിതാ പങ്കാളികളുടെ എണ്ണം 25 ആയിരുന്നു, ഇത് 2012-ൽ 23 ആയി കുറഞ്ഞു.
- 2024-ലെ പാരീസ് ഒളിമ്പിക്സിൽ 47 സ്ത്രീകൾ പങ്കെടുത്തു.

ഖേലോ ഇന്ത്യ



**9.5** കോടി 'ഖേലോ ഇന്ത്യ - സ്ത്രീകൾക്കായി കായികമേഖല' എന്ന പദ്ധതിക്ക് കീഴിൽ മാത്രം ഇതുവരെ അനുവദിച്ചു.

- ഈ പദ്ധതിക്ക് കീഴിൽ 21 വിവിധ കായിക ഇനങ്ങളിലായി 575 മത്സരങ്ങൾ സംഘടിപ്പിച്ചു.
- 2024 ഫെബ്രുവരി വരെയുള്ള കണക്കനുസരിച്ച് 60,000-ത്തിലധികം വനിതാ കായികതാരങ്ങൾ ഇതിൽ പങ്കെടുത്തു.

**2025-ലെ ഐസിസി വനിതാ ലോകകപ്പ് ക്രിക്കറ്റ് കിരീടം ചൂടി ഇന്ത്യൻ ടീം ചരിത്രം സൃഷ്ടിച്ചു.**

## വനിതാ കായികതാരങ്ങൾ നേടിയ മെഡലുകൾ

**23** 

2022-ലെ കോമൺവെൽത്ത് ഗെയിംസിൽ ആകെ നേടിയ 61 മെഡലുകളിൽ 23 എണ്ണം വനിതാ കായികതാരങ്ങളാണ് കരസ്ഥമാക്കിയത്.

- 2023-ലെ ഏഷ്യൻ പാരാ ഗെയിംസിൽ ഇന്ത്യ നേടിയ ആകെ 111 മെഡലുകളിൽ 40 എണ്ണം നേടി വനിതാ കായികതാരങ്ങൾ ചരിത്രം സൃഷ്ടിച്ചു.
- 2024-ലെ പാരീസ് ഒളിമ്പിക്സിൽ ആകെ നേടിയ 6 മെഡലുകളിൽ 2 എണ്ണവും, പാരാലിമ്പിക്സിൽ നേടിയ 29 മെഡലുകളിൽ 11 എണ്ണവും നേടി അവർ തിളക്കമാർന്ന പ്രകടനം കാഴ്ചവച്ചു

## ചരിത്രം സൃഷ്ടിക്കപ്പെട്ടു

- പാരാലിമ്പിക് ഗെയിംസിന്റെ ചരിത്രത്തിൽ രണ്ട് സ്വർണ്ണ മെഡലുകൾ നേടുന്ന ആദ്യ ഇന്ത്യൻ വനിതയായി അവനി ലേഖര മാറി.
- 2025-ൽ, കാഴ്ചപരിമിതർക്കായുള്ള കന്നി വനിതാ ടി20 ലോകകപ്പ് കിരീടം ചൂടി കാഴ്ചപരിമിതരുടെ ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം ചരിത്രം കുറിച്ചു.
- 2020-ലെ ടോക്കിയോ ഒളിമ്പിക്സിൽ ഷട്ടിൽ താരം പി.വി. സിന്ധു ചരിത്രം സൃഷ്ടിച്ചു.
- 2024-ലെ പാരീസ് ഒളിമ്പിക്സിൽ രണ്ട് വെങ്കല മെഡലുകൾ നേടി ചരിത്രം സൃഷ്ടിച്ച മനു ഭാക്കർ ആ നേട്ടം കൈവരിക്കുന്ന ഇന്ത്യയിലെ ആദ്യ വനിതാ ഷൂട്ടറായി മാറി.

സൈനിക സ്കൂളുകളുടെയും നാഷണൽ ഡിഫൻസ് അക്കാദമിയുടെയും (NDA) വാതിലുകൾ സ്ത്രീകൾക്കായി തുറന്നുകൊടുത്തത് വലിയ മാറ്റത്തിന് വഴിയൊരുക്കി; പ്രതിരോധ മേഖലയിലേക്ക് കടന്നുവരാൻ ഇത് നിരവധി യുവതികൾക്ക് അവസരം നൽകി.

**...സ്ത്രീശാക്തീകരണം പ്രതിജ്ഞയായപ്പോൾ**

നാരീശക്തി വന്ദൻ അധിനിയം ഇന്ത്യയുടെ വികസനത്തിൽ സ്ത്രീശക്തിയുടെ പങ്ക് നിർവചിക്കും. 2047 വരെയുള്ള അമൃതകാലത്ത് 'വികസിത ഭാരതം' കെട്ടിപ്പടുക്കുന്നതിൽ ഇതു നാഴികക്കല്ലായി മാറും. സ്ത്രീശാക്തീകരണത്തിന് പുതിയ ദിശാബോധം നൽകാൻ ഇത് സജ്ജമാണ്. 'നവ ഇന്ത്യ'യുടെ നിർമാണത്തിൽ ചരിത്രപരമായ സ്ത്രീനേതൃത്വത്തിന് ഇത് അംഗീകാരം നൽകുകയും ലോകത്തിന് മുഴുവൻ പ്രചോദനമാകുകയും ചെയ്യും. രാജ്യത്തെ 140 കോടി ജനസംഖ്യയുടെ 50 ശതമാനം വരുന്ന 'മാതൃശക്തി'ക്ക് അഥവാ സ്ത്രീകൾക്ക് നൽകുന്ന യഥാർഥ ആദരമാണിത്. 'സ്ത്രീകളുടെ നേതൃത്വത്തിലുള്ള വികസനം' എന്ന ആശയം പ്രധാനമന്ത്രി നരേന്ദ്ര മോദി ആഗോള സമൂഹത്തിന് മുന്നിൽ അവതരിപ്പിച്ചു. ജി20 അധ്യക്ഷപദവിയിൽ ഇരുന്നപ്പോൾ, നമ്മുടെ മാതൃശക്തിക്കും പെൺമക്കൾക്കും നയങ്ങളിൽ പങ്കാളികളാകാൻ മാത്രമല്ല, ആ നയരൂപീകരണത്തിൽ അർഹമായ സ്ഥാനം ഉറപ്പാക്കാനും കഴിയുമെന്ന് ഇന്ത്യ ലോകത്തിന് കാണിച്ചുകൊടുത്തു. കാരണം, നിലവിലെ കേന്ദ്ര ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം സ്ത്രീശാക്തീകരണം വെറുമൊരു രാഷ്ട്രീയ വിഷയമല്ല, മറിച്ച് അതൊരു വിശുദ്ധമായ പ്രതിജ്ഞയാണ്. ഈ പ്രതിജ്ഞാബദ്ധതയുടെ ഉത്തമ ഉദാഹരണമാണ്, പ്രധാനമന്ത്രി മോദി ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്ന കാലത്ത് തന്റെ മുഴുവൻ ശമ്പളവും ഗുജറാത്ത് സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെ പെൺമക്കളുടെ വിദ്യാഭ്യാസത്തിനായി സംഭാവന ചെയ്തത്.

## വുമണിയ സംരംഭം...
## വനിതാ സംരംഭകർക്ക് എളുപ്പത്തിൽ വിപണിപ്രവേശം സാധ്യമാക്കുന്നു

- ഉൾച്ചേർക്കലിന് മുൻഗണന നൽകുന്ന പദ്ധതിയാണ് വുമണിയ. ഡിജിറ്റൽ രൂപത്തിലുള്ള സംരംഭക പരിശോധനയിലൂടെയും ആവശ്യമായ രേഖകൾ സമർപ്പിക്കുന്നതിലൂടെയും സ്ത്രീകൾ നയിക്കുന്ന സൂക്ഷ്മ-ചെറുകിട സംരംഭങ്ങളെ ഈ പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്തുന്നു.
- ജെം (GeM) പോർട്ടൽ വഴി ഉൽപ്പന്നങ്ങൾ ഗവണ്മെന്റ് ബയേഴ്സിനു നേരിട്ട് വിൽക്കാൻ വനിതാ സംരംഭകർക്കും സ്വയംസഹായ സംഘങ്ങൾക്കും ഇത് അവസരമൊരുക്കുന്നു.
- കരകൗശല വസ്തുക്കൾ, കൈത്തറി, ചണം, കയർ, വീടുകളിലേക്കും ഓഫീസുകളിലേക്കുമുള്ള അലങ്കാര വസ്തുക്കൾ തുടങ്ങിയ പ്രത്യേക വിഭാഗങ്ങളിൽപ്പെടുന്ന ഉൽപ്പന്നങ്ങളെ ഈ സംരംഭത്തിന് കീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
- ഈ സംരംഭം വനിതാ സംരംഭകർക്ക് വിപണിയിൽ കൂടുതൽ ദൃശ്യപരത നൽകുകയും വാങ്ങുന്നവരും വിൽക്കുന്നവരും തമ്മിൽ സുതാര്യമായ ആശയ വിനിമയം ഉറപ്പാക്കുകയും ചെയ്യുന്നു. ഇതുവഴി ഇടനിലക്കാരെ ആശ്രയിക്കുന്നത് കുറയ്ക്കാൻ സാധിക്കുന്നു.
- 2025-26 സാമ്പത്തിക വർഷത്തിൽ 2,10,000-ത്തിലധികം വനിതാ സൂക്ഷ്മ സംരംഭകർ ജെം (GeM) പോർട്ടലിൽ രജിസ്റ്റർ ചെയ്യുകയും ആകെ 13.7 ലക്ഷം ഓർഡറുകൾ സ്വീകരിക്കുകയും ചെയ്തു.



കൂടാതെ, തനിക്ക് ലഭിച്ച വിവിധ ഉപഹാരങ്ങളുടെയും സ്മരണികകളുടെയും ലേലത്തിലൂടെ ലഭിച്ച തുകയും അദ്ദേഹം പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി സമർപ്പിച്ചു. 140 കോടി പൗരന്മാരാൽ തിരഞ്ഞെടുക്കപ്പെട്ട, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ വലിയ ആരാധകവൃന്ദമുള്ള നേതാവ് തന്റെ വ്യക്തിഗത സോഷ്യൽ മീഡിയ അക്കൗണ്ടുകൾ ഒരു ദിവസം മുഴുവൻ ഏഴ് സ്ത്രീകൾക്കായി പൂർണ്ണമായും വിട്ടുനൽകുന്നത് സങ്കൽപ്പിച്ചു നോക്കൂ. എങ്ങനെയുള്ള അനുഭവമായിരിക്കും അത്? അതെ, 2019-ലെ അന്താരാഷ്ട്ര വനിതാ ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി തന്റെ ട്വിറ്റർ അക്കൗണ്ടിന്റെ നിയന്ത്രണം ഏഴ് സ്ത്രീകൾക്ക് കൈമാറി. 2025-ലും അദ്ദേഹം ഈ മാതൃക ആവർത്തിച്ചു, ഈ സവിശേഷ അവസരത്തിൽ തന്റെ സോഷ്യൽ മീഡിയ സാന്നിധ്യം ഒരിക്കൽ കൂടി നാരീശക്തിക്ക് അദ്ദേഹം കൈമാറി. വാക്കും പ്രവൃത്തിയും തമ്മിലുള്ള ഈ ശ്രദ്ധേയമായ പൊരുത്തമാണ്, ഈ 'നവ ഇന്ത്യ'യുടെ ഹൃദയഭാഗത്ത് സ്ത്രീകൾക്ക് തുല്യ അവകാശങ്ങളും അവസരങ്ങളും നൽകുന്നത്.

നിസംശയം പറയാം, രാജ്യത്തെ സ്ത്രീകളുടെ ശാക്തീകരണത്തിനാണ് ഇന്ന് രാജ്യം ഏറ്റവും ഉയർന്ന മുൻഗണന നൽകുന്നത്. തൽഫലമായി, ഭാരതീയ വനിതകളുടെ കരുത്ത് ഇന്ന് രാജ്യത്തുടനീളം ഏവരും അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നു. ഇന്ത്യയുടെ വളർന്നുവരുന്ന സമ്പദ്വ്യവസ്ഥയുടെ പ്രാഥമിക ഗുണഭോക്താക്കൾ മാത്രമല്ല സ്ത്രീകൾ, മറിച്ച് അതിന്റെ വളർച്ച ത്വരിതപ്പെടുത്തുന്നതിൽ നിർണായകമായ പങ്ക് വഹിക്കുന്നവരും വലിയ സംഭാവനകൾ നൽകുന്നവരുമാണ്. സ്റ്റാർട്ടപ്പ് ലോകം മുതൽ ബഹിരാകാശ മേഖല വരെ, പെൺമക്കൾ എല്ലായിടത്തും തങ്ങളുടെ മുദ്ര പതിപ്പിക്കുന്നു. അവർ കായികരംഗത്ത് ആധിപത്യം പുലർത്തുകയും സായുധ സേനയിൽ തിളങ്ങുകയും ചെയ്യുന്നു; ഇന്ന് അഭിമാനത്തോടെ സ്ത്രീകൾ രാജ്യത്തിന്റെ വികസനയാത്രയിൽ തോളോടുതോൾ ചേർന്ന് പങ്കെടുക്കുന്നു. 2047-ഓടെ ഇന്ത്യയെ വികസിത രാജ്യമാക്കി മാറ്റുന്നതിന്, രാജ്യം അതിവേഗം പുരോഗതി പ്രാപിക്കേണ്ടതും പൗരന്മാരുടെ മുഴുവൻ ശേഷിയും ദേശീയ താൽപ്പര്യത്തിനായി പ്രയോജനപ്പെടുത്തേണ്ടതും അനിവാര്യമാണ്. ഇതിനായി, നമ്മുടെ പെൺമക്കളെ വലിയ സ്വപ്നങ്ങൾ കാണാൻ പ്രചോദിപ്പിക്കുക മാത്രമല്ല, ആ സ്വപ്നങ്ങൾ യാഥാർഥ്യമാക്കുന്നതിന് ഓരോ ഘട്ടത്തിലും അവരെ പിന്തുണയ്ക്കുകയും വേണം. ഭയവും വിവേചനവുമില്ലാത്ത അന്തരീക്ഷത്തിൽ, രാഷ്ട്രനിർമാണത്തിനായി മികച്ച സംഭാവനകൾ നൽകാൻ സ്ത്രീകൾക്ക് സാധിക്കും.

അമൃതകാലത്ത്, പുതിയ പാർലമെന്റ് മന്ദിരത്തിലെ ആദ്യ ബില്ല് തന്നെ നാരീശക്തിക്കുള്ള ആദരമായി അവതരിപ്പിച്ചുകൊണ്ടും, ഈ നിയമനിർമാണത്തെ യാഥാർഥ്യമാക്കുമെന്ന് പ്രതിജ്ഞയെടുത്തുകൊണ്ടും ഗവണ്മെന്റ് തങ്ങളുടെ പ്രതിജ്ഞാബദ്ധത ഒരിക്കൽ കൂടി തെളിയിച്ചിരിക്കുകയാണ്. ഒരു യഥാർഥ കർമയോഗിയും സമർപ്പിത സാധകനുമായ ഇന്ത്യയുടെ 'പ്രധാന സേവകൻ' നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ, ജനാധിപത്യത്തിന്റെ യാത്രയിൽ പുതിയ അധ്യായം കുറിക്കാൻ രാജ്യം പ്രതിജ്ഞാബദ്ധമാണ്; കാരണം അതാണ് ഇന്ത്യയുടെ വേദഗ്രന്ഥങ്ങളുടെ നിർദേശങ്ങളും ഭാരതീയ സംസ്കാരത്തിന്റെ സത്തയും...

"यत्र नार्यस्तु पूज्यन्ते रमन्ते तत्र देवताः
यत्रैतास्तु न पूज्यन्ते सर्वास्तत्राफलाः क्रियाः




# വനിതാ സംവരണം

## നിങ്ങളുടെ എല്ലാ സംശയങ്ങൾക്കുമുള്ള ഉത്തരങ്ങൾ

**2026 ഏപ്രിൽ 16-ന് ലോക്സഭയിൽ കേന്ദ്ര ഗവണ്മെന്റ് അവതരിപ്പിച്ചത് ഏതെല്ലാം ബില്ലുകളാണ്?**
2026 ഏപ്രിൽ 16-ന് കേന്ദ്ര ഗവണ്മെന്റ് മൂന്ന് പ്രധാന ബില്ലുകൾ ലോക്സഭയിൽ അവതരിപ്പിച്ചു:

- ഭരണഘടനാ (131-ാം ഭേദഗതി) ബില്ല്, 2026
- മണ്ഡല പുനർനിർണയ ബില്ല്, 2026
- കേന്ദ്രഭരണ പ്രദേശ നിയമ (ഭേദഗതി) ബില്ല്, 2026

**ചോ** **കേന്ദ്ര ഗവണ്മെന്റ് ഈ പ്രത്യേക സമയത്ത് ഈ മൂന്ന് ബില്ലുകൾ അവതരിപ്പിച്ചത് എന്തുകൊണ്ടാണ്?**

**ഉ** 2026-ന് ശേഷം നടക്കുന്ന സെൻസസിനെ തുടർന്ന് നടത്തുന്ന മണ്ഡല പുനർനിർണയത്തിന്റെ അടിസ്ഥാനത്തിൽ സ്ത്രീകൾക്ക് സംവരണം ഉറപ്പാക്കണമെന്നാണ് നാരീശക്തി വന്ദൻ അധിനിയം വ്യവസ്ഥ ചെയ്യുന്നത്. 2026-ലെ സെൻസസിനും അതിനെ അടിസ്ഥാനമാക്കിയുള്ള മണ്ഡല പുനർനിർണയത്തിനുമായി കേന്ദ്ര ഗവണ്മെന്റ് കാത്തിരുന്നിരുന്നുവെങ്കിൽ, 2029-ലെ പൊതുതിരഞ്ഞെടുപ്പിൽ പോലും സ്ത്രീകൾക്ക് 33 ശതമാനം സംവരണത്തിന്റെ പ്രയോജനം ലഭിക്കുമായിരുന്നില്ല. അതിനാൽ, രാജ്യത്തെ ജനസംഖ്യയുടെ പകുതിയോളം വരുന്നവർക്ക് ഈ ആനുകൂല്യങ്ങൾ എത്രയും വേഗം ലഭ്യമാക്കുന്നതിനായി, 2026-ലെ സെൻസസ് അടിസ്ഥാനമാക്കി നടത്താനിരുന്ന മണ്ഡല പുനർനിർണയ പ്രക്രിയയിൽ നിന്ന് ഇതിനെ വേർപെടുത്തേണ്ടത് അത്യാവശ്യമാണെന്ന് കണ്ടു.

**ചോ** **നാരീശക്തി വന്ദൻ അധിനിയത്തോടൊപ്പം മണ്ഡല പുനർനിർണയ വിഷയം കൂടി കൊണ്ടുവന്നത് എന്തുകൊണ്ടാണ്? സീറ്റുകളുടെ എണ്ണത്തിൽ ഇത്ര വലിയ വർധന വരുത്താൻ ഗവണ്മെന്റ് നിർദേശിക്കുന്നത് എന്തുകൊണ്ടാണ്?**

**ഉ** ഒരു തിരഞ്ഞെടുപ്പ് മണ്ഡലത്തിന്റെ അതിരുകൾ മാറ്റം വരുത്തുന്നതിനെയാണ് മണ്ഡല പുനർനിർണയം എന്ന് പറയുന്നത്. നാരീശക്തി വന്ദൻ അധിനിയം ഫലപ്രദമായി നടപ്പാക്കുന്നതിന് മണ്ഡല പുനർനിർണയം അത്യന്താപേക്ഷിതമാണ്. 1976-ൽ ലോക്സഭയിലെ സീറ്റുകളുടെ എണ്ണം 550 ആയി നിശ്ചയിച്ചിരുന്നു. 1971-ൽ ഇന്ത്യയിലെ ജനസംഖ്യ ഏകദേശം 54 കോടി ആയിരുന്നു; എന്നാൽ ഇന്ന് അത് 140 കോടിയിൽ എത്തിയിരിക്കുന്നു. അതിനാൽ, ലോക്സഭയിലെ സീറ്റുകളുടെ എണ്ണം 850 ആയി വർധിപ്പിക്കേണ്ടത് നിർണായകമാണ്. ഇത് പാർലമെന്റിൽ മതിയായ പ്രാതിനിധ്യം ഉറപ്പാക്കാൻ സഹായിക്കും.

**ചോ** **ഈ മൂന്ന് ബില്ലുകൾ സഭ പാസാക്കിയിരുന്നെങ്കിൽ രാജ്യം ഇതിലൂടെ എന്ത് നേട്ടങ്ങൾ കൈവരിക്കുമായിരുന്നു?**

**ഉ** ഈ മൂന്ന് ബില്ലുകളും സഭ പാസാക്കിയിരുന്നെങ്കിൽ, രാഷ്ട്രപതിയുടെ അംഗീകാരത്തിന് പിന്നാലെ അവ നിയമമായി മാറുമായിരുന്നു. തൽഫലമായി, രാജ്യത്തെ സ്ത്രീകൾക്ക് 2029-ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ തന്നെ 33 ശതമാനം സംവരണത്തിന്റെ പ്രയോജനം ലഭിക്കുമായിരുന്നു; അതിലൂടെ അവർ ദീർഘകാലമായി കാത്തിരുന്ന അവകാശം യാഥാർഥ്യമാകുകയും ചെയ്യുമായിരുന്നു.

**ചോ** **മണ്ഡല പുനർനിർണയ കമ്മീഷൻ നിയമത്തിൽ ഭേദഗതി വരുത്തി രാഷ്ട്രീയ ലാഭം കൊയ്യാനാണോ കേന്ദ്ര ഗവണ്മെന്റ് ശ്രമിച്ചത്? ചില സംസ്ഥാനങ്ങളിൽ തിരഞ്ഞെടുപ്പ് നടക്കുമ്പോൾ ഗവണ്മെന്റ് ഈ ബില്ല് അവതരിപ്പിച്ചത് എന്തുകൊണ്ടാണ്? തമിഴ്നാട് അല്ലെങ്കിൽ പശ്ചിമ ബംഗാൾ പോലുള്ള സംസ്ഥാനങ്ങളിൽ ഇപ്പോൾ നടക്കുന്ന തിരഞ്ഞെടുപ്പുകളെ ഇത് ബാധിക്കുമോ?**

**ഉ** കേന്ദ്ര ഗവണ്മെന്റ് മണ്ഡല പുനർനിർണയ കമ്മീഷൻ നിയമത്തിൽ ഭേദഗതിയേതും വരുത്തിയിട്ടില്ല; മറിച്ച് നിലവിലുള്ള നിയമം അതിന്റെ യഥാർഥ രൂപത്തിൽ നിലനിർത്തുകയാണ് ചെയ്തത്. മണ്ഡല പുനർനിർണയ കമ്മീഷന്റെ ശുപാർശകൾ പാർലമെന്റിന്റെ അംഗീകാരവും രാഷ്ട്രപതിയുടെ അനുമതിയും ലഭിച്ചതിന് ശേഷം മാത്രമേ പ്രാബല്യത്തിൽ വരികയുള്ളൂ. 2029 വരെയുള്ള എല്ലാ തിരഞ്ഞെടുപ്പുകളും നിലവിലുള്ള ചട്ടക്കൂടിന്റെയും അതിരുകളുടെയും അടിസ്ഥാനത്തിൽ നടത്താൻ നിശ്ചയിച്ചിട്ടുള്ളതിനാൽ, തമിഴ്നാട്ടിലോ പശ്ചിമ ബംഗാളിലോ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന തിരഞ്ഞെടുപ്പുകളെ ഈ പ്രക്രിയ യാതൊരു വിധത്തിലും ബാധിക്കില്ല.

**ചോ** **ലോക്സഭാ സീറ്റുകളുടെ എണ്ണം 850 ആയി വർധിപ്പിക്കാനുള്ള നിർദേശത്തിന് പിന്നിലെ പ്രാഥമിക കാരണങ്ങളും യുക്തിയും എന്തായിരുന്നു?**

**ഉ** ജനസംഖ്യാനുപാതികമായി സീറ്റുകളുടെ എണ്ണം വർധിപ്പിക്കുക എന്ന തത്വത്തെ അടിസ്ഥാനമാക്കിയുള്ളതാണ് ഈ നിർദേശം. 50 ശതമാനം എന്ന ഏകീകൃത വർധന നടപ്പാക്കുന്നത് വഴി എല്ലാ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും ആനുപാതിക പ്രാതിനിധ്യം നിലവിലുള്ളതുപോലെ തുടരുന്നുവെന്ന് ഉറപ്പാക്കാൻ സാധിക്കുമായിരുന്നു. ഈ തത്വമനുസരിച്ച്, ലോക്സഭാ സീറ്റുകളുടെ എണ്ണം നിലവിലുള്ള 543-ൽ നിന്ന് ഏകദേശം 815 ആയി ഉയരുമായിരുന്നു. ഇതിന്റെ ഫലമായി, ലോക്സഭയിലെ പരമാവധി സീറ്റുകളുടെ പരിധി 550-ൽ നിന്ന് 850 ആയി ഉയർത്താനാണ് നിശ്ചയിച്ചിരുന്നത്.



**ചോ** **ജനസംഖ്യാവളർച്ച നിയന്ത്രിച്ച സംസ്ഥാനങ്ങൾക്ക് പുതിയ മണ്ഡല പുനർനിർണയ നിർദേശം ദോഷകരമാകുമായിരുന്നോ?**

**ഉ** ഇല്ല, ജനസംഖ്യാവളർച്ച വിജയകരമായി നിയന്ത്രിച്ച സംസ്ഥാനങ്ങൾക്ക് പുതിയ മണ്ഡല പുനർനിർണയ നിർദേശം യാതൊരുവിധ ദോഷവും ഉണ്ടാക്കുമായിരുന്നില്ല. എല്ലാ സംസ്ഥാനങ്ങൾക്കും ആനുപാതികമായ (50%) സീറ്റ് വർധനയ്ക്കുള്ള വ്യവസ്ഥ ഉണ്ടായിരുന്നു; തൽഫലമായി, ഓരോ സംസ്ഥാനത്തിന്റെയും പ്രാതിനിധ്യത്തിന്റെ ശതമാനത്തിൽ കുറവുണ്ടാകുന്നതിന് പകരം അത് മാറ്റമില്ലാതെ തുടരുകയോ നേരിയ തോതിൽ വർധിക്കുകയോ ചെയ്യുമായിരുന്നു.

**ചോ** **പുതിയ മണ്ഡല പുനർനിർണയ നിർദേശം പട്ടികജാതി (SC), പട്ടികവർഗ (ST) വിഭാഗങ്ങളുടെ പ്രാതിനിധ്യത്തെയും അവകാശങ്ങളെയും ദോഷകരമായി ബാധിക്കുമായിരുന്നോ?**

**ഉ** നമ്മുടെ ഭരണഘടന കാലാനുസൃതമായ മണ്ഡല പുനർനിർണയത്തിന് വ്യവസ്ഥ ചെയ്യുന്നുണ്ട്; ഈ പ്രക്രിയയിലൂടെയാണ് പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്കായി സീറ്റുകൾ പുനർവിഭജനം ചെയ്യുന്നതും വർധിപ്പിക്കുന്നതും. ഈ മൂന്ന് ബില്ലുകളും പാസാക്കിയിരുന്നെങ്കിൽ, ഏകദേശം 850 അംഗങ്ങളുള്ള സഭയിൽ സംവരണ സീറ്റുകളുടെ എണ്ണം 131-ൽ നിന്ന് ഏകദേശം 205 ആയി ഉയരുമായിരുന്നു. ഇത് പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളുടെ പ്രാതിനിധ്യത്തിലും അവകാശങ്ങളിലും കുറവുണ്ടാക്കുന്നതിന് പകരം അവ വർധിപ്പിക്കുന്നതിനാണ് കാരണമാവുക.

**ചോ** **പുതിയ മണ്ഡല പുനർനിർണയ നിർദേശം ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്കോ ചെറിയ സംസ്ഥാനങ്ങൾക്കോ ദോഷകരമാകുമായിരുന്നോ?**

**ഉ** ഇല്ല, എല്ലാ സംസ്ഥാനങ്ങൾക്കും സീറ്റുകളുടെ എണ്ണത്തിൽ 50 ശതമാനം എന്ന ഏകീകൃത വർധനയാണ് ഉണ്ടാകുക. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ പ്രാതിനിധ്യത്തിൽ ഒരു കുറവും സംഭവിക്കുമായിരുന്നില്ല. താഴെ നൽകിയിരിക്കുന്ന പട്ടികയിൽ വ്യക്തമാക്കുന്നത് പോലെ, നിലവിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്ക് ലോക്സഭയിൽ 23.76 ശതമാനം സീറ്റുകളാണുള്ളത്. ഇത് ഏകദേശം 23.87 ശതമാനമായി ഉയരുമായിരുന്നു. ഉദാഹരണത്തിന്, തമിഴ്നാടിന് അനുവദിച്ചിട്ടുള്ള സീറ്റുകളുടെ എണ്ണവും ഇതേ അനുപാതത്തിൽ വർധിക്കുമായിരുന്നു; ഇതിലൂടെ ആ സംസ്ഥാനത്തിന് യാതൊരുവിധ ദോഷവും സംഭവിക്കില്ലെന്ന് ഉറപ്പാക്കുകയും ചെയ്യുമായിരുന്നു.











**ചോ** **പ്രതിപക്ഷത്തിന്റെ നിരന്തരമായ ആവശ്യം ഉണ്ടായിരുന്നിട്ടും, സ്ത്രീസംവരണത്തിന്റെ പരിധിയിൽ മുസ്ലിം സ്ത്രീകൾക്കായി പ്രത്യേക ക്വോട്ട ഉൾപ്പെടുത്താത്തത് എന്തുകൊണ്ടാണ്?**

**ഉ** മതത്തിന്റെ അടിസ്ഥാനത്തിലുള്ള സംവരണത്തിന് ഇന്ത്യൻ ഭരണഘടനയിൽ വ്യവസ്ഥയില്ല. ഭരണഘടനയിൽ നിർദേശിച്ചിട്ടുള്ള സാമൂഹികവും സാമ്പത്തികവുമായ പിന്നാക്കാവസ്ഥ എന്ന മാനദണ്ഡത്തെ അടിസ്ഥാനമാക്കിയാണ് സംവരണ നയങ്ങൾ രൂപീകരിച്ചിട്ടുള്ളത്.

---

**ചോ** **സ്ത്രീസംവരണം 2029-ലേക്ക് മാറ്റിവയ്ക്കാതെ 2024-ലെ പൊതുതിരഞ്ഞെടുപ്പിൽ തന്നെ ഗവണ്മെന്റ് നടപ്പാക്കാതിരുന്നത് എന്തുകൊണ്ടാണ്? കൂടാതെ, 2011-ലെ സെൻസസ് ഡേറ്റയുടെ അടിസ്ഥാനത്തിൽ ഇത് നടപ്പാക്കാതിരുന്നത് എന്തുകൊണ്ടാണ്?**



**ഉ** സംവരണം നടപ്പാക്കുന്നതിന് മണ്ഡല പുനർനിർണയം ഒരു മുൻവ്യവസ്ഥയാണ്. വിപുലമായ കൂടിയാലോചനകൾ ആവശ്യമുള്ള സമഗ്രമായ പ്രക്രിയയാണിത്. മണ്ഡല പുനർനിർണയ നടപടികൾ പൂർത്തിയാക്കാൻ സാധാരണയായി ഏകദേശം രണ്ട് വർഷമെടുക്കും. അതിനാൽ, സ്ത്രീസംവരണം നടപ്പാക്കുന്നതിന് വഴിയൊരുക്കുന്നതിനായാണ് മണ്ഡല പുനർനിർണയ ബില്ലിനൊപ്പം ഈ മൂന്ന് ബില്ലുകളും അവതരിപ്പിച്ചത്.

---

**ചോ** **2024-ലെ പൊതുതിരഞ്ഞെടുപ്പിൽ സ്ത്രീസംവരണം നടപ്പാക്കാൻ നിശ്ചയിച്ചിട്ടില്ലായിരുന്നുവെങ്കിൽ, 2023-ൽ വനിതാ സംവരണ ബില്ല് അവതരിപ്പിച്ചത് എന്തുകൊണ്ടാണ്?**

**ഉ** പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ 2023-ലാണ് കേന്ദ്ര ഗവണ്മെന്റ് വനിതാ സംവരണ ബില്ല് അവതരിപ്പിച്ചത്. പുതിയ പാർലമെന്റ് മന്ദിരത്തിൽ ഐകകണ്ഠ്യേന പാസാക്കപ്പെട്ട ഈ ബില്ലിന് പിന്നീട് രാജ്യസഭയുടെയും അംഗീകാരം ലഭിച്ചു. എല്ലാ ഭാഗങ്ങളിൽ നിന്നും പിന്തുണ നേടിയതോടെ 'നാരീശക്തി വന്ദൻ ബില്ല്' ഒരു പാർലമെന്റ് നിയമമായി മാറി.

**ചോ** **ജാതി സെൻസസ് വൈകിപ്പിക്കാനാണോ ഗവണ്മെന്റ് ഈ ഭരണഘടനാ ഭേദഗതി ബില്ല് കൊണ്ടുവന്നത്?**

**ഉ** ജാതി സെൻസസിനായുള്ള കൃത്യമായ നടപടികൾ മൂന്ന് മാസങ്ങൾക്ക് മുമ്പ് തന്നെ ഗവണ്മെന്റ് ആരംഭിച്ചതാണ്; അതിനാൽ അത് വൈകിപ്പിക്കുക എന്ന ചോദ്യമേ ഉദിക്കുന്നില്ല. നിലവിലെ സെൻസസ് രീതി അനുസരിച്ച്, ആദ്യ ഘട്ടത്തിൽ വീടുകളുടെ പട്ടിക തയ്യാറാക്കുന്ന പ്രക്രിയയാണ് നടന്നുവരുന്നത്; തുടർന്ന് വ്യക്തികളുടെ എണ്ണമെടുക്കുന്ന ഘട്ടത്തിൽ ജാതി സംബന്ധിച്ച വിവരങ്ങളും സമഗ്രമായി രേഖപ്പെടുത്തുന്നതാണ്.

---

**ചോ** **ജമ്മു കശ്മീർ, ഡൽഹി, പുതുച്ചേരി തുടങ്ങിയ കേന്ദ്രഭരണ പ്രദേശങ്ങളിലേക്ക് സ്ത്രീസംവരണം വ്യാപിപ്പിക്കുന്നതിനായി പ്രത്യേകം 'കേന്ദ്രഭരണ പ്രദേശ ബില്ല്' അവതരിപ്പിച്ചത് എന്തുകൊണ്ടാണ്?**

**ഉ** ജമ്മു കശ്മീർ, ഡൽഹി, പുതുച്ചേരി എന്നീ നിയമസഭകൾ പ്രത്യേക 'കേന്ദ്രഭരണപ്രദേശ നിയമങ്ങളാലാണ്' നിയന്ത്രിക്കപ്പെടുന്നത്. ഈ നിയമസഭകളിൽ സ്ത്രീകൾക്കായി യഥാക്രമം ഏകദേശം 38, 23, 10 സീറ്റുകൾ സംവരണം ചെയ്യുന്നതിന് സാങ്കേതികമായ ഈ ഭേദഗതി അത്യന്താപേക്ഷിതമാണെന്ന് കണ്ടു; ഇതിനായാണ് പ്രത്യേക 'കേന്ദ്രഭരണപ്രദേശ ബില്ല്' അവതരിപ്പിച്ചത്.



പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രാഷ്ട്രത്തോടുള്ള അഭിസംബോധന

# രാജ്യത്തെ എല്ലാ സ്ത്രീകൾക്കും ഞാൻ ഉറപ്പുനൽകുന്നു, വനിതാ സംവരണത്തിന്റെ പാതയിലെ എല്ലാ തടസ്സങ്ങളും ഞങ്ങൾ നീക്കം ചെയ്യും.

*ആരിൽ നിന്നും ഒന്നും പിടിച്ചുവാങ്ങുന്നതിനെക്കുറിച്ചല്ല, മറിച്ച് രാജ്യത്തെ സ്ത്രീകൾക്ക് അവരുടെ അർഹമായ അവകാശം നൽകുന്നതിനുള്ള ഒരു മഹത്തായ ശ്രമമായിരുന്നു നാരി ശക്തി വന്ദൻ ഭേദഗതി. ഇത് കാലഘട്ടത്തിന്റെ ആവശ്യം മാത്രമായിരുന്നില്ല, മറിച്ച് വികസിത ഭാരതത്തിലേക്കുള്ള യാത്രയിൽ രാജ്യത്തെ പുതിയ ഉയരങ്ങളിലേക്ക് എത്തിക്കുന്നതിനായി വനിതാ നേതൃത്വത്തിന് ശക്തമായ അടിത്തറയിടാനുള്ള നീക്കമായിരുന്നു ഇത്. ഇതൊരു രാഷ്ട്രീയ നീക്കമായിരുന്നില്ല, മറിച്ച് ദേശീയ താൽപ്പര്യം മുൻനിർത്തി എടുത്ത തീരുമാനമായിരുന്നു. ലോക്സഭയിൽ എണ്ണം തികയാത്തതിനാൽ അത് നിർത്തിവച്ചു. ദേശീയ നയത്തെ മറികടക്കുന്ന രാഷ്ട്രീയത്തിൽ ദുഃഖിതനായ പ്രധാനമന്ത്രി നരേന്ദ്ര മോദി 2026 ഏപ്രിൽ 18 ന് രാജ്യത്തെ അഭിസംബോധന ചെയ്തു. രാജ്യത്തിനും സ്ത്രീകൾക്കും മുന്നിൽ തന്റെ വൈകാരിക വേദന പ്രകടിപ്പിച്ചു. വനിതാ സംവരണത്തിന്റെ പാതയിലെ എല്ലാ തടസ്സങ്ങളും നീക്കം ചെയ്യുമെന്ന് അദ്ദേഹം ഉറപ്പുനൽകി. രാഷ്ട്രത്തോടുള്ള അഭിസംബോധനയിൽ നിന്നുള്ള എഡിറ്റ് ചെയ്ത സംഗ്രഹം വായിക്കാം :*

**പാർട്ടി താൽപ്പര്യത്തേക്കാൾ വലുതാണ് ദേശീയ താൽപ്പര്യം:** ഞങ്ങൾക്ക് ദേശീയ താൽപ്പര്യമാണ് പ്രധാനം, എന്നാൽ ചിലർക്ക് പാർട്ടി താൽപ്പര്യം എല്ലാമായി മാറുമ്പോൾ, പാർട്ടി താൽപ്പര്യം ദേശീയ താൽപ്പര്യത്തേക്കാൾ വലുതാകുമ്പോൾ, അതിന്റെ അനന്തരഫലങ്ങൾ സ്ത്രീശക്തിയും ദേശീയ താൽപ്പര്യവും അനുഭവിക്കേണ്ടിവരും. ഇത്തവണയും അതുതന്നെ സംഭവിച്ചു. കോൺഗ്രസ്, ഡിഎംകെ, ടിഎംസി, സമാജ്‌വാദി പാർട്ടി തുടങ്ങിയ പാർട്ടികളുടെ സ്വാർത്ഥ രാഷ്ട്രീയം രാജ്യത്തെ സ്ത്രീശക്തിയെ ദോഷകരമായി ബാധിച്ചു.

**സ്ത്രീകൾ അപമാനങ്ങൾ മറക്കില്ല :** സ്ത്രീകളുടെ താൽപ്പര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ ലക്ഷ്യമിട്ടുള്ള നിർദ്ദേശം പരാജയപ്പെട്ടപ്പോൾ, കോൺഗ്രസ്, ഡിഎംകെ, ടിഎംസി, എസ്പി തുടങ്ങിയ പാർട്ടികൾ മേശപ്പുറത്ത് അടിച്ചു. അവർ മേശകളിൽ അല്ല അടിച്ചത് ; അത് സ്ത്രീകളുടെ ആത്മാഭിമാനത്തിനും അന്തസ്സിനും നേരെയുള്ള ഒരു പ്രഹരമായിരുന്നു. സ്ത്രീകൾ എല്ലാം മറക്കാറുണ്ട്. എന്നാൽ അവർ ഒരിക്കലും തങ്ങൾക്ക് നേരിട്ട അപമാനം മറക്കുന്നില്ല. അതിനാൽ, കോൺഗ്രസിന്റെയും അതിന്റെ സഖ്യകക്ഷികളുടെയും പാർലമെന്റിലെ ഈ പ്രഹരം എല്ലാ സ്ത്രീകളുടെയും ഹൃദയങ്ങളിൽ എന്നെന്നേക്കുമായി നിലനിൽക്കും.

**പ്രതിപക്ഷം ഭരണഘടനാ ശില്പികളെ അപമാനിച്ചു:** പാർലമെന്റിൽ നാരി ശക്തി വന്ദൻ ഭേദഗതിയെ എതിർത്ത പാർട്ടികളോട് ഞാൻ വ്യക്തമായി പറയും: ഈ ആളുകൾ സ്ത്രീശക്തിയെ നിസ്സാരമായി കാണുന്നു. 21-ാം നൂറ്റാണ്ടിലെ സ്ത്രീകൾ രാജ്യത്തെ ഓരോ സംഭവവും നിരീക്ഷിക്കുന്നുണ്ടെന്നും, അവയുടെ ഉദ്ദേശ്യങ്ങളും , സത്യവും പൂർണ്ണമായി മനസ്സിലാക്കിയിട്ടുണ്ടെന്നും അവർ മറക്കുന്നു. അതിനാൽ, വനിതാ സംവരണത്തെ എതിർത്തതിന്, പ്രതിപക്ഷം ചെയ്ത ഈ പാപം -തീർച്ചയായും അവർക്ക് ശിക്ഷ നൽകും. ഭരണഘടനാ ശില്പികളുടെ വികാരങ്ങളെയും ഈ പാർട്ടികൾ അപമാനിച്ചിട്ടുണ്ട്, കൂടാതെ അവർ ജനങ്ങളുടെ ശിക്ഷയിൽ നിന്ന് രക്ഷപ്പെടില്ല.

**കൊടുക്കാനുള്ള ബിൽ ആണ് , എടുക്കാനുള്ളതല്ല :** നാരി ശക്തി വന്ദൻ ഭേദഗതി ആരിൽ നിന്നും ഒന്നും എടുത്തുകളയുന്നതിനെക്കുറിച്ചല്ല. നാരി ശക്തി വന്ദൻ ഭേദഗതി എല്ലാവർക്കും എന്തെങ്കിലും നൽകുന്നതിനെക്കുറിച്ചായിരുന്നു; അത് വനിതകൾക്ക് നൽകാനുള്ള ഭേദഗതിയായിരുന്നു. 40 വർഷമായി മുടങ്ങിക്കിടക്കുന്ന അവകാശം 2029 ലെ ലോക്സഭാ തിരഞ്ഞെടുപ്പ് മുതൽ സ്ത്രീകൾക്ക് നൽകുന്നതിനെക്കുറിച്ചായിരുന്നു അത്. 'നാരി ശക്തി വന്ദൻ' ഭേദഗതി ഒരു മഹത്തായ ശ്രമമായിരുന്നു. 21-ാം നൂറ്റാണ്ടിലെ ഇന്ത്യയിലെ സ്ത്രീകൾക്ക് പുതിയ അവസരങ്ങൾ നൽകുന്നതിനും, അവരെ പുതിയ ഉയരങ്ങളിലേക്ക് എത്താൻ പ്രാപ്തരാക്കുന്നതിനും, അവരുടെ പാതയിലെ തടസ്സങ്ങൾ നീക്കുന്നതിനും വേണ്ടി സമർപ്പിച്ചിരിക്കുന്ന ഒരു മഹായജ്ഞം.



**'നാരി ശക്തി വന്ദൻ' ഭേദഗതി കാലഘട്ടത്തിന്റെ ആവശ്യമാണ്:** വടക്ക്, തെക്ക്, കിഴക്ക്, പടിഞ്ഞാറ് എന്നിങ്ങനെ എല്ലാ സംസ്ഥാനങ്ങളുടെയും ശക്തി തുല്യമായി വർദ്ധിപ്പിക്കാനുള്ള ശ്രമമായിരുന്നു നാരി ശക്തി വന്ദൻ ഭേദഗതി. പാർലമെന്റിൽ ഓരോ സംസ്ഥാനത്തിന്റെയും ശബ്ദത്തിന് കൂടുതൽ ശക്തി നൽകാനുള്ള ശ്രമമായിരുന്നു അത്. സംസ്ഥാനം ചെറുതോ വലുതോ ആകട്ടെ, ജനസംഖ്യ കുറവോ കൂടുതലോ ആകട്ടെ, എല്ലാവരുടെയും ശക്തി തുല്യ അനുപാതത്തിൽ വർദ്ധിപ്പിക്കാനുള്ള ശ്രമമായിരുന്നു അത്. എന്നാൽ കോൺഗ്രസും സഖ്യകക്ഷികളും പാർലമെന്റിൽ ഈ സത്യസന്ധമായ ശ്രമത്തെ ഭ്രൂണഹത്യയ്ക്കിരയാക്കി. കോൺഗ്രസ്, ടിഎംസി, സമാജ്‌വാദി പാർട്ടി, ഡിഎംകെ – ഈ പാർട്ടികൾ ഈ ഭ്രൂണഹത്യയിൽ കുറ്റക്കാരാണ്. അവർ രാജ്യത്തിന്റെ ഭരണഘടനയ്ക്കെതിരായ കുറ്റവാളികളാണ്; അവർ രാജ്യത്തിന്റെ സ്ത്രീശക്തിക്കെതിരായ കുറ്റവാളികളാണ്.

**നഷ്ടപ്പെട്ട അവസരം: സ്ത്രീകൾക്കൊപ്പം നിൽക്കുന്നതിൽ പരാജയം :** വ്യക്തിപരമായി പറഞ്ഞാൽ, കോൺഗ്രസ് പതിറ്റാണ്ടുകൾ പഴക്കമുള്ള തെറ്റ് തിരുത്തുമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നു. ചെയ്ത പാപങ്ങൾക്ക് കോൺഗ്രസ് പശ്ചാത്തപിക്കുമെന്ന് കരുതി. എന്നാൽ സ്ത്രീകൾക്ക് അനുകൂലമായി നിലകൊള്ളാനുള്ള അവസരം കോൺഗ്രസ് നഷ്ടപ്പെടുത്തി. രാജ്യത്തിന്റെ മിക്ക ഭാഗങ്ങളിലും കോൺഗ്രസിന് ഇതിനകം തന്നെ അസ്തിത്വം നഷ്ടപ്പെട്ടു. പ്രാദേശിക പാർട്ടികളുടെ പിന്തുണയിൽ ഒരു പരാദത്തെപ്പോലെ കോൺഗ്രസ് അതിജീവിക്കുകയാണ്. എന്നാൽ പ്രാദേശിക പാർട്ടികളെ കൂടുതൽ ശക്തമാകാൻ കോൺഗ്രസ് ആഗ്രഹിക്കുന്നില്ല. അതിനാൽ ഈ ഭേദഗതിയെ എതിർക്കുന്നതിലൂടെ നിരവധി പ്രാദേശിക പാർട്ടികളുടെ ഭാവി ഇരുട്ടിലേക്ക് തള്ളിവിടാൻ കോൺഗ്രസ് രാഷ്ട്രീയമായി ഗൂഢാലോചന നടത്തി.

**കുടുംബാധിഷ്ഠിത പാർട്ടികളിലെ ഭയം:** നാരി ശക്തി വന്ദൻ നിയമത്തോടുള്ള എതിർപ്പിന്റെ ഒരു പ്രധാന കാരണം ഈ കുടുംബാധിഷ്ഠിത പാർട്ടികളുടെ ഭയമാണ്. സ്ത്രീകൾ ശാക്തീകരിക്കപ്പെട്ടാൽ, ഈ കുടുംബാധിഷ്ഠിത പാർട്ടികളുടെ നേതൃത്വം അപകടത്തിലാകുമെന്ന് അവർ ഭയപ്പെടുന്നു. കുടുംബാധിഷ്ഠിത പാർട്ടികൾക്ക് അരക്ഷിതാവസ്ഥ തോന്നുന്നു. ഡീലിമിറ്റേഷനുശേഷം, സ്ത്രീകൾക്ക് കൂടുതൽ സീറ്റുകൾ ലഭിക്കും, സ്ത്രീകളുടെ നിലവാരം വർദ്ധിക്കും, അതുകൊണ്ടാണ് ഈ ആളുകൾ നാരി ശക്തി വന്ദൻ ഭേദഗതിയെ എതിർത്തത്. രാജ്യത്തെ സ്ത്രീശക്തി കോൺഗ്രസിനോടും സഖ്യകക്ഷികളോടും ഈ പാപത്തിന് ഒരിക്കലും ക്ഷമിക്കില്ല.

**മണ്ഡല പുനർ നിർണ്ണയത്തെക്കുറിച്ചുള്ള തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കൽ:** മണ്ഡല പുനർ നിർണ്ണയത്തെക്കുറിച്ച് കോൺഗ്രസും സഖ്യകക്ഷികളും തുടർച്ചയായി, നിരന്തരം നുണ പറയുന്നു. ഈ വ്യാജേന വിഭജനത്തിന്റെ തീ ആളിക്കത്തിക്കാൻ അവർ ആഗ്രഹിക്കുന്നു. കാരണം 'വിഭജിച്ച് ഭരിക്കുക' രാഷ്ട്രീയം കോൺഗ്രസിന് ബ്രിട്ടീഷുകാരിൽ നിന്ന് പാരമ്പര്യമായി ലഭിച്ച ഒന്നാണ്. ഇന്നും കോൺഗ്രസ് അതേ പാതയിലാണ് പ്രവർത്തിക്കുന്നത്. രാജ്യത്ത് വിള്ളലുകൾ സൃഷ്ടിക്കുന്ന വികാരങ്ങൾ ആളിക്കത്തിക്കാൻ കോൺഗ്രസ് എപ്പോഴും ഇന്ധനം നൽകിയിട്ടുണ്ട്. അതിനാൽ, അതിർത്തി പുനർ നിർണ്ണയം ചില സംസ്ഥാനങ്ങൾക്ക് ദോഷം ചെയ്യുമെന്ന് ഈ നുണ വഴി പ്രചരിപ്പിച്ചു! അതേസമയം, ഒരു സംസ്ഥാനത്തിന്റെയും പങ്കാളിത്ത അനുപാതം മാറുകയോ ആരുടെയും പ്രാതിനിധ്യം കുറയ്ക്കുകയോ ചെയ്യില്ലെന്ന് ഗവൺമെന്റ് ആദ്യ ദിവസം മുതൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. വാസ്തവത്തിൽ, എല്ലാ സംസ്ഥാനങ്ങളുടെയും സീറ്റുകൾ തുല്യ അനുപാതത്തിൽ വർദ്ധിക്കും.

**നെഗറ്റീവ് രാഷ്ട്രീയം:** വനിതാ സംവരണത്തെ എതിർക്കുന്നതിലൂടെ, കോൺഗ്രസ് വീണ്ടും ഒരു കാര്യം തെളിയിച്ചു. കോൺഗ്രസ് ഒരു പരിഷ്കരണ വിരുദ്ധ പാർട്ടിയാണ്. 21-ാം നൂറ്റാണ്ടിലെ വികസിത ഇന്ത്യയെ സംബന്ധിച്ചിടത്തോളം, എന്ത് തീരുമാനങ്ങൾ അല്ലെങ്കിൽ എന്ത് പരിഷ്കാരങ്ങൾ ആവശ്യമാണെങ്കിലും, രാജ്യം എന്ത് തീരുമാനങ്ങൾ എടുത്താലും, കോൺഗ്രസ് അവയെ എതിർക്കുന്നു, പ്രതിരോധിക്കുന്നു , തടസ്സപ്പെടുത്തുന്നു. ഇതാണ് കോൺഗ്രസിന്റെ ചരിത്രം, ഇതാണ് കോൺഗ്രസിന്റെ നെഗറ്റീവ് രാഷ്ട്രീയം.

**എല്ലാ പരിഷ്കാരങ്ങളെയും എതിർക്കുക എന്നതാണ് പ്രതിപക്ഷത്തിന്റെ ഏക നയം:** ജൻ ധൻ-ആധാർ-മൊബൈൽ എന്ന ത്രിത്വത്തെ എതിർത്ത അതേ കോൺഗ്രസ് തന്നെയാണ് ഇത്. കോൺഗ്രസ് ഡിജിറ്റൽ പേയ്മെന്റുകളെ എതിർത്തു. കോൺഗ്രസ് ജിഎസ്ടിയെ എതിർത്തു. പൊതുവിഭാഗത്തിലെ ദരിദ്രർക്കുള്ള സംവരണത്തെ കോൺഗ്രസ് എതിർത്തു. മുത്തലാഖിനെതിരായ നിയമത്തെ കോൺഗ്രസ് എതിർത്തു. അനുച്ഛേദം 370 നീക്കം ചെയ്യുന്നതിനെ കോൺഗ്രസ് എതിർത്തു. നമ്മുടെ ഭരണഘടനയും കോടതികളും ഏകീകൃത സിവിൽ കോഡ്, യുസിസി, ആവശ്യമാണെന്ന് പറഞ്ഞിട്ടുണ്ട്, പക്ഷേ കോൺഗ്രസ് അതും എതിർത്തു. പരിഷ്കരണത്തെക്കുറിച്ച് പരാമർശിക്കുമ്പോൾ തന്നെ, പ്രതിഷേധത്തിന്റെ പ്ലക്കാർഡുകളുമായി കോൺഗ്രസ് വരുന്നു. രാജ്യത്തെ ശക്തിപ്പെടുത്തുന്ന ഏതൊരു പ്രവൃത്തിയ്ക്കും തടസ്സങ്ങൾ സൃഷ്ടിക്കാൻ കോൺഗ്രസ് അതിന്റെ എല്ലാ ശക്തിയും ഉപയോഗിക്കുന്നു. 'ഒരു രാഷ്ട്രം ഒരു തിരഞ്ഞെടുപ്പിനെ'കോൺഗ്രസ് എതിർക്കുന്നു. രാജ്യത്ത് നിന്ന് നുഴഞ്ഞുകയറ്റക്കാരെ പുറത്താക്കുന്നതിനെ കോൺഗ്രസ് എതിർക്കുന്നു. വോട്ടർ പട്ടിക ശുദ്ധീകരിക്കുന്നതിനെ കോൺഗ്രസ് എതിർക്കുന്നു. വഖഫ് ബോർഡിലെ പരിഷ്കാരങ്ങളെ കോൺഗ്രസ് എതിർക്കുന്നു. അഭയാർത്ഥികൾക്ക് സുരക്ഷ നൽകുന്ന സിഎഎ നിയമത്തെ പോലും കോൺഗ്രസ് എതിർത്തു. നുണ പറഞ്ഞും കിംവദന്തികൾ പ്രചരിപ്പിച്ചും അവർ രാജ്യത്ത് ഒരു കൊടുങ്കാറ്റ് സൃഷ്ടിച്ചു. മാവോയിസ്റ്റ്-നക്സലൈറ്റ് അക്രമം അവസാനിപ്പിക്കാനുള്ള രാജ്യത്തിന്റെ ശ്രമങ്ങളെ കോൺഗ്രസ് തടസ്സപ്പെടുത്തുന്നു. കോൺഗ്രസിന് ഒരേയൊരു രീതി മാത്രമേയുള്ളൂ: ഒരു പരിഷ്കാരം കൊണ്ടു വരുമ്പോഴെല്ലാം, നുണ പറയുക, ആശയക്കുഴപ്പം പരത്തുക. ചരിത്രം സാക്ഷിയാണ്; കോൺഗ്രസ് എല്ലായ്പ്പോഴും ഈ അശുഭകരമായ പാത തിരഞ്ഞെടുത്തിട്ടുണ്ട്.



## നാരീശക്തിയുടെ 100% അനുഗ്രഹം

ഇന്ന്, ബിൽ പാസാക്കാൻ ആവശ്യമായ 66 ശതമാനം വോട്ടുകൾ ഞങ്ങൾക്ക് ലഭിച്ചില്ലെങ്കിലും, രാജ്യത്തെ 100 ശതമാനം സ്ത്രീശക്തിയും ഞങ്ങളെ അനുഗ്രഹിച്ചിട്ടുണ്ടെന്ന് എനിക്കറിയാം. രാജ്യത്തെ ഓരോ സ്ത്രീക്കും ഞാൻ ഉറപ്പ് നൽകുന്നു: വനിതാ സംവരണത്തിന്റെ പാതയിലെ എല്ലാ തടസ്സങ്ങളും ഞങ്ങൾ നീക്കം ചെയ്യും. ഞങ്ങൾക്ക് ധൈര്യം കൂടുതലാണ് , ഞങ്ങളുടെ ദൃഢനിശ്ചയം തകർക്കാനാവാത്തതാണ്, ഞങ്ങളുടെ ലക്ഷ്യം അചഞ്ചലമാണ്.

**'വൈകിപ്പിക്കുക, തെറ്റിദ്ധരിപ്പിക്കുക, തടസ്സപ്പെടുത്തുക' എന്നതാണ് അവരുടെ മാനസികാവസ്ഥ:** രാജ്യത്തിന് എന്ത് അവശ്യ തീരുമാനം വേണ്ടിവരുമ്പോഴും കോൺഗ്രസ് അത് മൂടിവയ്ക്കുന്നു. കോൺഗ്രസിന്റെ ഈ മനോഭാവം കാരണം, ഇന്ത്യ അർഹിക്കുന്ന വികസനത്തിന്റെ ഉന്നതിയിലെത്തിയിട്ടില്ല. സ്വാതന്ത്ര്യ സമയത്ത്, മറ്റ് പല രാജ്യങ്ങളും നമ്മളും സ്വതന്ത്രരായി. ആ രാജ്യങ്ങളിൽ ഭൂരിഭാഗവും നമ്മളേക്കാൾ വളരെ മുന്നിലായിരുന്നു. കാരണം കോൺഗ്രസ് എല്ലാ പരിഷ്കാരങ്ങളെയും തടഞ്ഞുകൊണ്ടിരുന്നു എന്നതാണ്. കാലതാമസം, വഴിതിരിച്ചുവിടൽ, തടസ്സപ്പെടുത്തൽ - ഇതായിരുന്നു കോൺഗ്രസിന്റെ തത്വം; ഇതായിരുന്നു കോൺഗ്രസിന്റെ പ്രവർത്തന സംസ്കാരം. അയൽരാജ്യങ്ങളുമായുള്ള അതിർത്തി തർക്കങ്ങൾ കോൺഗ്രസ് വൈകിപ്പിച്ചു. പാകിസ്ഥാനുമായുള്ള ജലവിഭജന തർക്കങ്ങൾ കോൺഗ്രസ് വൈകിപ്പിച്ചു. ഒബിസി സംവരണം സംബന്ധിച്ച തീരുമാനം കോൺഗ്രസ് 40 വർഷത്തേക്ക് വൈകിപ്പിച്ചു. സൈനികർക്ക് ഒരു റാങ്ക് ഒരു പെൻഷൻ കോൺഗ്രസ് 40 വർഷത്തേക്ക് വൈകിപ്പിച്ചു.

**വനിതാ സംവരണ പ്രതിജ്ഞ ഞങ്ങൾ നിറവേറ്റും:** വനിതാ സംവരണത്തെ എതിർക്കുന്ന പാർട്ടികൾക്ക് പാർലമെന്റിലും നിയമസഭകളിലും ഈ രാജ്യത്തെ സ്ത്രീശക്തിയുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നത് തടയാൻ ഒരിക്കലും കഴിയില്ല. ഇത് സമയത്തിന്റെ കാര്യം മാത്രമാണ്. സ്ത്രീശക്തിയുടെ ശാക്തീകരണത്തിനായുള്ള ഞങ്ങളുടെ ദൃഢനിശ്ചയത്തിന് മാറ്റമില്ല . ഇന്നലെ ഞങ്ങൾക്ക് വിജയിക്കാനുള്ള സംഖ്യ ഉണ്ടായിരുന്നില്ല, പക്ഷേ അതിനർത്ഥം ഞങ്ങൾ പരാജയപ്പെട്ടു എന്നല്ല. ഞങ്ങളുടെ ആന്തരിക ശക്തി അജയ്യമാണ്. ഞങ്ങളുടെ ശ്രമം അവസാനിക്കില്ല; ഞങ്ങളുടെ ശ്രമം നിർത്തില്ല. ഞങ്ങൾക്ക് കൂടുതൽ അവസരങ്ങൾ മുന്നിലുണ്ടാകും. പകുതിയോളം ജനസംഖ്യയുടെയും സ്വപ്നങ്ങൾക്കായി, രാജ്യത്തിന്റെ ഭാവിക്കായി, ഈ ദൃഢനിശ്ചയം ഞങ്ങൾക്ക് നിറവേറ്റണം.

*പ്രധാനമന്ത്രിയുടെ പ്രസംഗത്തിന്റെ പൂർണ്ണരൂപം കാണാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യുക*

# 2026 ഖാരിഫ് കാലയളവിൽ രാസവളം സബ്സിഡി

# ജയ്പൂർ മെട്രോ വിപുലീകരണത്തിനു കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം

***കർഷകരുടെ താൽപ്പര്യം മുൻനിർത്തി, 2026-ലെ ഖാരിഫ് കാലയളവിലെ ഫോസ്ഫാറ്റിക്, പൊട്ടാസിക് (P&K) വളങ്ങൾക്കുള്ള പോഷകാധിഷ്ഠിത സബ്സിഡി (NBS) നിരക്കുകൾക്കായുള്ള നിർദേശത്തിന് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി. വളങ്ങൾ താങ്ങാനാകുന്ന നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്നതിനും കാർഷിക മേഖലയെ ശാക്തീകരിക്കുന്നതിനുമുള്ള ദിശയിലുള്ള സുപ്രധാന തീരുമാനമാണിത്. ഇതിനുപുറമെ, ജയ്പൂരിലെ മെട്രോ പദ്ധതിയുടെ രണ്ടാം ഘട്ടത്തിനും അംഗീകാരം നൽകിയിട്ടുണ്ട്. ഇത് നഗരത്തിലെ ഗതാഗതപരിപാലനത്തിനും വിനോദസഞ്ചാരത്തിനും നവോന്മേഷം പകരുകയും അതോടൊപ്പം തൊഴിൽ-വ്യാപാര അവസരങ്ങൾ വർധിപ്പിക്കുകയും ചെയ്യും. കൂടാതെ, പ്രധാനമന്ത്രി ഗ്രാം സഡക് യോജന-III (PMGSY-III) 2028 മാർച്ച് വരെ നീട്ടുന്നത് ഉൾപ്പെടെയുള്ള മറ്റ് സുപ്രധാന നിർദേശങ്ങൾക്കും അംഗീകാരം നൽകി.***



> **ആഗോളതലത്തിലുള്ള വെല്ലുവിളികൾക്കിടയിലും നമ്മുടെ കർഷക സഹോദരീസഹോദരന്മാരുടെ ക്ഷേമം എന്നും ഞങ്ങളുടെ ഗവണ്മെന്റിന്റെ പ്രധാന മുൻഗണനയാണ്. ഇതിന്റെ ഭാഗമായി, 2026-ലെ ഖാരിഫ് കാലയളവിൽ പോഷകാധിഷ്ഠിത സബ്സിഡിയിലെ വർധനയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. നമ്മുടെ അന്നദാതാക്കൾക്ക് മുൻപത്തെപ്പോലെ തന്നെ താങ്ങാനാകുന്ന നിരക്കിൽ വളങ്ങൾ തുടർന്നും ലഭിക്കുന്നുണ്ടെന്ന് ഇത് ഉറപ്പാക്കും. - *നരേന്ദ്ര മോദി, പ്രധാനമന്ത്രി***

**തീരുമാനം: 2026-ലെ ഖാരിഫ് കാലയളവിലെ ഫോസ്ഫാറ്റിക്, പൊട്ടാസിക് വളങ്ങൾക്കുള്ള പോഷകാധിഷ്ഠിത സബ്സിഡി നിരക്കുകൾക്ക് അംഗീകാരം.**
**ഗുണഫലം:** കർഷകർക്ക് സബ്സിഡി നിരക്കിലും കുറഞ്ഞ വിലയിലും ന്യായമായ വിലയിലും വളം ലഭ്യമാകുന്നുണ്ടെന്ന് ഇതിലൂടെ ഉറപ്പാക്കും.

- ഡിഎപി (DAP), എൻപികെഎസ് (NPKS) ഗ്രേഡുകൾ ഉൾപ്പെടെയുള്ള ഫോസ്ഫാറ്റിക്, പൊട്ടാസിക് (P&K) വളങ്ങൾ കർഷകർക്ക് ന്യായമായ വിലയിൽ തുടർന്നും ലഭ്യമാകും.

---

- 2026-ലെ ഖാരിഫ് കാലയളവിലേക്ക് ഏകദേശം 41,533.81 കോടി രൂപയാണ് ബജറ്റ് ആവശ്യമായി വരുന്നത്. ഇത് 2025-ലെ ഖാരിഫ് കാലയളവിലെ ബജറ്റ് വിഹിതത്തേക്കാൾ ഏകദേശം 4,317 കോടി രൂപ കൂടുതലാണ്.

**തീരുമാനം: ജയ്പുർ മെട്രോയുടെ രണ്ടാം ഘട്ടത്തിന് കേന്ദ്ര മന്ത്രിസഭായോഗം അംഗീകാരം നൽകി. 13,037.66 കോടി രൂപ ചെലവിൽ നിർമിക്കുന്ന ഈ ഉത്തര-ദക്ഷിണ ഇടനാഴിക്ക് 41 കിലോമീറ്റർ നീളമുണ്ടാകും.**
**ഗുണഫലം:** രണ്ടാം ഘട്ടം പ്രവർത്തനസജ്ജമാകുന്നതോടെ മെട്രോ ഉപയോഗിക്കുന്നവരുടെ എണ്ണത്തിൽ വലിയ വർധനയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇത് ജയ്പുരിലെ പൊതുഗതാഗത സൗകര്യം ഗണ്യമായി മെച്ചപ്പെടുത്തുകയും സ്വകാര്യ വാഹനങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കുകയും ചെയ്യും.

- ഇത് ഗതാഗതക്കുരുക്കും വാഹനങ്ങളിൽ നിന്നുള്ള മലിനീകരണവും കുറയ്ക്കുന്നതിനൊപ്പം യാത്രക്കാർക്കും പ്രൊഫഷണലുകൾക്കും വിനോദസഞ്ചാരികൾക്കും യാത്ര സുഗമമാക്കുന്നതിനും സഹായിക്കും.

---

- ജയ്പുരിനെ ആധുനികവും ഭാവിസജ്ജവുമായ നഗരമാക്കി മാറ്റുന്നതിൽ ഈ പദ്ധതി പ്രധാന പങ്കു വഹിക്കും. ഇത് 'വികസിത ഭാരതം', 'വികസിത രാജസ്ഥാൻ' എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലേക്കുള്ള സുപ്രധാന ചുവടുവയ്പാണ്. പ്രഹ്ലാദ്പുര മുതൽ തോഡി മോഡ് വരെ നീളുന്ന

ഈ പാതയിൽ 36 സ്റ്റേഷനുകളുണ്ട്. നിലവിൽ ജയ്പൂർ മെട്രോ ഒന്നാം ഘട്ടത്തിൽ പ്രതിദിനം ശരാശരി 60,000 പേർ യാത്ര ചെയ്യുന്നു.

**തീരുമാനം: HPCL രാജസ്ഥാൻ റിഫൈനറി ലിമിറ്റഡിന്റെ (HRRL) പദ്ധതി ചെലവ് 43,129 കോടി രൂപയിൽ നിന്ന് 79,459 കോടി രൂപയായി പരിഷ്കരിക്കാനും ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന് 8,962 കോടി രൂപയുടെ അധിക ഓഹരി നിക്ഷേപം നടത്താനും മന്ത്രിസഭ അംഗീകാരം നൽകി.**

**ഗുണഫലം:** രാജ്യത്തിന്റെ വർധിച്ചുവരുന്ന ഊർജ ആവശ്യങ്ങളും പെട്രോകെമിക്കൽ ആവശ്യകതകളും പ്രത്യേക ഉല്പന്നങ്ങളുടെ ഉത്പാദനവും പരിഗണിക്കുമ്പോൾ HRRL ഒരു സുപ്രധാന പദ്ധതിയാണ്. ഇത് ഇറക്കുമതി ആശ്രയം കുറയ്ക്കുകയും കൂടുതൽ വിദേശനാണ്യം ലാഭിക്കാൻ സഹായിക്കുകയും ചെയ്യുന്നു. കൂടാതെ, പിന്നാക്ക പ്രദേശത്തിന്റെ വ്യവസായവൽക്കരണത്തിനും പ്രാദേശികമായി ലഭ്യമായ മംഗള ക്രൂഡ് ഓയിലിന്റെ ഉപയോഗത്തിനും ഇന്ത്യയെ ഒരു എണ്ണസംസ്കരണ കേന്ദ്രമായി ഉയർത്താനും പദ്ധതി സംഭാവന നൽകും..

- പദ്ധതി നിർവഹണ വേളയിൽ എണ്ണ സംസ്കരണ കേന്ദ്രങ്ങളുടെ നിർമാണത്തിലേർപ്പെട്ട വിവിധ പദ്ധതി പങ്കാളികൾ മുഖേന ഏകദേശം 25,000 പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ HRRL-ന് സാധിച്ചു.

**തീരുമാനം: അരുണാചൽ പ്രദേശിലെ കംലെ, ക്രാ ദാദി,**



**കുറുങ് കുമേ എന്നീ ജില്ലകളിലായി കമല ജലവൈദ്യുത പദ്ധതി നിർമിക്കാൻ 26,069.50 കോടി രൂപയുടെ നിക്ഷേപത്തിന് അംഗീകാരം നൽകി.**

**ഗുണഫലം:** 1720 മെഗാവാട്ട് ശേഷിയിൽ ഈ പദ്ധതി പ്രതിവർഷം 6870 ദശലക്ഷം യൂണിറ്റ് ഊർജം ഉല്പാദിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതിയിലൂടെ ലഭിക്കുന്ന വൈദ്യുതി അരുണാചൽ പ്രദേശിലെ വൈദ്യുതി വിതരണ സാഹചര്യം മെച്ചപ്പെടുത്തും. ഇത് ആവശ്യകത കൂടിയ സമയങ്ങളിലെ വൈദ്യുതി വിതരണത്തെ പിന്തുണയ്ക്കുകയും ദേശീയ ഗ്രിഡിന്റെ സന്തുലിതാവസ്ഥയ്ക്ക് സംഭാവന നൽകുകയും ചെയ്യും. കൂടാതെ ബ്രഹ്മപുത്ര താഴ്‌വരയിലെ വെള്ളപ്പൊക്ക നിയന്ത്രണത്തിനും പദ്ധതി ഗുണകരമാകും. 96 മാസമാണ് പദ്ധതി പൂർത്തീകരിക്കാൻ കണക്കാക്കുന്ന സമയം.

- അരുണാചൽ പ്രദേശിലെ കംലെ, ക്രാ ദാദി, കുറുങ് കുമേ ജില്ലകളിലെ അടിസ്ഥാന സൗകര്യങ്ങളിൽ പദ്ധതി കാര്യമായ പുരോഗതി കൊണ്ടുവരും. ഏകദേശം 196 കിലോമീറ്റർ റോഡുകളുടെയും പാലങ്ങളുടെയും വികസനം ഇതിൽ ഉൾപ്പെടുന്നു.

---

- ആശുപത്രികൾ, സ്കൂളുകൾ, വിപണികൾ തുടങ്ങി അവശ്യ അടിസ്ഥാന സൗകര്യ നിർമാണവും ജില്ലകൾക്ക് ഗുണംചെയ്യും.

---

- നഷ്ടപരിഹാരം, തൊഴിലവസരങ്ങൾ, സിഎസ്ആർ പ്രവർത്തനങ്ങൾ എന്നിവയിലൂടെ പ്രാദേശിക ജനതയ്ക്കും കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാകും.

**തീരുമാനം: അരുണാചൽ പ്രദേശിലെ അഞ്ജാവ് ജില്ലയിൽ 1200 മെഗാവാട്ട് ശേഷിയിൽ കലായ്-II ജലവൈദ്യുത പദ്ധതിയുടെ നിർമാണത്തിന്റെ നിക്ഷേപ നിർദേശത്തിന് അംഗീകാരം നൽകി.**

**ഗുണഫലം:** പദ്ധതിയിലൂടെ പ്രതിവർഷം 4,852.95 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. ലോഹിത് നദീതടത്തിലെ ആദ്യ ജലവൈദ്യുത പദ്ധതിയെന്ന നിലയിൽ സംസ്ഥാനത്തെ വൈദ്യുതി വിതരണം ശക്തിപ്പെടുത്തുന്ന പദ്ധതി ആവശ്യകത കൂടിയ സമയങ്ങളിലെ വൈദ്യുതി വിതരണത്തെ സഹായിക്കുകയും ദേശീയ ഗ്രിഡിന്റെ സന്തുലിതാവസ്ഥയ്ക്ക് സംഭാവന നൽകുകയും ചെയ്യും.

- പദ്ധതിയുടെ ഏകദേശ ചിലവ് 14,105.83 കോടി രൂപയാണ്. 78 മാസമാണ് പദ്ധതി പൂർത്തീകരിക്കാൻ കണക്കാക്കുന്ന സമയം.

---

- സംസ്ഥാനത്തെ നാംസായി, അഞ്ജാവ് ജില്ലകളിലെ അടിസ്ഥാന സൗകര്യങ്ങളിൽ കാര്യമായ പുരോഗതിയുണ്ടാകും. ഏകദേശം 29 കിലോമീറ്റർ റോഡുകളും പാലങ്ങളും പദ്ധതിക്ക് കീഴിൽ നിർമിക്കും.

---

- നഷ്ടപരിഹാരങ്ങൾ, തൊഴിലവസരങ്ങൾ, സിഎസ്ആർ പ്രവർത്തനങ്ങൾ എന്നിവയിലൂടെ പ്രാദേശിക ജനതയ്ക്കും ഇതിന്റെ പ്രയോജനം ലഭിക്കും.

*മന്ത്രിസഭാ തീരുമാനങ്ങൾ സംബന്ധിച്ച വാർത്താസമ്മേളനം കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.*

**തീരുമാനം: കേന്ദ്ര സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത, പെൻഷൻകാരുടെ ക്ഷാമാശ്വാസം എന്നിവ വർധിപ്പിക്കാൻ അംഗീകാരം.**

**ഗുണഫലം:** 2026 ജനുവരി 1 മുതൽ ഇതിന് പ്രാബല്യമുണ്ടാകും. അടിസ്ഥാന ശമ്പളത്തിന്റെ/പെൻഷന്റെ നിലവിലെ 58 ശതമാനം എന്ന നിരക്ക് രണ്ട് ശതമാനം കൂടി വർധിപ്പിക്കും. ക്ഷാമബത്തയിലും ക്ഷാമാശ്വാസത്തിലും വരുത്തിയ വർധന മൂലം സർക്കാർ ഖജനാവിന് പ്രതിവർഷം 6,791.24 കോടി രൂപയുടെ അധിക സാമ്പത്തിക ബാധ്യതയുണ്ടാകും. ഏകദേശം 50.46 ലക്ഷം കേന്ദ്ര സർക്കാർ ജീവനക്കാർക്കും 68.27 ലക്ഷം പെൻഷൻകാർക്കും ഇതിന്റെ പ്രയോജനം ലഭിക്കും.

**തീരുമാനം: 'ഭാരത് മറൈൻ ഇൻഷുറൻസ് പൂൾ' രൂപീകരിക്കുന്നത് സംബന്ധിച്ച നിർദേശത്തിന് അംഗീകാരം.**

**ഗുണഫലം:** തടസ്സമില്ലാത്ത സമുദ്ര ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കാൻ 12,980 കോടി രൂപയുടെ സോവറിൻ ഗ്യാരണ്ടി നൽകിയിട്ടുണ്ട്. ആഗോള പ്രതിസന്ധികൾ, ഭൗമരാഷ്ട്രീയ അസ്ഥിരത എന്നിവ മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ ആഭ്യന്തര ഇൻഷുറൻസ് സംവിധാനം സഹായിക്കും. ഇന്ത്യൻ കപ്പലുകൾ വിദേശ ഇൻഷുറൻസ് ദാതാക്കളെ ആശ്രയിക്കുന്നത് ഇതിലൂടെ കുറയ്ക്കാനാവും. കപ്പൽ ബോഡിയും യന്ത്രഭാഗങ്ങളും, ചരക്കുകൾ, സംരക്ഷണവും നഷ്ടപരിഹാരവും, യുദ്ധസാഹചര്യങ്ങൾ എന്നിവയുൾപ്പെടെ എല്ലാ സമുദ്ര അപകടസാധ്യതകളും ഈ ഇൻഷുറൻസ് പരിരക്ഷയിൽ ഉൾപ്പെടുന്നു. അന്താരാഷ്ട്ര തലത്തിൽ ഏതൊരു തുറമുഖത്തുനിന്നും ഇന്ത്യൻ തുറമുഖങ്ങളിലേക്കും തിരിച്ചും ചരക്ക് എത്തിക്കുന്നതോ കൊണ്ടുപോകുന്നതോ ആയ കപ്പലുകൾക്ക് അവ സംഘർഷഭരിതമായ സമുദ്രമേഖലകളിലൂടെ സഞ്ചരിക്കുന്ന സാഹചര്യത്തിലടക്കം ഈ പരിരക്ഷ ലഭ്യമാകും.

**തീരുമാനം: ഉത്തർപ്രദേശ്, ആന്ധ്രാപ്രദേശ് സംസ്ഥാനങ്ങളിലെ 15 ജില്ലകളിലായി രണ്ട് റെയിൽപാത ഇരട്ടിപ്പിക്കൽ പദ്ധതികൾക്ക് അംഗീകാരം നൽകി.**

**ഗുണഫലം:** ഇന്ത്യൻ റെയിൽവേയുടെ നിലവിലെ ശൃംഖലയിൽ ഏകദേശം 601 കിലോമീറ്റർ വിപുലീകരിക്കപ്പെടും. 24,815 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതികൾ 2030-31 ഓടെ പൂർത്തിയാക്കാനാണ് ക്രമീകരണം. ഇന്ത്യൻ റെയിൽവേയുടെ പ്രവർത്തനക്ഷമതയും സേവന വിശ്വാസ്യതയും വർധിപ്പിക്കുന്ന പദ്ധതി സമഗ്ര പ്രാദേശിക വികസനത്തിലൂടെ പ്രദേശവാസികൾക്കിടയിൽ സ്വയംപര്യാപ്തത വളർത്താനും അതുവഴി അവരുടെ തൊഴിൽ-സ്വയംതൊഴിൽ അവസരങ്ങൾ വർധിപ്പിക്കാനും ലക്ഷ്യമിടുന്നു. ചരക്കുകളുടെയും യാത്രക്കാരുടെയും സുഗമമായ നീക്കവും സേവനവിതരണവും ഈ പദ്ധതികളിലൂടെ ഉറപ്പാക്കും.





**തീരുമാനം: പ്രധാൻ മന്ത്രി ഗ്രാം സഡക് യോജന-III കാലാവധി 2025 മാർച്ചിന് ശേഷം 2028 മാർച്ച് വരെ നീട്ടുന്നതിന് അംഗീകാരം.**

**ഗുണഫലം:** : കാലാവധി നീട്ടിയതിലൂടെ ഗ്രാമീണ റോഡുകളുടെ ആസൂത്രിത നവീകരണം പൂർത്തീകരിക്കാനാവും. കാർഷിക-കാർഷികേതര ഉല്പന്നങ്ങൾക്ക് വിപണി പ്രവേശനം സുഗമമാക്കുന്ന ഈ നടപടി ഗ്രാമീണ സമ്പദ്‌വ്യവസ്ഥയ്ക്കും വ്യാപാരത്തിനും കരുത്തേകും. കൂടാതെ, യാത്രാസമയവും ചെലവും കുറയുന്നത് ഗ്രാമീണ വരുമാന വർധനയിലേക്ക് നയിക്കും. വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും ആരോഗ്യ കേന്ദ്രങ്ങളിലേക്കും മികച്ച യാത്രാസൗകര്യം ലഭ്യമാകും. തുടർച്ചയായ പദ്ധതി നിർവഹണം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നും പ്രതീക്ഷിക്കുന്നു.

**കൂടാതെ, താഴെ നൽകിയിരിക്കുന്ന കാര്യങ്ങൾക്കും മന്ത്രിസഭ അംഗീകാരം നൽകി:**

- സമതല പ്രദേശങ്ങളിലെ റോഡുകളുടെയും പാലങ്ങളുടെയും നിർമാണം പൂർത്തിയാക്കേണ്ട സമയപരിധിയും മലയോര മേഖലകളിലെ ശേഷിക്കുന്ന റോഡ് നിർമാണ പ്രവർത്തനങ്ങളും 2028 മാർച്ച് വരെ നീട്ടി.
- മലയോര മേഖലകളിലെ വെല്ലുവിളി നിറഞ്ഞ ഭൂപ്രകൃതി കണക്കിലെടുത്ത് ഈ മേഖലകളിലെ പാലങ്ങളുടെ നിർമാണം പൂർത്തിയാക്കേണ്ട സമയപരിധി 2029 മാർച്ച് വരെ നീട്ടിയിട്ടുണ്ട്.
- 2025 മാർച്ച് 31-ന് മുൻപ് അനുമതി ലഭിച്ചതും സാമ്പത്തിക വിഹിതം അന്തിമമാക്കാത്തതുമായ എല്ലാ പ്രവൃത്തികളും ടെൻഡർ നടപടികളിലൂടെ ആരംഭിക്കാൻ അനുമതി നൽകി.
- നേരത്തെ അനുമതി നൽകിയ പാതകളിൽ 961 കോടി രൂപ ചെലവിൽ 161 പുതിയ നീളമേറിയ പാലങ്ങൾ നിർമിക്കാനും അംഗീകാരം നൽകി. പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി ആകെ സാമ്പത്തിക വിഹിതം 80,250 കോടിയിൽ നിന്ന് 83,977 കോടി രൂപയായി ഉയർത്തി. ●

*മന്ത്രിസഭാ തീരുമാനങ്ങൾ സംബന്ധിച്ച വാർത്താസമ്മേളനം കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക.*

ഇൻഷുറൻസിന്റെയും പെൻഷന്റെയും സാമൂഹ്യസുരക്ഷാ കവചം

PMSBY, PMJJBY, APY പദ്ധതികളുടെ 11 വർഷങ്ങൾ

# സുരക്ഷിത കുടുംബങ്ങൾ, സുനിശ്ചിത ഭാവി

***സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നത് മുതൽ എല്ലാവർക്കും ആത്മാഭിമാനവും സുരക്ഷയും ഉറപ്പാക്കുന്നത് വരെ 'സബ്കാ സാഥ്, സബ്കാ വികാസ്' എന്ന മനോഭാവം യാഥാർത്ഥ്യമാക്കാൻ സർക്കാർ മുൻഗണന നൽകുന്നു. ഈ ലക്ഷ്യത്തോടെ 2015 മെയ് 9-ന് പ്രധാനമന്ത്രി നരേന്ദ്ര മോദി തുടക്കം കുറിച്ച പ്രധാൻ മന്ത്രി സുരക്ഷാ ബീമാ യോജന, പ്രധാൻ മന്ത്രി ജീവൻ ജ്യോതി ബീമാ യോജന, അടൽ പെൻഷൻ യോജന എന്നീ പദ്ധതികൾ 11 വർഷം പൂർത്തിയാക്കുകയാണ്. ഈ മൂന്ന് പൊതു സുരക്ഷാ പദ്ധതികളുടെയും വലിയ സ്വാധീനം മനസ്സിലാക്കാൻ ഇതുവരെ പദ്ധതികളുടെ ഭാഗമായ 92 കോടിയിലധികം രജിസ്ട്രേഷനുകൾ മാത്രം പരിശോധിച്ചാൽ മതിയാകും.***

2014 വരെ ഇന്ത്യയിലെ ജനസംഖ്യയുടെ ഏകദേശം 80 മുതൽ 90 ശതമാനം പേർക്കും യാതൊരുവിധ ഇൻഷുറൻസ് പരിരക്ഷയോ പെൻഷൻ സാധ്യതയോ ഉണ്ടായിരുന്നില്ല. ലളിതമായി പറഞ്ഞാൽ 100 കോടിയിലധികം പേർ ഇൻഷുറൻസിന്റെയോ പെൻഷൻ പരിരക്ഷയുടെയോ കവചമില്ലാതെയാണ് കഴിഞ്ഞിരുന്നത്. ഈ പശ്ചാത്തലത്തിൽ 2015 മെയ് 9-ന് പശ്ചിമ ബംഗാളിൽ വെച്ച് രണ്ട് ഇൻഷുറൻസ് പദ്ധതികൾക്കും ഒരു പെൻഷൻ പദ്ധതിയ്ക്കും ഒരുമിച്ച് തുടക്കം കുറിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി പാവപ്പെട്ടവരോടും ദരിദ്രരോടും സർക്കാർ പുലർത്തുന്ന കർത്തവ്യവും കരുതലും പ്രകടമാക്കി. കേവലം സഹായത്തിലുപരി ശാക്തീകരണമാണ് ദരിദ്രർക്ക് ആവശ്യമെന്ന് പ്രധാനമന്ത്രി മോദി അന്ന് പറയുകയുണ്ടായി.



# പ്രധാൻ മന്ത്രി സുരക്ഷാ ബീമാ യോജന

## വെറും 20 രൂപയ്ക്ക് ഒരു വർഷത്തെ അപകട ഇൻഷുറൻസ്

*മധ്യപ്രദേശിലെ ഹർദ ജില്ലയിലെ ഒരു ഗ്രാമത്തിൽ വസിക്കുന്ന 27 കാരിയായ ജ്യോതി നിഹാലിന് അവരുടെ ഭർത്താവ് മുരളീധർ നിഹാലിനെ പെട്ടെന്നുണ്ടായ അപകടത്തിൽ നഷ്ടമായി. സ്വന്തം വരുമാനത്തിലൂടെ ജ്യോതിയെയും രണ്ട് ചെറിയ കുട്ടികളെയും സംരക്ഷിച്ച കുടുംബത്തിലെ ഏക വ്യക്തിയായിരുന്നു മുരളീധർ. പ്രയാസകരമായ ഈ സമയത്ത് മുരളീധർ നേരത്തെ എടുത്ത ചെറിയൊരു തീരുമാനം ആ കുടുംബത്തിന് ആശ്വാസമായി - വെറും 12 രൂപ (ഇപ്പോൾ 20 രൂപ) അടച്ച് അദ്ദേഹം പ്രധാൻ മന്ത്രി സുരക്ഷാ ബീമാ യോജനയിൽ രജിസ്റ്റർ ചെയ്തിരുന്നു. സർക്കാർ പിന്തുണയോടെ നടപ്പാക്കുന്ന ഈ വാർഷിക അപകട ഇൻഷുറൻസ് പദ്ധതിയിലൂടെ മുരളീധറിന്റെ മരണശേഷം ഭാര്യ ജ്യോതിക്ക് ധനസഹായമായി 2 ലക്ഷം രൂപ ലഭിച്ചു.*

ഇത്തരം എണ്ണമറ്റ കഥകൾ പ്രധാൻ മന്ത്രി സുരക്ഷാ ബീമാ യോജനയുമായി ബന്ധപ്പെട്ട് പറയാനുണ്ട്. പദ്ധതിയുടെ ഉദ്ഘാടന വേളയിൽ ഒരു സിനിമയിലെ സംഭാഷണം ഓർത്തെടുത്ത പ്രധാനമന്ത്രി മോദി പറഞ്ഞു: '12 രൂപയ്ക്ക് ഒരു ശവക്കച്ച പോലും വാങ്ങാനാവില്ലെന്നായിരുന്നു അന്ന് സിനിമയിൽ പറഞ്ഞത്; എന്നാൽ സർക്കാർ അവതരിപ്പിച്ച ഈ ഇൻഷുറൻസ് പദ്ധതി ഇന്ന് സമൂഹത്തിലെ ഏറ്റവും താഴെക്കിടയിലെ സാമ്പത്തിക വിഭാഗങ്ങൾക്ക് വലിയ സഹായമായി മാറിയിരിക്കുകയാണ്.



### PMSBY-യെക്കുറിച്ച് കൂടുതൽ വിവരങ്ങൾ

- വർഷംതോറും പുതുക്കാവുന്ന വാർഷിക വ്യക്തിഗത അപകട ഇൻഷുറൻസ് പദ്ധതിയാണ് പ്രധാൻ മന്ത്രി സുരക്ഷാ ബീമാ യോജന.
- അപകടം മൂലം മരണമോ പൂർണ്ണ അംഗവൈകല്യമോ സംഭവിച്ചാൽ 2 ലക്ഷം രൂപയും ഭാഗിക അംഗവൈകല്യത്തിന് 1 ലക്ഷം രൂപയും ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നു.
- വാർഷിക പ്രീമിയം വെറും 20 രൂപയാണ്.
- 18 നും 70 നും ഇടയിൽ പ്രായക്കാർക്ക് ഈ പദ്ധതിയിൽ ചേരാം.
- അപേക്ഷകർക്ക് ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കണം.




*കുറിപ്പ്: PMSBY ഗുണഭോക്താക്കളിൽ:*

**50%** സ്ത്രീകൾ

**72%** ഗ്രാമീണ മേഖലകളിൽ ഉള്ളവർ



# പ്രധാൻ മന്ത്രി ജീവൻ ജ്യോതി ബീമാ യോജന

## പ്രതിവർഷം വെറും 436 രൂപയ്ക്ക് (അതായത്, പ്രതിദിനം 1.20 രൂപയ്ക്ക്) ജീവൻ ജ്യോതി ഇൻഷുറൻസ് പരിരക്ഷ

*രാധയുടെ ഭർത്താവ് ദിവസവേതന തൊഴിലാളിയായിരുന്നു. പെട്ടെന്നൊരു ദിവസം അദ്ദേഹം മരണമടഞ്ഞു. സമ്പാദ്യമോ സ്വന്തമായി ഭൂമിയോ ഇല്ലാതിരുന്ന ആ കുടുംബത്തെ സംബന്ധിച്ചിടത്തോളം രാധയെ സാമ്പത്തികമായി സഹായിക്കാൻ ആരും മുന്നിലുണ്ടായിരുന്നില്ല. എന്നാൽ ഭർത്താവിന്റെ മരണത്തിന് ഏതാനും ദിവസങ്ങൾക്ക് ശേഷം ഒരു ഇൻഷുറൻസ് പ്രതിനിധി രാധയെ സന്ദർശിക്കുകയും ഭർത്താവ് പ്രധാൻ മന്ത്രി ജീവൻ ജ്യോതി ബീമാ യോജനയിൽ* **(PMJJBY)** *രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുകയും ചെയ്തു. ഇൻഷുറൻസ് പരിരക്ഷയായി ലഭിച്ച 2 ലക്ഷം രൂപ രാധയ്ക്ക് പുതിയൊരു ജീവിതം തുടങ്ങാൻ പ്രതീക്ഷയും കരുത്തും നൽകി.*

2015 മെയ് 9-നാണ് ഈ ഇൻഷുറൻസ് പദ്ധതിയ്ക്ക് തുടക്കം കുറിച്ചത്. രാജ്യത്തെ ജനസംഖ്യയുടെ വെറും 20 ശതമാനത്തിന് മാത്രം ഇൻഷുറൻസ് പരിരക്ഷ ഉണ്ടായിരുന്ന കാലത്താണ് 2015-ലെ കേന്ദ്ര ബജറ്റിൽ പദ്ധതി പ്രഖ്യാപിച്ചത്. സാധാരണ ഇത്തരം ഇൻഷുറൻസ് പോളിസികൾക്ക് മെഡിക്കൽ പരിശോധന ആവശ്യമാണ്. മാത്രവുമല്ല, ആർക്കൊക്കെ പരിരക്ഷ നൽകണമെന്ന് തീരുമാനിക്കുന്നത് ഇൻഷുറൻസ് കമ്പനികളാണ്. എന്നാൽ ഈ പദ്ധതിക്ക് കീഴിൽ കേവലം ഒരു ഫോം പൂരിപ്പിച്ചു നൽകിയാൽ മതിയാകുമെന്ന് ഉദ്ഘാടനവേളയിൽ പ്രധാനമന്ത്രി മോദി പറഞ്ഞു. ആരോഗ്യപ്രശ്നങ്ങളുണ്ടെങ്കിൽ പോലും ഈ ഇൻഷുറൻസ് പരിരക്ഷ സ്വന്തമാക്കാമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.



## PMJJBY-യെക്കുറിച്ച് കൂടുതൽ വിവരങ്ങൾ

- 18 നും 50 നും ഇടയിൽ പ്രായക്കാർക്ക് ഈ ഇൻഷുറൻസ് പദ്ധതിയുടെ ഭാഗമാകാം.
- ബാങ്ക് ശാഖകൾ വഴിയോ പോസ്റ്റ് ഓഫീസുകളിലെത്തിയോ ഓൺലൈനായോ രജിസ്റ്റർ ചെയ്യാൻ സൗകര്യമുണ്ട്.
- പ്രതിവർഷം 436 രൂപയാണ് പ്രീമിയം.
- ഇൻഷുറൻസ് കാലയളവിൽ ഏത് കാരണത്താൽ മരണം സംഭവിച്ചാലും 2 ലക്ഷം രൂപ സഹായധനമായി നൽകുന്നു.
- പദ്ധതിയിൽ ചേരാൻ ബാങ്കിലോ പോസ്റ്റ് ഓഫീസിലോ അക്കൗണ്ട് ഉണ്ടായിരിക്കുകയും അക്കൗണ്ടിൽ ഓട്ടോ-ഡെബിറ്റ് സൗകര്യം സജ്ജീകരിക്കുകയും വേണം.



*കുറിപ്പ്:* **PMJJBY** *ഗുണഭോക്താക്കളിൽ:*

**53%** സ്ത്രീകൾ.

**74%** ഗ്രാമീണ മേഖലകളിൽ നിന്നുള്ളവർ.




ശാക്തീകരിക്കപ്പെട്ടാൽ ദാരിദ്ര്യത്തിനെതിരായ പോരാട്ടം സ്വന്തം നിലയിൽ നയിക്കാൻ പാവപ്പെട്ടവർ പൂർണസജ്ജരാണെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി. ഇന്ന് പ്രധാൻ മന്ത്രി സുരക്ഷാ ബീമാ യോജനയിലൂടെ 57 കോടിയിലധികം പേരിലേക്കും പ്രധാൻ മന്ത്രി ജീവൻ ജ്യോതി ബീമാ യോജനയിലൂടെ 26 കോടിയിലധികം പേരിലേക്കും അടൽ പെൻഷൻ യോജനയിലൂടെ 8.71 കോടിയിലധികം പേരിലേക്കും ഈ ശാക്തീകരണം എത്തിക്കഴിഞ്ഞു. രണ്ട് ഇൻഷുറൻസ് പദ്ധതികളിലൂടെ മാത്രം ഏകദേശം 11 ലക്ഷം കുടുംബങ്ങൾക്ക് 21,500 കോടിയിലധികം രൂപയുടെ ആനുകൂല്യങ്ങൾ

# അടൽ പെൻഷൻ യോജന

## 60 വയസ്സിന് ശേഷം 1,000 രൂപ മുതൽ 5,000 രൂപ വരെ പെൻഷൻ നേടാം

2014-ന് മുൻപ് രാജ്യത്തെ ജനസംഖ്യയുടെ വെറും 10 മുതൽ 15 ശതമാനം പേർക്ക് മാത്രമേ പെൻഷൻ സൗകര്യം ലഭ്യമായിരുന്നുള്ളൂ. ഈ സാഹചര്യത്തിലാണ് 2015 മെയ് 9-ന് ദീർഘകാലാടിസ്ഥാനത്തിൽ സർക്കാർ അടൽ പെൻഷൻ യോജന (APY) ആരംഭിച്ചത്. യുവാക്കൾക്കായി രൂപകൽപ്പന ചെയ്ത ഈ പദ്ധതി 60 വയസ്സ് തികയുമ്പോൾ മറ്റാരെയും ആശ്രയിക്കാതെ ജീവിക്കാൻ അവരെ പ്രാപ്തരാക്കുമെന്ന് പദ്ധതിയുടെ ഉദ്ഘാടന വേളയിൽ പ്രധാനമന്ത്രി മോദി പറഞ്ഞു. അടൽ പെൻഷൻ യോജന 2030-31 വരെ തുടരാൻ അടുത്തിടെ കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി.



**കഴിഞ്ഞ 5 വർഷത്തിനിടെ അടൽ പെൻഷൻ യോജനയിൽ ചേർന്നവരുടെ എണ്ണം ഏകദേശം 3 മടങ്ങ് വർധിച്ചിട്ടുണ്ട്.**




**48.76%** ഗുണഭോക്താക്കൾ സ്ത്രീകളാണ്; 2026 ജനുവരി 31 വരെ 4.25 കോടി സ്ത്രീകൾ പദ്ധതിയിൽ ചേർന്നു.

### അടൽ പെൻഷൻ യോജനയെക്കുറിച്ച് അറിയേണ്ടതെല്ലാം

- സർക്കാർ ഗ്യാരന്റി നൽകുന്ന ആദ്യ പെൻഷൻ പദ്ധതിയാണിത്
- നിങ്ങളുടെ വിഹിതത്തിൽ കുറവുണ്ടായാൽ ആ കുറവ് നികത്തേണ്ട ഉത്തരവാദിത്തം സർക്കാർ ഏറ്റെടുക്കുന്നു.
- അർഹരായ വിഭാഗങ്ങളിലേക്ക് പദ്ധതി എത്തുന്നുവെന്ന് ഉറപ്പാക്കാൻ 2022 ഒക്ടോബർ 1 മുതൽ ആദായനികുതി അടയ്ക്കുന്നവരെ പദ്ധതിയിൽ ചേരുന്നതിൽ നിന്ന് ഒഴിവാക്കി.
- പ്രതിമാസം 1,000 രൂപ മുതൽ 5,000 രൂപ വരെ പെൻഷൻ പദ്ധതി ഉറപ്പുനൽകുന്നു.
- പെൻഷൻ ഉടമയുടെ മരണശേഷം അതേ പെൻഷൻ തുക പങ്കാളിക്ക് (ഭാര്യ/ഭർത്താവ്) ലഭിക്കും.
- ഭാര്യയുടെയും ഭർത്താവിന്റെയും മരണശേഷം അതുവരെ സമാഹരിച്ച തുക അനന്തരാവകാശികൾക്ക് തിരികെ നൽകും.
- പ്രായത്തിനും തിരഞ്ഞെടുത്ത പെൻഷൻ തുകയ്ക്കും അനുസരിച്ച് നിലവിൽ 42 രൂപ മുതൽ 1,454 രൂപ വരെയാണ് പ്രതിമാസ വിഹിതം.



**എല്ലാവർക്കും ഇൻഷുറൻസ് പരിരക്ഷ, ഏറ്റവും കുറഞ്ഞ നിരക്കിൽ ഇൻഷുറൻസ് എന്നീ രണ്ട് കാഴ്ചപ്പാടുകളെ അടിസ്ഥാനമാക്കിയാണ് നമ്മുടെ സാമൂഹ്യ സുരക്ഷാ പദ്ധതികൾ.**

*- നരേന്ദ്ര മോദി, പ്രധാനമന്ത്രി*

ഇതിനകം തീർപ്പാക്കി നൽകി.

ഈ സാമൂഹ്യ സുരക്ഷാ സംവിധാനം അടിസ്ഥാനപരമായി ദരിദ്രർക്കും സാധാരണ പൗരന്മാർക്കും വേണ്ടിയാണെന്ന് പദ്ധതികൾക്ക് തുടക്കം കുറിച്ച വേളയിൽ പ്രധാനമന്ത്രി മോദി വിശ്വാസം പ്രകടിപ്പിച്ചു. സർക്കാരിന്റെ ഈ സംരംഭം സമൂഹത്തിലെ സമ്പന്ന വിഭാഗങ്ങൾക്ക് ദരിദ്രരെ സേവിക്കാൻ പ്രേരണയായി വർത്തിക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. അചഞ്ചലമായ നിശ്ചയദാർഢ്യത്തോടെയാണ് സർക്കാർ മുന്നോട്ട് പോകുന്നതെന്ന് പ്രധാനമന്ത്രി ആവർത്തിച്ച് വ്യക്തമാക്കി. പദ്ധതികളുടെ ഗുണങ്ങൾ പ്രയോജനപ്പെടുത്തണമെന്നും യഥാർത്ഥ ജനക്ഷേമ പ്രസ്ഥാനമാക്കി പദ്ധതികളെ പരിവർത്തനപ്പെടുത്താൻ സഹായിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.




# പുരോഗതിയുടെയും പ്രകൃതിയുടെയും സംസ്കാരത്തിന്റെയും ഇടനാഴി

# ഡൽഹി-ഡെറാഡൂൺ എക്സ്പ്രസ് വേ

*ശക്തമായ ഗതാഗതമാർഗങ്ങളും മികച്ച അടിസ്ഥാന സൗകര്യങ്ങളും വ്യാപാരം വർധിപ്പിക്കുക മാത്രമല്ല, യാത്ര സുഗമമാക്കുകയും ചെയ്യുന്നു. സമയം ലാഭിക്കാനും ഇന്ധന ഉപഭോഗം കുറയ്ക്കാനും മലിനീകരണം നിയന്ത്രിക്കാനും ഇത് സഹായിക്കുന്നു. പുരോഗതിയുടെയും പ്രകൃതിയുടെയും സംസ്കാരത്തിന്റെയും സമന്വയം പ്രതിഫലിപ്പിക്കുന്ന ഗതാഗത പദ്ധതിയായ 'ഡൽഹി–ഡെറാഡൂൺ സാമ്പത്തിക ഇടനാഴി' ഏപ്രിൽ 14 – ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. വിനോദസഞ്ചാര മേഖലയിൽ ഡൽഹി, ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിലെ ജനങ്ങൾക്ക് പദ്ധതി വലിയ പ്രയോജനം ചെയ്യും. ഉത്തരാഖണ്ഡ് രൂപീകൃതമായി 26 – ാം വർഷം ഡൽഹി – ഡെറാഡൂൺ എക്സ്പ്രസ് വേയുടെ ഉദ്ഘാടനത്തിലൂടെ സംസ്ഥാനം ഒരു സുപ്രധാന നാഴികക്കല്ല് പിന്നിട്ടിരിക്കുകയാണ്.*

ഡെറാഡൂൺ-ഡൽഹി എക്സ്പ്രസ് വേ കേവലമൊരു സാമ്പത്തിക ഇടനാഴിയെന്നതിലുപരി യാത്രകളുടെ വേഗം കൂട്ടുകയും ചെലവ് കുറയ്ക്കുകയും ചെയ്യും. പെട്രോൾ, ഡീസൽ ചെലവുകൾ കുറയ്ക്കാനും യാത്രാക്കൂലിയും ചരക്കുനീക്ക ചെലവും ലാഭിക്കാനും വിനോദസഞ്ചാരത്തിനൊപ്പം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും പദ്ധതി സഹായിക്കും. അതേസമയം 'ദേവഭൂമി'യായ ഉത്തരാഖണ്ഡിനെ ശുചിത്വപൂർണമായും നൈർമല്യത്തോടെയും സൂക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ മനോഹര തീർത്ഥാടന കേന്ദ്രങ്ങളെ പ്ലാസ്റ്റിക്കിൽ നിന്നും മാലിന്യങ്ങളിൽ നിന്നും സംരക്ഷിക്കേണ്ടത് വിനോദ സഞ്ചാരികളുടെയും പ്രദേശവാസികളുടെയും ഉത്തരവാദിത്തമാണ്. എങ്കിൽ മാത്രമേ പുണ്യസ്ഥലങ്ങളുടെ സംശുദ്ധിയും സൗന്ദര്യവും നിലനിർത്താൻ നമുക്കാവൂ.

ഉത്തരാഖണ്ഡ് സംസ്ഥാനം അതിന്റെ 26-ാം വർഷത്തിലേക്ക് കടക്കുന്ന വേളയിൽ ഈ നൂറ്റാണ്ടിന്റെ മൂന്നാം ദശകം ഉത്തരാഖണ്ഡിന്റേതായിരിക്കുമെന്ന് നേരത്തെ നടത്തിയ പ്രഖ്യാപനം പ്രധാനമന്ത്രി അനുസ്മരിച്ചു. നിലവിലെ സർക്കാരിന്റെ നയങ്ങളും ജനങ്ങളുടെ കഠിനാധ്വാനവും മൂലം ഈ യുവ സംസ്ഥാനം വികസനത്തിന്റെ പുതിയ തലങ്ങൾ കൈവരിക്കുകയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഈ എക്സ്പ്രസ് വേ ഉത്തരാഖണ്ഡിന്റെ വളർച്ചയ്ക്ക് പുതിയ വേഗം പകരുമെന്നും പ്രധാനമന്ത്രി മോദി വ്യക്തമാക്കി. റോഡുകളിലും ഹൈവേകളിലും എക്സ്പ്രസ് വേകളിലും വ്യോമ-റെയിൽ-ജല പാതകളിലുമാണ് രാജ്യത്തിന്റെ ഭാവി രചിക്കപ്പെടുന്നതെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.

*ശൈത്യകാല ചാർ ധാം യാത്രയിൽ പങ്കെടുത്തവരുടെ എണ്ണം 2024-ലെ 80,000 ൽനിന്ന് 2025-ൽ 1,50,000 പിന്നിട്ട് കുതിച്ചുയർന്നു.*

## പദ്ധതിയുടെ പ്രധാന സവിശേഷതകൾ

**12,000**

കോടിയിലധികം രൂപ 213 കിലോമീറ്റർ നീളമുള്ള, പ്രവേശന നിയന്ത്രിത ഡൽഹി-ഡെറാഡൂൺ ആറുവരി സാമ്പത്തിക ഇടനാഴിയുടെ വികസനത്തിനായി ചെലവഴിച്ചു.

**2.5** മണിക്കൂർ സമയം മതി ഇനി ഡെറാഡൂണിലെത്താൻ. നേരത്തെ ഇത് 6 മണിക്കൂറായിരുന്നു.

- ഇടനാഴിയിൽ എട്ട് വന്യജീവി പാതകൾ, 200 മീറ്റർ നീളത്തിൽ ആനകൾക്കുവേണ്ടി നിർമിച്ച രണ്ട് അടിപ്പാതകൾ, കാളി ക്ഷേത്രത്തിന് സമീപം 370 മീറ്റർ നീളത്തിൽ തുരങ്കം എന്നിവ സജ്ജീകരിച്ചിട്ടുണ്ട്.
- തടസ്സമില്ലാത്തതും വേഗമേറിയതുമായ യാത്ര ഉറപ്പാക്കാൻ 10 ഇന്റർചേഞ്ചുകൾ, മൂന്ന് റെയിൽവേ മേൽപ്പാതകൾ, നാല് പ്രധാന പാലങ്ങൾ, റോഡരികിൽ 12 പൊതു സൗകര്യങ്ങൾ എന്നിവ നിർമിച്ചു.

*പ്രധാനമന്ത്രിയുടെ പരിപാടി പൂർണമായി കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക.*



## വിമുക്തഭടന്മാർക്ക് ക്ഷേമ പദ്ധതികൾ

ഏകദേശം **1.25** ലക്ഷം കോടി രൂപ 'വൺ റാങ്ക്, വൺ പെൻഷൻ' പദ്ധതിക്ക് കീഴിൽ വിതരണം ചെയ്തു.

**36%** വർധന വിമുക്തഭടന്മാരുടെ ആരോഗ്യ പരിരക്ഷാ പദ്ധതിയുടെ ബജറ്റിൽ.

**70** വയസ്സിന് മുകളിൽ പ്രായക്കാരായ വിമുക്തഭടന്മാർക്ക് മരുന്നുകൾ വീട്ടിലെത്തിക്കാൻ സൗകര്യം ഏർപ്പെടുത്തി.



### കുട്ടികളുടെ വിദ്യാഭ്യാസ ധനസഹായം ഇരട്ടിയാക്കി.

- പെൺമക്കളുടെ വിവാഹത്തിന് നൽകുന്ന സാമ്പത്തിക സഹായം 50,000 രൂപയിൽ നിന്ന് 1,00,000 രൂപയായി വർധിപ്പിച്ചു.

> **നമ്മുടെ ഈ പർവതനിരകളും വനമേഖലകളും ദേവഭൂമിയിലെ നിധികളുമെല്ലാം യഥാർത്ഥത്തിൽ പുണ്യസ്ഥലങ്ങളാണ്. ഇത്തരം സ്ഥലങ്ങൾ വൃത്തിയായും വെടിപ്പായും സൂക്ഷിക്കേണ്ടത് നമ്മുടെയെല്ലാം കടമയാണ്. പ്ലാസ്റ്റിക് കുപ്പികളുടെയും മാലിന്യങ്ങളുടെയും കൂമ്പാരങ്ങൾ ദേവഭൂമിയുടെ പവിത്രതയ്ക്ക് കളങ്കം സൃഷ്ടിക്കുന്നു. അതിനാൽ, ദേവഭൂമിയിലെ സ്ഥലങ്ങളും തീർത്ഥാടന കേന്ദ്രങ്ങളും വൃത്തിയായും മനോഹരമായും സൂക്ഷിക്കേണ്ടത് അനിവാര്യമാണ്.**
>
> *- നരേന്ദ്ര മോദി, പ്രധാനമന്ത്രി*

രാജ്യത്തെ അഭൂതപൂർവമായ അടിസ്ഥാന സൗകര്യ വികസനത്തെക്കുറിച്ച് സംസാരിക്കവെ 2014-ന് മുൻപ് പ്രതിവർഷം 2 ലക്ഷം കോടി രൂപയിൽ താഴെയായിരുന്ന അടിസ്ഥാന സൗകര്യ വികസന ചെലവ് ഇപ്പോൾ ആറ് മടങ്ങിലേറെ വർധിച്ച് പ്രതിവർഷം 12 ലക്ഷം കോടി രൂപയായി ഉയർന്നുവെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. ഉത്തരാഖണ്ഡിൽ മാത്രം നിലവിൽ 2.25 ലക്ഷം കോടി രൂപയിലേറെ മൂല്യംവരുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടന്നു വരികയാണെന്നും ശ്രീ മോദി പറഞ്ഞു.

ഡൽഹി മെട്രോ വിപുലീകരണം, മീററ്റിലെ മെട്രോ സേവനങ്ങളുടെ തുടക്കം, ഡൽഹി-മീററ്റ് നമോ ഭാരത് റെയിൽ ഉദ്ഘാടനം, നോയിഡ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെയും എം.ആർ.ഒ സൗകര്യത്തിന്റെയും പ്രവർത്തനം എന്നിവ ഡൽഹി-പശ്ചിമ ഉത്തർപ്രദേശ്-ഉത്തരാഖണ്ഡ് മേഖലയിലെ സമീപകാല വികസനങ്ങളെക്കുറിച്ച് സംസാരിക്കവെ പ്രധാനമന്ത്രി പരാമർശിച്ചു. ഉല്പന്നങ്ങൾ കൂടുതൽ വേഗത്തിൽ വലിയ വിപണികളിലേക്ക് എത്തുന്നതിലൂടെ കർഷകർക്കും ക്ഷീരമേഖലയിൽ വിവിധ തൊഴിലുകളിൽ ഏർപ്പെട്ടവർക്കും പ്രയോജനം ലഭിക്കുമെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി. ഗാസിയാബാദ്, ബാഗ്പത്, ബറൗട്ട്, ഷാംലി, സഹാറൻപൂർ എന്നീ നഗരങ്ങളിലൂടെ കടന്നുപോകുന്ന ഈ ഇടനാഴി ഉത്തർപ്രദേശിലെ ഈ നഗരങ്ങൾക്കും പുതു ജീവൻ പകരാൻ സജ്ജമാണ്. കേവലമൊരു റോഡ് എന്നതിലുപരി മേഖലയിലുടനീളം വ്യാപാരത്തിനും വ്യവസായത്തിനും സംഭരണത്തിനും ചരക്കുനീക്കത്തിനും പദ്ധതി പുതിയ വഴികൾ തുറക്കുന്നുവെന്നും പ്രധാനമന്ത്രി മോദി വ്യക്തമാക്കി. ഡെറാഡൂൺ, ഹരിദ്വാർ, ഋഷികേശ്, മസൂറി, ചാർ ധാം സർക്യൂട്ട് എന്നിവിടങ്ങളിലെല്ലാം ഇനി കൂടുതൽ എളുപ്പത്തിൽ എത്തിച്ചേരാം. ശൈത്യകാല വിനോദസഞ്ചാരത്തിനും ശൈത്യകാല കായിക വിനോദങ്ങൾക്കും വിനോദസഞ്ചാര കേന്ദ്രങ്ങളിലെ വിവാഹങ്ങൾക്കും അനുയോജ്യമായ പ്രമുഖ കേന്ദ്രമായി ഉത്തരാഖണ്ഡ് മാറുകയാണെന്ന് പ്രധാനമന്ത്രി കൂട്ടിച്ചേർത്തു. വിനോദസഞ്ചാരം വളരുമ്പോൾ എല്ലാവർക്കും അതിന്റെ പ്രയോജനം ലഭിക്കും. ഹോട്ടലുകൾ, വഴിയോര ഭക്ഷണശാലകൾ, ടാക്സികൾ, ഹോം സ്റ്റേകൾ തുടങ്ങി പ്രാദേശിക സമ്പദ് വ്യവസ്ഥയ്ക്ക് സമഗ്ര ഉത്തേജനം നൽകുമെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

മെയ് 1 – തൊഴിലാളി ദിന പ്രത്യേക ലേഖനം

# ശ്രമേവ ജയതേ

*സത്യമേവ ജയതേ എന്നതുപോലെ തന്നെ രാഷ്ട്ര വികസനത്തിൽ 'ശ്രമേവ ജയതേ' എന്ന സങ്കല്പത്തിനും തുല്യ പ്രാധാന്യമുണ്ട്. ശ്രമേവ ജയതേ എന്ന മനോഭാവത്തോടെ തൊഴിലാളി ക്ഷേമത്തിനായി കേന്ദ്ര സർക്കാർ അചഞ്ചലമായി നിലകൊള്ളുന്നു. തൊഴിലാളിവർഗത്തിന്റെ അഭിവൃദ്ധി ഉറപ്പാക്കാൻ നാല് സമഗ്ര തൊഴിൽ നിയമങ്ങൾ നടപ്പാക്കിയതിലൂടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതടക്കം ശക്തമായ നിരവധി നടപടികൾ സർക്കാർ കൈക്കൊണ്ടു. തൊഴിലാളി ശാക്തീകരണം ലക്ഷ്യമിട്ട് നടത്തിവരുന്ന പ്രവർത്തനങ്ങൾ ആധാരമാക്കി മെയ് 1 – ലെ അന്താരാഷ്ട്ര തൊഴിലാളി ദിനത്തോടനുബന്ധിച്ച് തയ്യാറാക്കിയ പ്രത്യേക റിപ്പോർട്ട്.*



ഇരുപക്ഷവും തമ്മിൽ നിലനിൽക്കുന്ന പരസ്പരപൂരകവും അവിഭാജ്യവുമായ ബന്ധത്തിലാണ് തൊഴിലാളികളുടെയും വ്യവസായങ്ങളുടെയും വിജയം കുടികൊള്ളുന്നത്. ഏതെങ്കിലും ഒന്നിന്റെ അഭാവത്തിൽ മറ്റേതിന് അഭിവൃദ്ധി പ്രാപിക്കുക സാധ്യമല്ല. വ്യവസായമേഖല വളർച്ച കൈവരിക്കുമ്പോൾ, തൊഴിലാളികൾക്ക് സുസ്ഥിരമായ തൊഴിലവസരങ്ങൾ, ന്യായമായ വേതനം, സാമൂഹിക സുരക്ഷ എന്നിവ ഉറപ്പാക്കപ്പെടുന്നു. പ്രചോദിതവും സുരക്ഷിതവുമായ തൊഴിൽ ശക്തി ഉയർന്ന ഉത്പാദനക്ഷമതയും നൂതനാശയ ശേഷിയും കൈവരിക്കാൻ സഹായിക്കുകയും, അതുവഴി വ്യവസായങ്ങളുടെ ദീർഘകാല വളർച്ചക്കും സുസ്ഥിരതയ്ക്കും വഴിയൊരുക്കുകയും ചെയ്യുന്നു. സംഘടിതവും അസംഘടിതവുമായ മേഖലകളിലെ തൊഴിലാളികൾക്ക് അവരുടെ അധ്വാനത്തിനും അവകാശങ്ങൾക്കുമുള്ള ബഹുമാനം ലഭിക്കുക തന്നെ വേണമെന്ന നിലപാടിൽ കേന്ദ്ര സർക്കാർ ഉറച്ചുനിൽക്കുന്നു. വിശ്വനാഥ് ധാമിന്റെ ഉദ്ഘാടന വേളയിൽ തൊഴിലാളികളുടെ മേൽ പുഷ്പവൃഷ്ടി നടത്തിയതും, പ്രയാഗ്‌രാജ് കുംഭമേളയിൽ ശുചീകരണ തൊഴിലാളികളുടെ കാലുകൾ കഴുകിയതും, പുതിയ പാർലമെന്റ് മന്ദിരത്തിൽ തൊഴിലാളികൾക്കായി പ്രത്യേക ഗാലറി സജ്ജമാക്കിയതുമൊക്കെ ഈ പ്രതിബദ്ധതയ്ക്കുള്ള സാക്ഷ്യങ്ങളാണ്. ഈ പ്രവർത്തനങ്ങൾ രാജ്യത്തിന്റെ വികസന യാത്രയിൽ "ശ്രമേവ ജയതേ" എന്ന ആശയത്തിന്റെ പരിവർത്തന സാധ്യത ഉയർത്തിപ്പിടിക്കുന്നു.

**നാല് ലേബർ കോഡുകൾ ഗവണ്മെന്റ് പ്രാബല്യത്തിൽ വരുത്തി**

നിലവിലുള്ള 29 കേന്ദ്ര തൊഴിൽ നിയമങ്ങളിലെ പ്രധാന വ്യവസ്ഥകളെ ഫലപ്രദമായി സമന്വയിപ്പിക്കുകയും ലളിതമാക്കുകയും യുക്തിസഹമാക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി, നാല് സമഗ്ര തൊഴിൽ കോഡുകൾ കേന്ദ്ര സർക്കാർ കൊണ്ടുവന്നു: വേതന കോഡ് 2019, വ്യവസായ ബന്ധ കോഡ് 2020, സാമൂഹ്യ സുരക്ഷാ കോഡ് 2020, തൊഴിൽ സുരക്ഷ, ആരോഗ്യം, തൊഴിൽ സാഹചര്യങ്ങൾ സംബന്ധിച്ച കോഡ് 2020 എന്നിവ. 2025 നവംബർ 21 മുതൽ ഈ കോഡുകൾ പ്രാബല്യത്തിൽ വന്നു. തൊഴിലാളി ക്ഷേമം ശക്തിപ്പെടുത്തുന്നതിനും, തൊഴിൽ നിയമങ്ങൾ ലളിതവും വ്യക്തവുമാക്കുന്നതിനും, ആധുനിക തൊഴിൽ ലോകത്തിന്റെ ആവശ്യങ്ങൾക്കനുസൃതമായി തൊഴിൽ വ്യവസ്ഥയെ വിന്യസിക്കുന്നതിനുമാണ് ചരിത്രപരമായ ഈ നീക്കത്തിലൂടെ ലക്ഷ്യമിടുന്നത്. ഇതിലൂടെ ഭാവി സജ്ജമായ തൊഴിൽ ശക്തിയും, സൗഹൃദപരവും ശക്തവുമായ വ്യവസായ അന്തരീക്ഷവും സൃഷ്ടിക്കാൻ സാധിക്കും. സ്വാതന്ത്ര്യ പൂർവ്വ കാലഘട്ടത്തിലും സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിന്റെ തുടക്കത്തിലും (1930-1950) നടപ്പിലാക്കിയ പല തൊഴിൽ നിയമങ്ങളും അന്നത്തെ സാമ്പത്തിക സാഹചര്യങ്ങളും തൊഴിൽ വിപണിയും അടിസ്ഥാനമാക്കിയായിരുന്നു രൂപപ്പെട്ടത്. വാസ്തവത്തിൽ, വർത്തമാനകാലത്തിൽ നിന്ന് വളരെ വ്യത്യസ്ത സാഹചര്യമായിരുന്നു അന്ന്.

**ഇ-ശ്രം പോർട്ടൽ: ഒരു ഏകജാലക പരിഹാരം**

2021 ഓഗസ്റ്റ് 26-നാണ് കേന്ദ്ര തൊഴിൽ മന്ത്രാലയം ഇ-ശ്രം പോർട്ടൽ ആരംഭിച്ചത്, ആധാർ പരിശോധനയിലൂടെ ഉറപ്പാക്കിയ അസംഘടിത തൊഴിലാളികളുടെ ദേശീയ ഡാറ്റാബേസ് (എൻ.ഡി.യു.ഡബ്ല്യു) സൃഷ്ടിക്കുന്നതിനായായിരുന്നു ഈ നീക്കം. അസംഘടിത മേഖലയിൽ ജോലിയെടുക്കുന്ന കോടിക്കണക്കിന് തൊഴിലാളികളെ ഔപചാരിക സംവിധാനങ്ങളുടെ പരിധിയിലേക്കു ആനയിക്കുന്നതിലെ നിർണായക ചുവട് വയ്പ്പായി ഇത് മാറി.തുടർന്ന്, 2024 ഒക്ടോബർ 21-ന് ഇ-ശ്രം 'ഏകജാലകം' അവതരിപ്പിച്ച് വിവിധ സാമൂഹിക സുരക്ഷാ, ക്ഷേമ പദ്ധതികളെ ഒരൊറ്റ പ്ലാറ്റ്ഫോമിൽ സംയോജിപ്പിച്ചു. ഇതുവരെ 14 സാമൂഹിക പദ്ധതികൾ ഈ പ്ലാറ്റ്ഫോമുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഇത് ഇ-ശ്രം കാർഡ് ഉടമകൾക്ക് സേവനങ്ങളിലേക്കുള്ള പ്രവേശനം കൂടുതൽ സുഗമമാക്കി..

**പുതിയ പാർലമെന്റ് മന്ദിരം നിർമ്മിച്ച തൊഴിലാളികൾക്ക് ആദരം**

2023 മെയ് 28-ന് പുതിയ പാർലമെന്റ് മന്ദിരം രാജ്യത്തിന് സമർപ്പിക്കുന്നതിനിടെ, പ്രധാനമന്ത്രി നരേന്ദ്ര മോദി നിർമ്മാണപ്രവർത്തനങ്ങളിൽ പങ്കെടുത്ത തൊഴിലാളികളുമായി നേരിട്ട് കൂടിക്കാഴ്ച നടത്തി. ഏകദേശം 60,000 തൊഴിലാളികൾക്ക് പാർലമെന്റ് മന്ദിര നിർമാണം തൊഴിൽ നൽകി. തൊഴിലാളികൾ നൽകിയ സംഭാവനയെ ആദരിക്കുന്നതിനായി 'അവരുടെ പരിശ്രമത്തിന് സമർപ്പണമായി പാർലമെന്റിനകത്ത് ഒരു ഡിജിറ്റൽ ഗാലറി സ്ഥാപിച്ചതിൽ ഞാനേറെ സന്തോഷിക്കുന്നു. ഇത് ആഗോളതലത്തിൽ അപൂർവമായൊരു ഉദ്യമമാണ്' -പ്രധാനമന്ത്രി മോദി പറഞ്ഞു. ഇതിലൂടെ പാർലമെന്റ് മന്ദിരത്തിന്റെ നിർമ്മാണത്തിന് അവർ നൽകിയ സംഭാവനകൾ എക്കാലവും സ്മരിക്കപ്പെടുന്നു.



**"നമ്മുടെ തൊഴിലാളികൾ 'ശ്രമയോഗികൾ' ആണ്. അവരുടെ അധ്വാനം പല പ്രശ്നങ്ങൾക്കും പരിഹാരമായി മാറുന്നതിനൊപ്പം നമ്മുടെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ, നാം അവരെ വീക്ഷിക്കുന്ന രീതിയിൽ അടിസ്ഥാനപരമായ മാറ്റം അനിവാര്യമാണ്. അവരോടുള്ള നമ്മുടെ മനോഭാവം മാറാതെ സമൂഹത്തിൽ അവർ അർഹിക്കുന്ന ആദരം നൽകാൻ നമുക്ക് കഴിയുകയില്ല.'**

*നരേന്ദ്ര മോദി, പ്രധാനമന്ത്രി*

## വിശ്വനാഥ് ധാമിൽ തൊഴിലാളികൾക്ക് പുഷ്പവൃഷ്ടി

2021 ഡിസംബർ 13-ന് വാരണാസിയിൽ ശ്രീ കാശി വിശ്വനാഥ് ധാമിന്റെ ഉദ്ഘാടന വേളയിൽ, പ്രധാനമന്ത്രി നരേന്ദ്ര മോദി നിർമ്മാണ തൊഴിലാളികളുടെ മേൽ പുഷ്പവൃഷ്ടി നടത്തി. തൊഴിലാളികളോടൊപ്പം അദ്ദേഹം ഭക്ഷണം കഴിച്ചു. തന്റെ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു: “ഈ മനോഹരമായ കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണത്തിനായി വിയർപ്പൊഴുക്കിയ ഓരോ തൊഴിലാളിക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. കോവിഡ് -19 മഹാമാരി ഉയർത്തിയ വെല്ലുവിളികൾക്കിടയിലും, യാതൊരുവിധ തടസ്സങ്ങളുമില്ലാതെ ജോലി തുടരുന്നുവെന്ന് അവർ ഉറപ്പാക്കി. ഈ സഹപ്രവർത്തകരെ കാണാനും അവരുടെ ആശീർവാദം സ്വീകരിക്കാനുമുള്ള അവസരം ലഭിച്ചത് എന്നെ സംബന്ധിച്ചിടത്തോളം അഭിമാനകരമാണ്.”



## തൊഴിലാളികൾക്ക് നന്ദി

സേവാ തീർത്ഥവും കർത്തവ്യ ഭവൻ-1, 2 എന്നിവയും ഉദ്ഘാടനം ചെയ്ത 2026 ഫെബ്രുവരി 13-ന്, നിർമ്മാണപ്രവർത്തനങ്ങളിൽ പങ്കെടുത്ത എല്ലാവർക്കും പ്രധാനമന്ത്രി നരേന്ദ്ര മോദി ഹൃദയപൂർവ്വം നന്ദി രേഖപ്പെടുത്തി. ഈ മഹത്തായ പദ്ധതികളുടെ സാക്ഷാത്കാരത്തിന് പിന്നിൽ പ്രവർത്തിച്ച എഞ്ചിനീയർമാരുടെയും തൊഴിലാളികളുടെയും സമർപ്പണത്തെ അദ്ദേഹം പ്രത്യേകം അഭിനന്ദിച്ചു.






## കുംഭമേളയിലെ പാദപൂജ

2019-ൽ കുംഭമേളയിൽ സേവനമനുഷ്ഠിച്ച ശുചീകരണ തൊഴിലാളികളോടുള്ള ബഹുമാനം പ്രകടമാക്കിക്കൊണ്ട്, പ്രധാനമന്ത്രി നരേന്ദ്ര മോദി ശുചീകരണ തൊഴിലാളികളെയും ‘സ്വച്ഛഗ്രഹികളെയും’ പ്രത്യേകം ആദരിച്ചു. അവർ വഹിക്കുന്ന നിർണായക പങ്ക് ഉയർത്തിക്കാട്ടുന്ന തരത്തിൽ, അഞ്ച് ശുചീകരണ തൊഴിലാളികളുടെ കാലുകൾ കഴുകുകയും അവരുമായി വ്യക്തിപരമായി സംവദിക്കുകയും ചെയ്തു.

## നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുമായി പ്രധാനമന്ത്രി മോദി സംവദിച്ചു

2021 സെപ്റ്റംബർ 26-ന് വൈകുന്നേരം പ്രധാനമന്ത്രി നരേന്ദ്ര മോദി പുതിയ പാർലമെന്റ് മന്ദിരത്തിന്റെ നിർമ്മാണസ്ഥലം സന്ദർശിച്ച് പുരോഗതി നേരിട്ട് അവലോകനം ചെയ്തു. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിന്റെ പ്രാധാന്യം അദ്ദേഹം ഊന്നിപ്പറഞ്ഞു. നിർമാണത്തിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികളുമായി സംവദിച്ച അദ്ദേഹം അവരുടെ ക്ഷേമവും തൊഴിൽ സാഹചര്യങ്ങളും സംബന്ധിച്ച വിവരങ്ങൾ തേടി. സുരക്ഷയും ആരോഗ്യവും ഉറപ്പാക്കുന്നതിന്റെ ഭാഗമായി, എല്ലാ തൊഴിലാളികൾക്കും കോവിഡ്-19 പ്രതിരോധ കുത്തിവയ്പ്പ് പൂർണ്ണതോതിൽ നൽകണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. കൂടാതെ, എല്ലാ തൊഴിലാളികൾക്കും പ്രതിമാസ ആരോഗ്യ പരിശോധനകൾ ഉറപ്പാക്കാനും അദ്ദേഹം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കു നിർദേശം നൽകി. നിർമാണം പൂർത്തിയായതിന് ശേഷം, പദ്ധതിയിൽ പങ്കാളികളായ തൊഴിലാളികളുടെ സംഭാവനകളെ ആദരിക്കുന്നതിനായി ഒരു ഡിജിറ്റൽ മ്യൂസിയം സ്ഥാപിക്കണമെന്നും പ്രധാനമന്ത്രി നിർദേശിച്ചു. ഈ മ്യൂസിയത്തിൽ തൊഴിലാളികളുടെ പേരുകൾ, സ്വദേശം, ചിത്രങ്ങൾ, വ്യക്തിഗത വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തുന്നതിലൂടെ അവരുടെ അധ്വാനത്തെ ശാശ്വതമായി രേഖപ്പെടുത്താനാകും. ഈ മഹത്തായ പ്രവർത്തനത്തിൽ പങ്കാളികളായ എല്ലാ തൊഴിലാളികൾക്കും അവരുടെ സംഭാവനയെ അംഗീകരിക്കുന്ന സർട്ടിഫിക്കറ്റുകൾ നൽകണമെന്നും പ്രധാനമന്ത്രി നിർദേശിച്ചു.





## തൊഴിലാളികൾക്ക് 125 തൊഴിൽ ദിനങ്ങൾ ഉറപ്പ് നൽകുന്നു

നിലവിലുള്ള തൊഴിലുറപ്പ് സംവിധാനത്തെ കൂടുതൽ ശക്തിപ്പെടുത്തുകയും വിപുലീകരിക്കുകയും ചെയ്യുന്ന ഒരു സുപ്രധാന നിയമനിർമ്മാണമാണ് ‘വികസിത് ഭാരത് - ഗ്യാരണ്ടി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ) നിയമം, 2025’. ഈ നിയമപ്രകാരം, ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷം, കുറഞ്ഞത് 125 ദിവസത്തെ വേതനത്തോടെയുള്ള തൊഴിൽ നിയമപരമായി ഉറപ്പാക്കുന്നു. മുൻപ് നിലവിലുണ്ടായിരുന്ന 100 ദിവസത്തിൽ നിന്നുള്ള നിർണായക വർദ്ധനയാണിത്. ഇതിലൂടെ ഗ്രാമീണ വരുമാനം ഉയരുകയും ഉപജീവന സുരക്ഷ ശക്തിപ്പെടുകയും ചെയ്യുന്നു. നിശ്ചിത സമയപരിധിക്കുള്ളിൽ തൊഴിൽ നൽകാൻ സാധിക്കാത്ത സാഹചര്യത്തിൽ, തൊഴിൽരഹിത ആനുകൂല്യം നൽകുന്നതിനും നിയമം വ്യവസ്ഥ ചെയ്യുന്നു. ഈ അലവൻസിന്റെ നിരക്കുകൾ വിജ്ഞാപനം ചെയ്ത വേതന നിരക്കുകളുമായി ബന്ധിപ്പിക്കും. ഈ നിയമനിർമ്മാണം കുടുംബങ്ങളുടെ വരുമാന സ്ഥിരത ശക്തിപ്പെടുത്തുന്നു, അതുവഴി ഗ്രാമീണ കുടുംബങ്ങളുടെ ഭക്ഷ്യസുരക്ഷയും ഉപഭോഗ സ്ഥിരതയും ഉറപ്പാക്കുന്നു.

# കുടിയേറ്റ തൊഴിലാളികൾക്ക് ക്ഷേമ പദ്ധതികൾ

*നൈപുണ്യ വികസനം, സാമ്പത്തിക സഹായം, സാമൂഹിക സുരക്ഷ എന്നിവയ്ക്കുള്ള വിപുലമായ അവസരങ്ങൾ ലഭ്യമാക്കുന്നതിലൂടെ തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനായി വിവിധ തൊഴിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. തൊഴിലാളികളെ ശാക്തീകരിക്കുകയും അവരുടെ ഉപജീവന മാർഗങ്ങളെ മെച്ചപ്പെടുത്തുകയും ചെയ്യുന്നതിലൂടെ സുരക്ഷിതവും സ്ഥിരതയാർന്നതുമായ ഭാവി ഉറപ്പാക്കുകയാണ് ഈ നടപടികളുടെ പ്രധാന ലക്ഷ്യം. അത്തരം ചില പദ്ധതികൾ ഇനിപ്പറയുന്നു:*

## പിഎം സ്ട്രീറ്റ് വെൻഡേർസ് ആത്മനിർഭർ നിധി (പിഎം സ്വനിധി)

യാതൊരു ഈടുമില്ലാതെ പ്രവർത്തന മൂലധന വായ്പകൾ ലഭ്യമാക്കുന്നതിലൂടെ വഴിയോരക്കച്ചവടക്കാരുടെ പ്രവർത്തനങ്ങളെ പിന്തുണയ്ക്കുകയാണ് 2020 ജൂൺ 1-ന് ആരംഭിച്ച ഈ പദ്ധതിയുടെ ലക്ഷ്യം. കോവിഡ് -19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സാരമായ നഷ്ടം ബാധിച്ച വ്യാപാര പ്രവർത്തനങ്ങൾ പുനരാരംഭിക്കാനും, ഉപജീവനം പുനഃസ്ഥാപിക്കാനുമാണ് ഈ സംരംഭം രൂപകൽപ്പന ചെയ്തത്.

## ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന

2018 സെപ്റ്റംബർ 23-ന് ആയുഷ്മാൻ ഭാരത് പ്രധാൻമന്ത്രി ജൻ ആരോഗ്യ യോജനയ്ക്ക് (AB PM-JAY) പ്രധാനമന്ത്രി നരേന്ദ്ര മോദി തുടക്കം കുറിച്ചു. ഇന്ത്യയിലെ അതീവ ദുർബലരും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുമായ വിഭാഗങ്ങൾക്ക് ഗുണമേന്മയുള്ള ആരോഗ്യ പരിരക്ഷ ലഭ്യമാക്കുക വഴി സാർവത്രിക ആരോഗ്യ പരിരക്ഷ കൈവരിക്കുകയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

## പ്രധാൻ മന്ത്രി ശ്രം യോഗി മാൻധൻ (PMSYM)

തൊഴിൽ മന്ത്രാലയം 2019 ഫെബ്രുവരി 15-ന് ആരംഭിച്ച ഈ പദ്ധതി, കുടിയേറ്റ തൊഴിലാളികൾ ഉൾപ്പെടെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് കുറഞ്ഞ പെൻഷൻ ഉറപ്പാക്കാൻ ലക്ഷ്യമിടുന്നു. 60 വയസ്സിൽ എത്തുമ്പോഴാണ് പെൻഷൻ ലഭ്യമാക്കുക.

## പ്രധാൻ മന്ത്രി ഗരീബ് കല്യാൺ അന്ന യോജന (PMGKAY)

പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന (PMGKAY) മുഖേന ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുള്ള സർക്കാരിന്റെ പ്രതിബദ്ധത കൂടുതൽ ഊട്ടിയുറപ്പിക്കുന്നു. 2024 ജനുവരി 1 മുതൽ പ്രാബല്യത്തിൽ വന്ന, ഈ പദ്ധതി അടുത്ത അഞ്ച് വർഷത്തേക്ക് കൂടി നീട്ടിയിട്ടുണ്ട്. കുടിയേറ്റ തൊഴിലാളികൾ ഉൾപ്പെടെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുകയാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം.

## തൊഴിലാളി ദിനത്തിന്റെ പ്രാധാന്യം

ലോകമെമ്പാടുമുള്ള കഠിനാധ്വാനികളും സമർപ്പിതരുമായ തൊഴിലാളികളെ ആദരിക്കുകയും അവരുടെ അവകാശങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയും ചെയ്യുന്നതിനായി എല്ലാ വർഷവും മെയ് 1-ന് തൊഴിലാളി ദിനം ആഘോഷിക്കുന്നു. ഇത് കേവലം ഒരു അവധി ദിനമല്ല; തൊഴിലാളി വർഗത്തിന്റെ അശ്രാന്തമായ സംഭാവനകൾക്ക് ശ്രദ്ധാഞ്ജലി അർപ്പിക്കുന്നതിനുള്ള സവിശേഷ അവസരമാണ്. ഈ ദിനം ആചരിക്കുന്നതിലൂടെ, തൊഴിലാളികളുടെ പോരാട്ടങ്ങളെ നാം അനുസ്മരിക്കുകയും തൊഴിലാളികൾക്കിടയിലും പൊതുജനങ്ങൾക്കിടയിലും അവരുടെ അവകാശങ്ങളെക്കുറിച്ചുള്ള അവബോധം വളർത്തുകയും ചെയ്യുന്നു.





# ലോക്സഭ കൈവരിച്ചത് 93% ഉത്പാദനക്ഷമത, രാജ്യസഭ 110%

*പ്രത്യേക പാർലമെന്റ് സമ്മേളനത്തിന്റെ അവസാന ദിവസമായ ഏപ്രിൽ 18 – ന്, ലോക്സഭയും രാജ്യസഭയും അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു. ബജറ്റ് സമ്മേളനത്തിന്റെ സമാപനം പ്രഖ്യാപിച്ച ലോക്സഭാ സ്പീക്കർ ഓം ബിർള സഭാ നടപടികൾ പൂർത്തിയാക്കി. തുടർന്ന് രാജ്യസഭാ ചെയർമാനും ഉപരാഷ്ട്രപതിയുമായ സി.പി. രാധാകൃഷ്ണൻ ഉപരിസഭയുടെ നടപടികളും പൂർത്തിയാക്കി. ബജറ്റ് സമ്മേളനത്തിനിടെ ഇരുസഭകളിലുമായി നിരവധി ബില്ലുകൾ പാസാക്കി. രാജ്യസഭയുടെ ഉത്പാദനക്ഷമത ഏകദേശം 110 ശതമാനത്തിലെത്തിയപ്പോൾ ലോക്സഭയുടെത് 93 ശതമാനമായിരുന്നു.*

## 18-ാം ലോക്സഭയുടെ ഏഴാം സമ്മേളനം അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു

2026 ജനുവരി 28-ന് ആരംഭിച്ച ലോക്സഭയുടെ ഏഴാം സമ്മേളനത്തിൽ ഏകദേശം 151 മണിക്കൂറും 42 മിനിറ്റും നീണ്ടുനിന്ന 31 സിറ്റിങ്ങുകൾ നടന്നു. സമ്മേളനത്തിന്റെ ആദ്യ ദിനം രാഷ്ട്രപതി ദ്രൗപതി മുർമു ഇരുസഭകളിലെയും അംഗങ്ങളെ അഭിസംബോധന ചെയ്തു. തുടർന്ന്, 2026 ഫെബ്രുവരി 1-ന് ധനമന്ത്രി 2026-2027 സാമ്പത്തിക വർഷത്തേക്കുള്ള കേന്ദ്ര ബജറ്റ് സഭയിൽ അവതരിപ്പിച്ചു. ബജറ്റിനെക്കുറിച്ചുള്ള ചർച്ച ഏകദേശം 13 മണിക്കൂർ നീണ്ടുനിന്നു, 63 അംഗങ്ങൾ പങ്കെടുത്തു. 2026 ഫെബ്രുവരി 11-ന് ധനമന്ത്രി ചർച്ചയ്ക്ക് മറുപടി നൽകി. തുടർന്ന്, 2026 മാർച്ച് 25-ന് ധനകാര്യ ബിൽ സഭ പാസാക്കി.

- എല്ലാ അംഗങ്ങളുടെയും സഹകരണത്തോടെ ലോക്സഭയുടെ നടപ്പ് സമ്മേളനത്തിന്റെ ഉത്പാദനക്ഷമത ഏകദേശം 93 ശതമാനമായി ഉയർന്നു. ഈ സമ്മേളനത്തിനിടെ 12 ഗവണ്മെന്റ് ബില്ലുകൾ അവതരിപ്പിക്കപ്പെടുകയും, അവയിൽ 9 ബില്ലുകൾ പാസാക്കപ്പെടുകയും ചെയ്തു.
- ഭരണഘടന (131-ാം ഭേദഗതി) ബിൽ, 2026; കേന്ദ്രഭരണ പ്രദേശ നിയമ (ഭേദഗതി) ബിൽ, 2026; മണ്ഡല പുനർനിർണ്ണയ ബിൽ, 2026 എന്നിവയെക്കുറിച്ച്, 2026 ഏപ്രിൽ 16, 17 തീയ്യതികളിലായി, സഭയിൽ വിപുലമായ ചർച്ചകൾ നടന്നു. ചർച്ചകൾ ഏകദേശം 21 മണിക്കൂറും 27 മിനിറ്റും നീണ്ടുനിന്നു, 131 അംഗങ്ങൾ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു.
- 2026 മാർച്ച് 23 ന്, പശ്ചിമേഷ്യൻ സംഘർഷത്തെക്കുറിച്ചും ഇന്ത്യ നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രസ്താവന നടത്തി.
- 2026 മാർച്ച് 30-ന്, 'രാജ്യത്തെ ഇടതുപക്ഷ തീവ്രവാദത്തിൽ നിന്ന് മോചിപ്പിക്കാനുള്ള ഉദ്യമങ്ങൾ'എന്ന വിഷയത്തിൽ ചട്ടം 193 പ്രകാരം ഒരു ഹ്രസ്വ ചർച്ച നടന്നു.



## രാജ്യസഭയുടെ 270-ാമത് സമ്മേളനത്തോടെ പാർലമെന്റിന്റെ ബജറ്റ് സമ്മേളനം സമാപിച്ചു

രാജ്യസഭയുടെ 270-ാമത് സമ്മേളനത്തോടെ പാർലമെന്റിന്റെ ബജറ്റ് സമ്മേളനം സമാപിച്ചു. ഈ സമ്മേളനത്തിൽ അംഗീകരിക്കപ്പെട്ട ബജറ്റ് വിഹിതങ്ങൾ, നയങ്ങൾ, മുൻഗണനകൾ എന്നിവ ഇന്ത്യയിലെ ഓരോ പൗരന്റെയും ജീവിതത്തിൽ പ്രത്യക്ഷ സ്വാധീനം ചെലുത്താൻ പോന്നവയാണ്. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ പ്രസംഗത്തിന്മേലുള്ള, നാല് ദിവസം നീണ്ടുനിന്ന നന്ദി പ്രമേയ ചർച്ചയോടെയാണ് സമ്മേളനം ആരംഭിച്ചത്. രാഷ്ട്രപതിയുടെ പ്രസംഗത്തിന്മേലുള്ള ചർച്ചയിൽ 79 അംഗങ്ങൾ പങ്കെടുത്തു. നന്ദി പ്രമേയത്തിന് നൽകിയ മറുപടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി എംപിമാർ ഉയർത്തിയ വിഷയങ്ങളിന്മേൽ വിശദീകരണം നൽകി.

- നാല് ദിവസം നീണ്ടുനിന്ന ചർച്ചയിൽ ആകെ 97 അംഗങ്ങൾ പങ്കെടുത്തു. കൂടാതെ, സർക്കാരിന്റെ രണ്ട് പ്രധാന മന്ത്രാലയങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് സഭ വിപുലമായ ചർച്ചകളിൽ ഏർപ്പെട്ടു.
- ഇന്ത്യ-യുഎസ് ഉഭയകക്ഷി വ്യാപാര കരാറിനെക്കുറിച്ച് വാണിജ്യ വ്യവസായ മന്ത്രിയും പശ്ചിമേഷ്യയിലെ സ്ഥിതിഗതികളെക്കുറിച്ച് വിദേശകാര്യ മന്ത്രിയും സ്വമേധയാ നടത്തിയ പ്രസ്താവനകൾ സഭയുടെ ശ്രദ്ധയിൽ വന്നു.
- പശ്ചിമേഷ്യയിൽ നിലനിൽക്കുന്ന സംഘർഷത്തെയും ഇന്ത്യ നേരിടുന്ന വെല്ലുവിളികളെയും സംബന്ധിച്ച്- രാജ്യത്തിന്റെ ഊർജ്ജ ആവശ്യങ്ങൾ നിറവേറ്റുന്നതുൾപ്പെടെ- പ്രധാനമന്ത്രി മോദി ഒരു പ്രസ്താവന നടത്തി.
- സമ്മേളനവേളയിൽ 50 അംഗങ്ങളുടെ സ്വകാര്യ ബില്ലുകൾ അവതരിപ്പിക്കപ്പെട്ടു.
- ആകെ 157 മണിക്കൂറും 40 മിനിറ്റും സഭ പ്രവർത്തിച്ചു, 109.87% ഉത്പാദനക്ഷമത നില കൈവരിച്ചു.









# വിശ്വാസ്യതാധിഷ്ഠിത സംവിധാനത്തെ ശക്തിപ്പെടുത്തുന്ന ബിൽ

*ജൻ വിശ്വാസ് (വ്യവസ്ഥാ ഭേദഗതി) ബിൽ 2026, ലോക്സഭയും രാജ്യസഭയും അംഗീകരിച്ചു. 23 മന്ത്രാലയങ്ങളുമായി ബന്ധപ്പെട്ട 79 കേന്ദ്ര നിയമങ്ങളിലെ 784 വ്യവസ്ഥകൾ ഇതിലൂടെ ഭേദഗതി ചെയ്യപ്പെടുന്നു. ജീവിതവും ബിസിനസ് പ്രവർത്തനങ്ങളും സുഗമമാക്കാനാണ് ഈ നിയമ നിർമ്മാണം ലക്ഷ്യമിടുന്നത്. 717 വ്യവസ്ഥകൾ ക്രിമിനൽ കുറ്റമല്ലാതാക്കുന്നതിലൂടെ 'ബിസിനസ് സുഗമമാക്കാൻ' ഇതിലൂടെ ശ്രമിക്കുന്നു. 'ജീവിതം സുഗമമാക്കാൻ' ഉദ്ദേശിച്ചുള്ളതാണ് ശേഷിക്കുന്ന 67 വ്യവസ്ഥകളിലെ ഭേദഗതികൾ. ഈ സംരംഭം സന്തുലിതവും വിശ്വാസ്യതാധിഷ്ഠിതവുമായ ഒരു നിയന്ത്രണ ആവാസവ്യവസ്ഥയെ വളർത്തിയെടുക്കും. വ്യക്തികളുടെയും ബിസിനസുകളുടെയും അനുവർത്തന ഭാരം കുറയ്ക്കുന്നതിനായി ചെറിയ കുറ്റകൃത്യങ്ങളെ, കുറ്റകൃത്യങ്ങളുടെ ഗണത്തിൽ നിന്ന് ഒഴിവാക്കാനും നിലവിലുള്ള നിയമ വ്യവസ്ഥകൾ യുക്തിസഹമാക്കാനുമുള്ള ഒരു ഉദ്യമമാണിത്.*

### ബില്ലിന്റെ 4 പ്രധാന സ്തംഭങ്ങൾ

വ്യക്തികൾക്കും വ്യാപാരത്തിനും നിയമം ലളിതമാക്കുന്നതിനൊപ്പം അനുവർത്തനത്തെ പ്രോത്സാഹിപ്പിക്കുന്ന ഒരു നിയന്ത്രണ ചട്ടക്കൂട് സൃഷ്ടിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെയാണ് നാല് പ്രധാന സ്തംഭങ്ങളിൽ അധിഷ്ഠിതമായ ഈ ബിൽ നടപ്പിലാക്കിയിരിക്കുന്നത്.

- പിഴ ഈടാക്കും മുമ്പുള്ള മുന്നറിയിപ്പ്.
- ആനുപാതികമായ പിഴകൾ.
- വേഗതയാർന്നതും നീതിയുക്തവുമായ വിധിനിർണ്ണയം.
- ചലനാത്മകമായ പിഴ ചട്ടക്കൂട്.



### ചെറിയ ലംഘനങ്ങൾക്കോ നടപടിക്രമ ലംഘനങ്ങൾക്കോ ഇനി ക്രിമിനൽ ശിക്ഷകൾ ഇല്ല

ജൻ വിശ്വാസ് (വ്യവസ്ഥാ ഭേദഗതി) ബിൽ 2026, ക്രിമിനൽ വ്യവസ്ഥകളെ കൂടുതൽ വിവേകപൂർണ്ണവും പൗര സൗഹൃദവും അനുവർത്തന-ലളിതവുമായ ഒരു ചട്ടക്കൂടാക്കി മാറ്റി, അനാവശ്യമായ നിയമ നടപടികളിൽ നിന്ന് പൊതുജനങ്ങൾക്ക് ആശ്വാസം പകരുന്നു.

- 317 വ്യവസ്ഥകൾ, പിഴ സിവിൽ പിഴയായി മാറ്റി
- 158 വ്യവസ്ഥകൾ, പിഴ പൂർണ്ണമായും ഒഴിവാക്കി
- 113 വ്യവസ്ഥകൾ, ജയിൽ ശിക്ഷയും പിഴയും സിവിൽ പിഴയായി മാറ്റി
- 57 വ്യവസ്ഥകൾ, ജയിൽ ശിക്ഷയും പിഴയും ഒഴിവാക്കി
- ആദ്യ തവണ വീഴ്ച വരുത്തിയാൽ മുന്നറിയിപ്പ്/അറിയിപ്പ് നൽകുന്നതിനുള്ള 63 വ്യവസ്ഥകൾ
- 17 വ്യവസ്ഥകൾ, ജയിൽ ശിക്ഷയിൽ കുറവ് വരുത്തി
- 17 വ്യവസ്ഥകൾക്കായി, കുറ്റകൃത്യങ്ങൾ പരിഹരിക്കാൻ അനുവദിക്കുന്ന ഒരു സംവിധാനം അവതരിപ്പിച്ചിട്ടുണ്ട്.
- 29 വ്യവസ്ഥകൾ, തടവ് ശിക്ഷ ഒഴിവാക്കി
- 2 വ്യവസ്ഥകൾ, തടവ് ശിക്ഷ സിവിൽ പിഴയായി മാറ്റി
- 1 വ്യവസ്ഥ, തടവിന്റെ സ്വഭാവം യുക്തിസഹമാക്കി
- 6 വ്യവസ്ഥകൾ, കുറ്റകൃത്യങ്ങളുടെ വ്യാപ്തി പരിമിതപ്പെടുത്തി

### ലോക്സഭയിൽ പാസാക്കിയ ചില പ്രധാന ബില്ലുകൾ

ബജറ്റ് സമ്മേളനത്തിൽ, ലോക്സഭയിൽ 12 ഗവൺമെന്റ് ബില്ലുകൾ അവതരിപ്പിക്കുകയും 9 ബില്ലുകൾ പാസാക്കുകയും ചെയ്തു. പാസാക്കിയ ചില പ്രധാന ബില്ലുകൾ ഇനിപ്പറയുന്നു:

1. വ്യവസായ ബന്ധ കോഡ് (ഭേദഗതി) ബിൽ, 2026
2. ഭിന്നലിംഗ വ്യക്തികൾ (അവകാശ സംരക്ഷണം) ഭേദഗതി ബിൽ, 2026
3. ധനകാര്യ ബിൽ, 2026
4. പാപ്പരത്ത നിയമ (ഭേദഗതി) ബിൽ, 2026
5. ആന്ധ്രാപ്രദേശ് പുനഃസംഘടന (ഭേദഗതി) ബിൽ, 2026
6. ജൻ വിശ്വാസ് (വ്യവസ്ഥാ ഭേദഗതി) ബിൽ, 2026
7. കേന്ദ്ര സായുധ പോലീസ് സേന (പൊതുഭരണം) ബിൽ, 2026

### രാജ്യസഭാ ഉപാധ്യക്ഷനായി ഹരിവംശിനെ തിരഞ്ഞെടുത്തു

നടപ്പ് സമ്മേളനത്തിൽ, ഹരിവംശിനെ മൂന്നാം തവണയും രാജ്യസഭാ ഉപാധ്യക്ഷനായി തിരഞ്ഞെടുത്തു. ഏപ്രിൽ 17 ന് രാജ്യസഭയെ അഭിസംബോധന ചെയ്യവേ, തുടർച്ചയായ മൂന്നാം തവണയും രാജ്യസഭാ ഉപാധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടതിന് പ്രധാനമന്ത്രി മോദി ഹരിവംശിനെ ഹൃദയംഗമമായ അഭിനന്ദനങ്ങൾ അറിയിച്ചു. ഹരിവംശിലുള്ള സഭയുടെ ഉറച്ച വിശ്വാസത്തെയും അദ്ദേഹത്തിന്റെ വിലമതിക്കാനാവാത്ത അനുഭവജ്ഞാനത്തെയും ഇത് പ്രതിഫലിപ്പിക്കുന്നുവെന്ന് പ്രസ്തുത ചരിത്രനേട്ടത്തെക്കുറിച്ച് പരാമർശിക്കവേ, പ്രധാനമന്ത്രി പറഞ്ഞു. അനുഭവജ്ഞാനത്തിനും എല്ലാവരെയും ഉൾക്കൊള്ളുന്ന സമീപനത്തിനും മാന്യമായ പ്രവർത്തന ശൈലിക്കും സഭ നൽകുന്ന അംഗീകാരമാണ് തുടർച്ചയായ മൂന്നാം തവണയും അദ്ദേഹം തിരഞ്ഞെടുക്കപ്പെടുന്നതിലൂടെ വ്യക്തമാകുന്നത്.

### കേന്ദ്ര സായുധ പോലീസ് സേന (പൊതുഭരണം) ബിൽ 2026, പാർലമെന്റ് ശബ്ദവോട്ടോടെ പാസാക്കി

കേന്ദ്ര സായുധ പോലീസ് സേന (പൊതുഭരണം) ബിൽ 2026, ഏപ്രിൽ 2 ന് ലോക്സഭ ശബ്ദവോട്ടോടെ പാസാക്കി. രാജ്യസഭ നേരത്തെ ഈ ബിൽ പാസാക്കിയിരുന്നു. സിഎപിഎഫിലെ ഇൻസ്പെക്ടർ ജനറൽ റാങ്കിലുള്ള 50 ശതമാനം തസ്തികകളും അഡീഷണൽ ഡയറക്ടർ ജനറൽ റാങ്കിലുള്ള 67 ശതമാനം തസ്തികകളും ഡെപ്യൂട്ടേഷൻ മുഖേന നികത്തണമെന്ന് ബിൽ വ്യവസ്ഥ ചെയ്യുന്നു. കൂടാതെ, സ്പെഷ്യൽ ഡയറക്ടർ ജനറൽ, ഡയറക്ടർ ജനറൽ റാങ്കിലുള്ള എല്ലാ തസ്തികകളും ഡെപ്യൂട്ടേഷൻ വഴി മാത്രമായി നികത്തും. ഗ്രൂപ്പ് 'എ' ജനറൽ ഡ്യൂട്ടി ഓഫീസർമാരുടെയും കേന്ദ്ര സായുധ പോലീസ് സേനയിലെ മറ്റ് ഉദ്യോഗസ്ഥരുടെയും നിയമനവും സേവന വ്യവസ്ഥകളും നിയന്ത്രിക്കുന്ന പൊതു നിയമങ്ങൾ കൊണ്ടുവരിക എന്നതാണ് ഈ ബില്ലിന്റെ ലക്ഷ്യം..

# കർണാടക: ദാർശനികമായും സാങ്കേതികമായും സമ്പന്നം

*ദാർശനികതയിലും സാങ്കേതികതയിലും സമ്പന്നമായ കർണാടകയുടെ സ്വത്വം ലോകപ്രസിദ്ധമാണ്. ദാർശനികതയുടെ ആഴവും സാങ്കേതികവിദ്യയുടെ ശക്തിയും ഇവിടെ സമ്മേളിക്കുന്നു. ഈ സമ്പന്നമായ പൈതൃകത്തിൽ, കർണാടകയിലെ ശ്രീ ആദിചുഞ്ചനഗിരി മഹാസംസ്ഥാന മഠം നമ്മുടെ മഹത്തായ ആത്മീയ പാരമ്പര്യങ്ങളുടെ ശാശ്വത പ്രതീകമായി നിലകൊള്ളുന്നു. മഠത്തിന്റെ സാമൂഹ്യ സേവന സംരംഭങ്ങൾ അങ്ങേയറ്റം പ്രചോദനാത്മകമാണ്. ഏപ്രിൽ 15 ന്, പ്രധാനമന്ത്രി നരേന്ദ്ര മോദി കർണാടക, മാണ്ഡ്യയിലെ ഈ മഠത്തിൽ സ്ഥിതി ചെയ്യുന്ന ശ്രീ ഗുരു ഭൈരവൈക്യ മന്ദിരം ഉദ്ഘാടനം ചെയ്തു. ഇതിനുമുമ്പ്, അദ്ദേഹം ജ്വാല പീഠത്തിൽ ഒരു സമ്മേളനത്തെ അഭിസംബോധന ചെയ്യുകയും ശ്രീ കാലഭൈരവ ക്ഷേത്രത്തിൽ പ്രാർത്ഥനകൾ നടത്തുകയും ചെയ്തു...*

ആയിരക്കണക്കിന് വർഷങ്ങളായി നിലനിൽക്കുന്ന ഒരു ജീവസ്സുറ്റ സംസ്കാരമാണ് ഇന്ത്യ. ഇത്രയും നീണ്ട കാലയളവിൽ സാംസ്കാരിക പാരമ്പര്യം നൈരന്തര്യത്തോടെ പരിണമിക്കുകയും അഭിവൃദ്ധി പ്രാപിക്കുകയും ചെയ്തതിന് ലോകത്ത് വളരെ കുറച്ച് ഉദാഹരണങ്ങളേ ഉള്ളൂ. ശ്രീ ആദിചുഞ്ചനഗിരി മഹാസംസ്ഥാന മഠത്തിലേക്ക് കണ്ണോടിക്കുമ്പോൾ, ഈ നൈരന്തര്യത്തിന്റെ മൂർത്തീഭാവം ദർശിക്കാൻ കഴിയും. കാലാകാലങ്ങളിൽ, മഹദ് വ്യക്തിത്വങ്ങൾ സമൂഹത്തിൽ ഉയർന്നുവന്നിട്ടുണ്ട് - ആത്മീയ മാർഗനിർദേശം നൽകുന്നതിൽ മാത്രം ശ്രദ്ധ ചെലുത്തിയ വ്യക്തികളല്ല അവർ. ജഗദ്ഗുരു ശ്രീ ശ്രീ ശ്രീ ഡോ. ബാലഗംഗാധരനാഥ മഹാസ്വാമിജി അത്തരമൊരു ദിവ്യ പ്രകാശമായിരുന്നു.

> ശ്രീ ഗുരു ഭൈരവൈക്യ മന്ദിരം നിർമ്മിക്കുന്നത് ഗുരുവിനെ ആദരിക്കുന്നതിനായി കേവലം ഒരു ഭൗതിക ഘടന നിർമ്മിക്കുകയെന്നതിലുപരി, അർത്ഥവത്തായ ഒരു വികാരത്തിന് മൂർത്തമായ രൂപം നൽകുന്നതിനെ പ്രതിനിധീകരിക്കുന്നു. വരും കാലങ്ങളിൽ, ഈ സ്ഥലം സേവനം, ആത്മീയ പരിശീലനം, പ്രചോദനം എന്നിവയ്ക്കുള്ള ഒരു ഊർജ്ജസ്വലമായ കേന്ദ്രമായി വളരുമെന്ന് എനിക്ക് ഉറപ്പുണ്ട്.
>
> *നരേന്ദ്ര മോദി, പ്രധാനമന്ത്രി*



### വികസിത കർണാടകയ്ക്കും വികസിത ഇന്ത്യക്കും വേണ്ടി
### പ്രധാനമന്ത്രി മോദി മുന്നോട്ട് വച്ച ഒമ്പത് പ്രതിജ്ഞകൾ

1. **ജലസംരക്ഷണം:** ജലസംരക്ഷണത്തിനും ജലപരിപാലനത്തിനും മുൻഗണന നൽകുക.
2. **വൃക്ഷത്തൈ നടീൽ:** ഭൂമിയെ സംരക്ഷിക്കുന്നതിനുള്ള 'ഏക് പേഡ് മാ കേ നാം' പ്രചാരണത്തിൽ പങ്കെടുക്കുക.
3. **ശുചിത്വം:** പൊതുസ്ഥലങ്ങളിലും ആത്മീയകേന്ദ്രങ്ങളിലും ഗ്രാമങ്ങളിലും നഗരങ്ങളിലും ശുചിത്വം നിലനിർത്തുക.
4. **സ്വദേശി:** ഇന്ത്യൻ ഉത്പന്നങ്ങൾ സ്വീകരിക്കുക, 'വോക്കൽ ഫോർ ലോക്കൽ' എന്ന മന്ത്രം സ്വീകരിക്കുക
5. **ആഭ്യന്തര വിനോദസഞ്ചാരം:** ഇന്ത്യയിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
6. **പ്രകൃതിദത്ത കൃഷി:** മണ്ണിന്റെ ആരോഗ്യത്തിനായി രാസവസ്തുക്കൾ ഉപയോഗിക്കാത്ത കൃഷിരീതികൾ സ്വീകരിക്കുക.
7. **പോഷകസമൃദ്ധമായ ഭക്ഷണം:** തിനയും റാഗിയും ഉൾപ്പെടെ, ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ പ്രോത്സാഹിപ്പിക്കുക. പൊണ്ണത്തടി ഉയർത്തുന്ന വെല്ലുവിളികൾ നേരിടാൻ, ഭക്ഷണത്തിലെ എണ്ണയുടെ അളവ് 10% കുറയ്ക്കാൻ ശ്രമിക്കുക.
8. **കായികക്ഷമതയും ശാരീരികക്ഷമതയും:** ദൈനംദിന ജീവിതത്തിന്റെ ഭാഗമാക്കുക.
9. **സാമൂഹ്യ സേവനം:** ആലംബഹീനരെ സേവിക്കുന്നത് സമൂഹത്തെ ശക്തിപ്പെടുത്തുകയും ജീവിതത്തിന് ലക്ഷ്യബോധം നൽകുകയും ചെയ്യുന്നു.

### ദേശീയ പക്ഷിയായ മയിലുമായി പ്രധാനമന്ത്രി മോദിയുടെ ആത്മബന്ധം

ജഗദ്ഗുരു ശ്രീ ശ്രീ ശ്രീ ഡോ. ബാലഗംഗാധരനാഥ മഹാസ്വാമിജിയുടെ കാരുണ്യം മനുഷ്യരിൽ മാത്രം ഒതുങ്ങി നിന്നിരുന്നില്ല, അത് എല്ലാ ജീവജാലങ്ങളിലേക്കും വ്യാപിച്ചിരുന്നുവെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. മയിലുകളുടെ സംരക്ഷണത്തിനായി സമർപ്പിച്ചിരിക്കുന്ന ഒരു സാമൂഹിക പ്രസ്ഥാനത്തിന് അദ്ദേഹം നേതൃത്വം നൽകി. മയിൽ നമ്മുടെ ദേശീയ പക്ഷിയാണ്, അത് സുബ്രഹ്മണ്യ ഭഗവാന്റെ ദിവ്യ വാഹനമായി വർത്തിക്കുന്നു. തന്റെ ഔദ്യോഗിക വസതി നിരവധി മയിലുകളുടെ ആവാസ കേന്ദ്രമാണെന്നും അവയിൽ പലതുമായി അടുത്ത സൗഹൃദബന്ധം സ്ഥാപിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. സൗമ്യതയും മനോഹാരിതയും സമ്മേളിക്കുന്ന ഒരു പക്ഷിയാണ് മയിൽ.

*പ്രധാനമന്ത്രിയുടെ പരിപാടി പൂർണമായി കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക*



# പാകിസ്ഥാൻ സൈന്യത്തെ ഭയചകിതരാക്കി, പിന്തിരിഞ്ഞോടാൻ നിർബന്ധിതരാക്കി

ജനനം: മെയ് 5, 1937 | മരണം: ഡിസംബർ 6, 1998

*1971-ലെ ഇന്തോ-പാക് യുദ്ധത്തിൽ, മേജർ ഹോഷിയാർ സിംഗ് അചഞ്ചലമായ ധൈര്യം പ്രകടമാക്കി ശത്രുവിനെ ഞെട്ടിച്ചു. ശത്രുക്കൾ നാലുപാടും വളഞ്ഞിട്ടും കനത്ത വെടിവയ്പ്പിനെയും ടാങ്കുകളെയും നേരിടേണ്ടി വന്നിട്ടും തന്റെ സൈനിക പോസ്റ്റ് ഉപേക്ഷിക്കാൻ അദ്ദേഹം വിസമ്മതിച്ചു. ഗുരുതരമായ പരിക്കുകൾ ഏറ്റ ശേഷവും അദ്ദേഹം സഹസൈനികരുടെ മനോവീര്യം ഉയർത്തി. അദ്ദേഹത്തിന്റെ ധൈര്യം ശത്രുക്കളെ പലായനം ചെയ്യാൻ നിർബന്ധിതരാക്കി. ശത്രുവിന് കനത്ത പരാജയം ഏൽപ്പിച്ചത് കണക്കിലെടുത്ത് രാജ്യം പരം വീർ ചക്ര നൽകി ആദരിച്ച മേജർ ഹോഷിയാർ സിംഗിന്റെ വീരഗാഥകൾ യുവാക്കളെ സംബന്ധിച്ചിടത്തോളം രാജ്യത്തെ സേവിക്കാനുള്ള പ്രചോദനത്തിന്റെ ഉറവിടമായി എക്കാലവും നിലകൊള്ളും.*

ധീരന്മാർക്ക് ഒരിക്കലേ മരണമുള്ളൂ, നിങ്ങൾ തീർച്ചയായും യുദ്ധം ചെയ്യണം; നിശ്ചയമായും വിജയം നേടണം. ബസന്തറിൽ ശത്രുവിനെ നിലംപരിശാക്കാൻ മുൻനിരയിൽ നിന്ന് പോരാടിയ സൈനികരെ പ്രചോദിപ്പിക്കാൻ മേജർ ഹോഷിയാർ സിംഗ് പറഞ്ഞ വാക്കുകളാണിത്. 1937 മെയ് 5 ന് ഹരിയാനയിൽ ജനിച്ച ഹോഷിയാർ സിംഗ് കുട്ടിക്കാലം മുതൽ അച്ചടക്കവും ദൃഢനിശ്ചയവും പ്രകടമാക്കി. അക്കാദമിക് രംഗത്ത് മികവ് പുലർത്തിയതിനു പുറമേ, കായികരംഗത്തും അത്‌ലറ്റിക്സിലും അദ്ദേഹം മികച്ചുനിന്നു. 1957 ൽ, ഹോഷിയാർ സിംഗ് ജാട്ട് റെജിമെന്റിൽ ചേർന്നു, പിന്നീട്, മൂന്നാം ഗ്രനേഡിയേഴ്സിൽ ഓഫീസറായി നിയമിതനായി.

1971-ലെ ഇന്തോ-പാക് യുദ്ധകാലത്ത്, ബസന്തർ നദിയുടെ ഇരു കരകളിലും വൻതോതിൽ മൈനുകൾ കുഴിച്ചിട്ടിരുന്ന ഒരു പ്രദേശത്തിന് കുറുകെ ഒരു പാലം നിർമ്മിക്കാനുള്ള ചുമതല മൂന്നാം ഗ്രനേഡിയേഴ്‌സ് ബറ്റാലിയനെ ഏൽപ്പിച്ചു. തുടർന്ന്, അദ്ദേഹത്തിന്റെ കമ്പനിയോട് പാലം കടന്ന് ജർപാൽ സൈനിക ശക്തികേന്ദ്രം പിടിച്ചെടുക്കാൻ നിർദ്ദേശിച്ചു. 1971 ഡിസംബർ 15-ന്, ഗ്രനേഡിയേഴ്സിന്റെ ഒരു കമ്പനിയെ നയിച്ച മേജർ ഹോഷിയാർ സിംഗ്, ശത്രുവിന്റെ കനത്ത വെടിവയ്പ്പിനിടയിലും പിന്മാറാതെ ആക്രമണം നടത്തി.

കഠിനമായ പോരാട്ടത്തിനൊടുവിൽ, ലക്ഷ്യം നേടിയെടുക്കുന്നതിൽ അദ്ദേഹം വിജയിച്ചു. ഡിസംബർ 16 ന് ശത്രുക്കൾ മൂന്ന് പ്രത്യാക്രമണങ്ങൾ നടത്തി, കനത്ത ഷെല്ലാക്രമണവും ടാങ്കുകൾ ഉപയോഗിച്ചുള്ള വെടിവയ്പ്പും നേരിടേണ്ടി വന്നിട്ടും, ഉറച്ചുനിൽക്കാനും ശത്രുവിനെ നേരിടാനും അദ്ദേഹം തന്റെ സൈനികരെ പ്രേരിപ്പിച്ചു. അദ്ദേഹത്തിന്റെ നേതൃത്വവും ധൈര്യവും എല്ലാ ആക്രമണങ്ങളെയും ചെറുത്തു തോൽപ്പിക്കാൻ സ്വന്തം കമ്പനിയെ പ്രേരിപ്പിച്ചു, ഇത് ശത്രുവിന് കാര്യമായ നഷ്ടങ്ങൾ ഏൽപ്പിച്ചു. ഡിസംബർ 17 ന്, പീരങ്കികളുടെ പിന്തുണയോടെ ശത്രുക്കൾ വീണ്ടും കനത്ത ആക്രമണം നടത്തി. ഷെല്ലിങ്ങിൽ ഗുരുതരമായി പരിക്കേറ്റെങ്കിലും, ഹോഷിയാർ സിംഗ് സ്വന്തം സുരക്ഷ അവഗണിച്ചു, സഹ സൈനികരുടെ മനോവീര്യം വർദ്ധിപ്പിക്കുന്നതിനായി ഒരു ട്രെഞ്ചിൽ നിന്ന് മറ്റൊരു ട്രെഞ്ചിലേക്ക് മാറി മാറി സഞ്ചരിച്ചു. ഒരു ശത്രു ഷെൽ ഒരു മീഡിയം മെഷീൻ ഗൺ (എംഎംജി) ഓപ്പറേറ്ററെ മുറിവേൽപ്പിച്ചപ്പോൾ, അദ്ദേഹം ആയുധത്തിന്റെ നിയന്ത്രണം ഏറ്റെടുക്കുകയും ശത്രുവിന് കനത്ത നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്തു. അദ്ദേഹത്തിന്റെ സമയോചിതമായ ഇടപെടൽ ശത്രുവിന്റെ ആക്രമണത്തെ പരാജയപ്പെടുത്തി, ശത്രുവിനെ പിൻവാങ്ങാൻ നിർബന്ധിതരാക്കി.

ശത്രുക്കൾ പലായനം ചെയ്തു, അവരുടെ കമാൻഡിംഗ് ഓഫീസർ ഉൾപ്പെടെ 85 സൈനികർ മരിച്ചു. ഗുരുതരമായി പരിക്കേറ്റിട്ടും, മേജർ ഹോഷിയാർ സിംഗ് വെടിനിർത്തൽ പ്രാബല്യത്തിൽ വരുന്നതുവരെ തന്റെ പോസ്റ്റ് ഉപേക്ഷിക്കാൻ വിസമ്മതിച്ചു. ഇന്ത്യൻ സൈന്യത്തിന്റെ ഉജ്ജ്വല പാരമ്പര്യം ഉയർത്തിപ്പിടിച്ച അദ്ദേഹത്തിന്റെ ശ്രദ്ധേയമായ ധീരത, അചഞ്ചലമായ ദൃഢനിശ്ചയം, ധീരമായ നേതൃത്വം എന്നിവയ്ക്ക്, പരമവീര ചക്രം നൽകി രാഷ്ട്രം ആദരിച്ചു.1998 ഡിസംബർ 6 ന് അദ്ദേഹം അന്തരിച്ചു. 2023 ജനുവരി 23 ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ആൻഡമാൻ നിക്കോബാർ ദ്വീപുകളിലെ 21 ദ്വീപുകൾക്ക് 21 പരം വീർ ചക്ര ജേതാക്കളുടെ പേര് നൽകി. ഈ ദ്വീപുകളിലൊന്ന് പരം വീർ ചക്ര ജേതാവായ മേജർ ഹോഷിയാർ സിംഗിനായി സമർപ്പിച്ചിരിക്കുന്നു.

**ബോർഡർ റോഡ്സ് ഓർഗനൈസേഷൻ** 67–ാമത് സ്ഥാപക ദിനം (മെയ് 7, 2026)

# രാഷ്ട്രത്തെ നിർമ്മിക്കുന്നു റോഡുകളുടെ ശൃംഖലയിലൂടെ

*ഹിമാലയത്തിലെ ഹിമാനികൾ മുതൽ നദീതടങ്ങൾ വരെയും, ചുട്ടുപൊള്ളുന്ന മരുഭൂമികൾ മുതൽ ദുർഘടമായ ഭൂപ്രദേശങ്ങൾ വരെയും, ബോർഡർ റോഡ്സ് ഓർഗനൈസേഷന്റെ ധീരതയുടെ ശാശ്വതമുദ്ര എല്ലായിടത്തും പ്രകടമാണ്. അതിർത്തികളിൽ വിന്യസിച്ചിരിക്കുന്ന സൈനികരെ സംബന്ധിച്ചിടത്തോളം, ബിആർഒ നിർമ്മിച്ച റോഡുകൾ ഏറെ തന്ത്രപ്രാധാന്യമുള്ളതാണ്; വിദൂര താഴ്വരകളിൽ താമസിക്കുന്ന ഗ്രാമീണർക്ക്, അവ പ്രതീക്ഷയുടെ പാലമായി വർത്തിക്കുന്നു. 1960 മെയ് 7 ന് സ്ഥാപിതമായ ബിആർഒ, 'ശ്രമേണ സർവം സാധ്യം' എന്ന പ്രചോദനാത്മകമായ മുദ്രാവാക്യത്തിലൂന്നിയാണ് പ്രവർത്തിക്കുന്നത്– അതായത് 'കഠിനാധ്വാനത്തിലൂടെ എല്ലാം നേടാനാകും' എന്നർത്ഥം...*

ഇന്ത്യയുടെ അതിർത്തി പ്രദേശങ്ങളിലും അയൽപക്കത്തെ സുഹൃദ് രാജ്യങ്ങളിലും ബിആർഒ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ:

**64,100** കിലോമീറ്റർ റോഡുകൾ നിർമ്മിച്ചു

**1,179** പാലങ്ങൾ നിർമ്മിച്ചു

**7** തുരങ്ക പാതകളും 22 വ്യോമതാവളങ്ങളും നിർമ്മിച്ചു

- ഭൂട്ടാൻ, മ്യാൻമർ, അഫ്ഗാനിസ്ഥാൻ, താജിക്കിസ്ഥാൻ എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിലൂടെ പ്രാദേശിക കണക്റ്റിവിറ്റിയും തന്ത്രപരമായ പങ്കാളിത്തവും ശക്തിപ്പെടുത്തുന്നു.

**250** അടിസ്ഥാന സൗകര്യ പദ്ധതികൾ 2024 ലും 2025 ലും ബിആർഒ രാഷ്ട്രത്തിന് സമർപ്പിച്ചു.



'രാഷ്ട്രം ആദ്യം' എന്നതാണ് നമ്മുടെ പ്രതിജ്ഞ. രാഷ്ട്രം അതിന്റെ അതിർത്തികളിൽ നിന്നാണ് ആരംഭിക്കുന്നത്. അതിനാൽ, അതിർത്തികളിലെ അടിസ്ഥാന സൗകര്യ വികസനം രാജ്യത്തിന്റെ പ്രധാന മുൻഗണനകളിൽ ഒന്നാണ്. ഈ ഉദ്യമത്തിന്റെ ഭാഗമായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ തുരങ്കങ്ങളുടെ നിർമ്മാണം പൂർത്തിയാക്കാൻ ബോർഡർ റോഡ്സ് ഓർഗനൈസേഷൻ (ബിആർഒ) ദ്രുതഗതിയിൽ പ്രവർത്തിക്കുന്നു.- *നരേന്ദ്ര മോദി, പ്രധാനമന്ത്രി*


ന്യൂ ഇന്ത്യ **സമാചാർ** ദ്വൈവാരിക

**RNI NO.: DELENG/2020/78811 MAY 1-15, 2026**

RNI Registered No DELENG/2020/78811 (Publishing Date: April 20,2026 Pages: 58)

**EDITOR IN CHIEF**
**Dhirendra Ojha**
Principal Director General
Press Information Bureau, New Delhi

**PUBLISHED:**
**Kanchan Prasad**
Director General, on behalf of
Central Bureau Of Communication

**PUBLISHED FROM:**
Room No–278, Central Bureau Of Communication, 2nd Floor, Soochna Bhawan, New Delhi -110003